Reg. No. M. 453. T. 41. License No. 33. Dated 18th June 1926.

# ഭാഷാപോഷിണി

## ചിത്രമാസിക.

K. J. Sebastian. Sahradaya. Reading Room.

"വിദ്യാധനം സർവ്വധനാൽ പ്രധാനം"




"ദുഷ്മൻ" എന്ന ഹിന്ദി ചലച്ചിത്രത്തിലെ ഒരു രംഗം

(കണ്ണൻബാലയും സൈഗാളും)

Price As 2. | THE BHASHA POSHINI ILLUSTRATED MONTHLY. | വില 2 ണ.

VOL. 45. | THIRUVALLA—KUMBHAM 1116. | NO. 7.

Office—The Bhagyodayam Press Buildings, Pulikeezh.

ഒററപ്രതി വില രണ്ടണ

വരിസംഖ്യ



ആണ്ടിൽ അഞ്ചലിൽ ഒന്നരരൂപാ, തപാലിൽ രണ്ടുരൂപാ.

# വിഷയവിവരം.


പേജ്

1. ഇന്നത്തെ ലോകം (കവിത) വിദ്വാൻ ററി. സി. യോഹന്നാൻ 3
2. പ്രാചീനഗദ്യസാഹിത്യം—സാഹിത്യകുശലൻ ടി. കെ. കൃഷ്ണമേനോൻ ബി. എ. എം. ആർ. ഏ എസ്സ് 4
3. പത്രപ്രവർത്തനം—കെ. വി. മേനോൻ, പബ്ലിസിററി ഓഫീസർ കൊച്ചി. 5
4. കിനാവിൽ (കവിത) വിദ്വാൻ ററി. ജി. യോഹന്നാൻ 6
5. കഥകൾ എങ്ങനെ ഹൃദയത്തെ സ്പർശിക്കുന്നു—പ്രൊഫസർ പി. ശങ്കരൻനമ്പ്യാർ എം. എ. 7
6. നന്ദിനി (ലഘുകാവ്യം) വെട്ടൂർ എസ്സ്. രാമൻനായർ 8
7. മകൾ (ചെറുകഥ) പി. സി. കോരുത്. 9
8. സ്നേഹിതന്മാർ—ജി. ഗോപാലപിള്ള ബി. എ. എൽ. ററി. 12
9. അതുതാൻ സൗഭാഗ്യപ്രദം (കവിത) കിടാരക്കുഴി വി. എസ്സ്. രാജാ. 13
10. സ്ത്രീകളുടെ കർത്തവ്യം കുണ്ടറ, പി. കെ. കോശി 14
11. നിരൂപകരും നിർമ്മാണകരും—സംസ്കൃതവിദ്വാൻ എം. സി. നായർ. 15
12. പിച്ചക്കാരി (കവിത) സി. ഏ. മറിയാമ്മ, പുതുപ്പള്ളി 15
13. ദ്രാവിഡദേശത്തിലെ പ്രാചീനവിദ്യാഭ്യാസകേന്ദ്രങ്ങൾ—വള്ളംകുളം എൻ. കൊച്ചുകുഞ്ഞുപണിക്കർ
14. ഡാക്ടർസാക്ഷി (ചെറുകഥ) ഉമ്മൻ വറുഗീസ് നെട്ടടിയിൽ 18
15. ജീവൽസാഹിത്യകൃതികൾ—ഫിലാററലിസ്റ്റ് കെ. പത്മനാഭൻ 20
16. അസൂയയും കണ്ണുകടിയും (ഹാസ്യലേഖനം) വിദ്വാൻ ചെന്നിത്തല കെ. കൃഷ്ണയ്യൻ 21
17. ദൈവലോകത്തിൽ (കവിത) കിളിമാന്നൂർ എൻ. കേശവൻ 22
18. നേരമ്പോക്കുകൾ 24
19. ദരിദ്രൻെറ ഭാണ്ഡം (ചെറുകഥ) കെ. വി. കുര്യാക്കോസ് പിറവം 25
20. അപേക്ഷ! (കവിത) എൻ. ജി. നായർ, ഇടപ്പള്ളി 26
21 പരസ്യങ്ങൾ.



## വനിതാരത്നം

മാർച്ച് ലക്കം പ്രസിദ്ധപ്പെടുത്തി

സിനിമാലോകത്തിലെ ചില യാദൃശ്ചികസംഭവങ്ങൾ, ഫിലിമുകൾ തെറ്റിവിറയ്ക്കുന്നതെന്തുകൊണ്ട്? ചൈനയിലെ ചലച്ചിത്രവ്യവസായം, ഹോളിവുഡിലെ അമ്മമാർ, ചലച്ചിത്രത്തിലെ സംഗീതം, സിനിമായും കേരളീയരുടെ സദാചാരബോധവും, പിച്ചക്കാരി (ചെറുകഥ) ചലച്ചിത്രലോകം ആദിയായി വിജ്ഞാനപ്രദങ്ങളും രസകരങ്ങളുമായ ഒട്ടു വളരെ ലേഖനങ്ങളും മനോഹര ചിത്രങ്ങളും ഈ ലക്കത്തിൽ അടങ്ങിയിരിക്കുന്നു.

ഒററപ്രതി ഒരു ചക്രം. 50-ന ഒരു രൂപാ.

—എല്ലാം സ്ഥലത്തും ഏജൻറന്മാരെ ആവശ്യമുണ്ട്.

മാനേജർ,

രത്നം,

പുളിക്കീഴ്---തിരുവല്ലാ.

Sahrudhaya Reading Room


# ഭാഷാപോഷിണി

## ചിത്രമാസിക.

പുസ്തകം 45. | 1116 കുംഭം. | ലക്കം 7.


# ഇന്നത്തെ ലോകം.

(വിദ്വാൻ ടി. സി. യോഹന്നാൻ)

പ്രാത്തലം ക്രൂരരംഗമാക്കിക്കഴിഞ്ഞിതാ
ചീർത്തലം ഘോരയാമാർത്തിയും ദാരുണം.
അക്കൊട്ടും കൃത്യതൻ ഗർജ്ജനാരാവമ-
ത്യുൽക്കരക്രൂരമിരമ്പുന്ന ചൂഴവും.
ശ്രോത്രഭേദ്യോൽക്കടമപ്പട്ട നിസ്വനം
പേർത്തും ത്രസിപ്പിപ്പു മന്നിന്റെ ഹൃത്തടം
എങ്കിലും ലോകമച്ചേട്ടയെസ്സന്തതം
ശങ്കവിട്ടന്തരംഗത്തിൽ വരിക്കയാം.
തൻപ്രാണവായുവാലഗ്ഘോരമൂർത്തിയെ-
ത്തർപ്പണം ചെയ്കയാം മർത്ത്യകർത്തവ്യവും
അത്ഭുതം തൃഷ്ണതൻ വൈഭവമാരെയും
ചൊൽപ്പടിക്കിപ്പൊഴും ശിങ്കുതുള്ളിക്കുവാൻ
മാരണോപത്യമേതാമിസ്രദൗത്യമേ
നാരകചൈത്യസ്ഥഭൈരവദേവതേ
ആരമ്യപാവനമാകുമിപ്പാരിലേ-
ക്കാരയച്ചെത്തിനീ നിസ്തൂപം ഭീകരേ
തല്ലിച്ചുമർത്ത്യരെത്തങ്ങളിൽത്തങ്ങളിൽ-
കൊല്ലിച്ചുതന്നെയോ തൃപ്തിപൂണുന്നു നീ.
നിൻപ്രീതിനേടുവോന്നേതുതാനാകിലും
സമ്പ്രതിയെന്തവസ്ഥാന്തരം പൂകിടാ.
പാഴ്ക്കരിക്കട്ടയുൾവൈരമായ്ത്തീരണം
നായ്ക്കുണയ്ക്കോക്ഷണമിക്ഷുദണ്ഡാകണം.
മിന്നാമിനുങ്ങിന്നുമിന്നായി മാറണം
മിന്നണം മീനിന്നു തിങ്കളായും ക്ഷണം.
പൂഴിപ്പരപ്പിന്നു പൂമ്പൊടിയാകണ-
മൂഴിക്കയന്റടന്നമ്പർനാടാകണം.
അഢ്യനായീടണമന്ത്യജന്നപ്പൊഴേ-
ക്കാഢ്യനുഭൂപനായ്ത്തീരണം സത്വരം
ഭൂപനുസാമ്രാട്പദത്തിങ്കലെത്തണം
ഭൂതലം കീഴ്മേലമ്മാനമാടണം.
ഇമ്മട്ടനശ്യോഗ്രവ്യഗ്രതമല്ലിയി-
ന്നിമ്മന്നിലെങ്ങും മുതിരുന്നനാരതം
ഈദൃശപ്രതീകാശനീലോകമങ്കയ്ക്കു-
മീശനെന്നൊക്കെയും ഖ്യാതനാം മാനവൻ
താവകവേഴ്ചയാലെന്തുമാത്രം ധ്രുവം
താഴോട്ടുപോയീല ഹാ! ഹാ! ഭയംകരം!!
കൂടെപ്പിറപ്പിൻ ചുടുജീവരക്തവും
കൂടെക്കുടിക്കാത്തടങ്ങാത്തദാഹവും
കാണുന്നതൊക്കെയും കൈവശമാകിലും
കാണിയുംതീരാതെഴുന്നുന്നമോഹവും
മർത്ത്യലോകത്തിനെ[illegible]ലോകത്തിലു-
മെത്രതാൻതാഴോട്ടമഴ്ത്തീലദൈവമേ
ബുദ്ധിതാൻ ബുദ്ധിഹാ!മർത്ത്യനുകൈവന്ന
വർദ്ധിതസിദ്ധിയാം സ്വർഗ്ഗീയസമ്പദം
ആ ദിവ്യശക്തിയും സന്തതമാസുര
ഭൂതിപ്രദാത്രിയായ് തീർന്നിതുകഷ്ടമേ!
മർത്ത്യമസ്തിഷ്കമേ മേൽക്കുമേലെത്രവൻ
കൃത്യകർമ്മനിന്നിൽ നിന്നുത്ഭവിപ്പീലയേ!
ഭൂമുഖം മാത്രമല്ലാഴിയുമവ്വിധം
വ്യോമവുമന്തരാളങ്ങളുമെപ്പൊഴും
നാരകനാശകസൂത്രസങ്കീർണ്ണമായ്
ഭൈരവമായിച്ചമഞ്ഞു നീ മൂലമായ്
വേലാവിലംഘിയാം താപം പുലർത്തിടും
ഹാലാഹലാമയജ്വാലാകലാപവും
കാരുരുക്കുണ്ടുകളുഗ്രം വമിക്കുന്ന
ഘോരഘോരങ്ങളാം പീരങ്കിജാലവും
സത്വരം സർവ്വവും ഭസ്മീകരിക്കുവാൻ
ശക്തമാം വൈദ്യുതശസ്ത്രസമൂഹവും
എന്നല്ലഷെല്ലുകൾമൈനുകൾബോംബുക-
ളെന്നുള്ളരൗരവാംഗാരസത്വങ്ങളും
മർത്ത്യനിൻബുദ്ധിയിൽ കോടിക്കണക്കിനു
വർദ്ധിതാടോപം ജനിക്കയാം സന്തതം
ശാസ്ത്രം ജഗൽപുരോയാനത്തിനെത്രയും
ചിത്രമാംഘണ്ടാപഥങ്ങൾനിർമ്മിച്ചുപോൽ
ശാസ്ത്രംമനുഷ്യന്നുനാകസൗഖ്യാമൃതം
നിസ്തുലംഭൂവിലുംപൂണുമാറാക്കിപോൽ
ശാസ്ത്രംമനുഷ്യന്നുസ്വൈരപോൽ പ്രാകൃത
ശക്തികൾസ്വായത്തമാകുമാറാക്കിപോൽ
മൂക[illegible]ങ്ങൾതൻചെഞ്ചോരചിന്നിയീ
ലോകം കുരുതിക്കൊട്ടും കളമാക്കുവാൻ
ഭീരുവായെങ്ങോപതുങ്ങിക്കിടന്നുകൊ-
ണ്ടാരുടെ ജീവനും പെട്ടെന്നൊടുക്കുവാൻ
ആയിരമായിരമാഗ്നേയശസ്ത്രകം
പായിച്ചുചൂഴവും തീപ്പുഴ തീർക്കുവാൻ
പാടവംപാപപ്പുള്ളുകൾക്കു ചേർത്തിടും
പാതാളവേതാളമല്ലിനീ ശാസ്ത്രമേ
ഘോരവിനാശകപൈശാചഭൂതിക-
ളാരാൽ സവിക്കുന്ന കൃത്യതാനല്ലിനീ
മുമ്പോട്ടുമുമ്പോട്ടു ശാസ്ത്രം ഗമിച്ചുഹാ!
പിമ്പോട്ടുപിമ്പോട്ടു മാനവലോകവും
വഹ്നിയും വാതവുമെന്നപോലൂറ്റമാ-
യൊന്നിച്ചുമേളിച്ചുബുദ്ധിയുംതൃഷ്ണയും
കേവലം [illegible]രാതനൈഷ്ഠുര്യമെത്രതാൻ
കൈവളർത്തീല ഹാ ഭുവിങ്കലന്വഹം.
സംസ്കാരസമ്പന്നനിന്നത്തെമാനവൻ
ശാസ്ത്രാർത്ഥകോവിദനല്പണബുദ്ധിമാൻ.
എന്നാലുമേതും പരിഷ്കാരവേഴ്ചയു-
മെന്നിയേ കേവലം മൂഢനായ് മാനവൻ
വാണനാളെങ്ങും നിരക്കെപ്പുലർന്നതാം
ചേണെഴും സൗഭിക്ഷ്യവാസ്തും പ്രശാന്തിയും
എങ്ങുവാനെങ്ങുവാനിന്നു പാർത്തീടുകിൽ
എങ്ങുമനന്തസന്താപവും ക്ഷോഭവും
അന്നുനൈർമ്മല്യകല്യാണകല്ലോലിനി.
ഇന്നുമാലിന്യകരാള കാകോളിനി
അന്നുസംതൃപ്തിതൻ നർത്തനമണ്ഡപം
ഇന്നവൻ തൃഷ്ണതൻ കൂത്തടിപ്പോക്കളം
അന്നുമനോഹരപ്രേമമണി സ്വനം
ഇന്നുസംത്രാസകവിദ്വേഷഗർജ്ജനം.
ചിത്തസംപോഷണം വിസ്മരിച്ചെപ്പൊഴും
ബുദ്ധിയെപ്പോററിപ്പുലർത്തുന്നമാനവൻ
ഓരുന്നതില്ലതാൻ ചൂഴവും ചീർത്തെഴും
ഭൈരവയാതനചേർപ്പതാം നിത്യവും.

# പ്രാചീന ഗദ്യസാഹിത്യം.

## ചില മാതൃകകൾ

(സാഹിത്യകുശലൻ ടി. കെ. കൃഷ്ണമേനോൻ ബി. എ. എം. ആർ. ഏ. എസ്സ്)

പദ്യസാഹിത്യത്തിൻെറ നാനാമുഖങ്ങളെക്കുറിച്ചു വിമർശിക്കുന്ന പല ശാസ്ത്രഗ്രന്ഥങ്ങളും ഉണ്ടു്. എന്നാൽ "സാഹിത്യസാഹ്യ"ത്തെ ഒഴിച്ചു ഗദ്യസാഹിത്യശാസ്ത്രത്തെ സ്പർശിക്കുന്ന മറെറാരു ഭാഷാഗ്രന്ഥവും ഞാൻ കണ്ടതായി ഓക്കുന്നില്ല. "സാഹിത്യസാഹ്യം" പണ്ഡിതന്മാരും ഉപരിപഠനത്തിൽ ഉൽസുകരായുള്ള വിദ്യാത്ഥികളും പഠിച്ചറിയേണ്ടതായൊരു പ്രൌഢകൃതിയാണു്. ഗദ്യസാഹിത്യത്തിൽ നിത്യനിദാനം കൈകാര്യം ചെയ്‌വാൻനിർബ്ബന്ധിതരായിതീന്നിട്ടുള്ളസാധാരണജനങ്ങൾക്കു വായിച്ചുമനസ്സിലാക്കുവാൻ തക്കവിധംഎളുപ്പമായൊരു ചെറിയ പുസ്തകം പ്രസിദ്ധപ്പെടുത്തി പ്രചരിപ്പിക്കേണ്ട കാലം അതിക്രമിച്ചിരിക്കുന്നു.

മനുഷ്യരുടെ വിചാരങ്ങളെ അന്യോന്യം അറിയിക്കുന്നതിനു അവരുടെ പ്രധാനമായ ഉപകരണം ഗദ്യമാണല്ലൊ. പണ്ടു കേരളത്തിൽ, സകല എഴുത്തുകുത്തുകളും മലയാളത്തിലായിരുന്നു. റസിഡണ്ടും ഗവണ്ണരും ഗവർണർ ജനറാലും കൂടി കേരളക്കരയിലെ രാജാക്കന്മാക്കു നമ്മുടെ ഭാഷയിലായിരുന്നു എഴുതിയിരുന്നതു്. അങ്ങോട്ടുമിങ്ങോട്ടും നേരിട്ടെഴുതിയിരുന്ന സന്ദേശങ്ങൾ ഇങ്ങിനെ തുടങ്ങിയിരുന്നു:—

"ശ്രീമതു സകലഗുണസമ്പന്നരാന സകല ധമ്മ പ്രതിപാലകരാന മഹാമേരുധീരസമാനരാന മിത്രജനമനോരഞ്ജിതരാന അഖണ്ഡിത ലക്ഷ്മീപ്രസന്നരാന മഹാരാജമാന്യ രാജശ്രീ" ഇന്നാൾക്കു്—

ആർഭാടത്തോടുകൂടിയ ഈ തോടയം പുറപ്പാടു കഴിഞ്ഞാൽ പിന്നെ നല്ല ഭാഷയിലായിരിക്കും കാൎയ്യഭാഗമായ പതിഞ്ഞാട്ടം നടത്തുക. രാജാക്കന്മാർ തമ്മിലും അവർ കമ്പനിമാരുമായും "അന്യോന്യം എഴുതിപ്പിടിച്ചിരുന്നതും മലയാളത്തിൽ തന്നെയായിരുന്നു.

രാജാക്കന്മാർ അവരുടെ കീഴിലുള്ള പ്രഭുക്കന്മാക്കും മററും സ്ഥാനങ്ങളും അവകാശങ്ങളും "സന്തതി പരമ്പരയായി" "ആചന്ദ്രാക്കം" അനുഭവിപ്പാൻ തക്കവണ്ണം കൊടുത്തുപോന്ന അവകാശപത്രങ്ങളും "പട്ടോല മേനവന്മാർ" മലയാളത്തിലായിരുന്നു എഴുതിയിരുന്നതു് എന്നു പറയേണ്ടതില്ലല്ലൊ. അവയുടെ ഒരു പ്രതിഛായയെ ഇവിടെ പകത്തിക്കാണിക്കാം.

"നമ്മുടെ ഇരവി ചീരുകണ്ടനെന്നാൽ (ഇന്നു) നാലതിത്തിക്കുള്ളിൽ പെട്ട ദേശവും ദേശാധിപത്യവും അമ്പലപ്പടി ഊരായ്മയും ചക്കമുക്കാലുവട്ടവും കുത്തുവിളക്കും പടിപ്പുരയും കളിപ്പുരയും പട്ടും കുറിയും തളയും രണ്ടു കൈക്കും വളയും മേലാപ്പും തിരിയും കൊട്ടും കുരയും തണ്ടും അന്ദോളവും അയ്മൂല മുമ്മൂല ചെങ്കൊപ്പും, കുറവും വാലും തോലും ശിക്ഷാ രക്ഷയും നടന്നനുഭവിച്ചു ചുങ്കത്തിലെ കണക്കെഴുതിച്ചു ബോധിപ്പിച്ചു കൊള്ളുകയും വേണം."

ഇതിലും വളരെ പഴക്കമുള്ളവ ഠാണു് ഭാസ്കരരവിവമ്മൻെറയും വീരരാഘവചക്രവത്തിയുടേയും താമ്രശാസനങ്ങൾ. ഇവ യഥാക്രമം ഉദ്ദേശം—900 വും 600-ം സംവത്സരങ്ങൾക്കു് മുമ്പുള്ളവയാകുന്നു. രണ്ടിൽനിന്നും അല്പം ഇവിടെ എടുത്തു പ്രസ്താവിച്ചുകൊള്ളുന്നു.

"കൊകൊൻ മൈകൊണ്ടാൻ കൊശ്രീ പാക്കരൻ ഇരവി വൻമര് തിരുവടി പല നൂറായിരത്താണ്ടും ചെങ്കോൽ നടത്തിയാളാ നിൻറയാൺടു ഇരണ്ടാമാണ്ടെക്കെതിരു് മുപ്പത്താറാമാണ്ടു് മുയിരിക്കൊടു ഇരുന്നരുളിയ നാൾ വിരസാദിച്ചരുളിയ വിരസാതമാവിതു്."

"ശ്രീ പൂപാലന നരപതി വീരകേരള ശക്രവത്തി ആദിയായി മുറമുറെയെ പല നൂറായിരത്താൺടു ശങ്ങ്കൊൽ നടത്തായി നിൻറു ശ്രീ വീരരാഘവശക്രവത്തിക്കു തിരുവിരാച്യമ ചെല്ലായി നിൻറ മകരത്തിൽ വിയാഴമ മീനഞായറ ഇരുപത്തൊൻറു ചെൻറ ചതിരൊഹിണി നാൾ പെരുങ്ങ കൊയിലകത്തിരുന്നരുളെ." ഇവയിലെ ഭാഷാരീതിയെപ്പററി ച്ച് ചെയ്‌വാൻ തൽക്കാലം തുനിയുന്നില്ല.

പണ്ടു കോടതി കച്ചേരികളിൽ മലയാളഭാഷയേ പാടുള്ളു എന്ന നിർബന്ധം തന്നെ ഉണ്ടായിരുന്നു. അന്യായങ്ങളും പത്രികകളും ബോധിപ്പിച്ചിരുന്നതും വാദമുഖങ്ങൾ നിർണ്ണയിച്ചിരുന്നതും വിധി ന്യായങ്ങൾ എഴുതിയിരുന്നതും എല്ലാം മലയാളത്തിലായിരുന്നു. ഇന്നും വിധി ഇംഗ്ലീഷിലായിട്ടില്ലെന്നുള്ള സമാധാനമുണ്ടു്. കൊച്ചിയിൽ ശങ്കുണ്ണിമേനവൻ ദിവാൻജിയുടെ കാലത്തു്, പ്രസിദ്ധനായൊരു ബാരിസ്റ്റർക്കു്, മലയാളം അറിഞ്ഞുകൂടെന്നുള്ള കാരണത്തിന്മേൽ സന്നതു കൊടുക്കാതിരുന്നിട്ടുണ്ടു്.

പഴയ കാലത്തെ വാചകരീതിയിൽ വലിയ വ്യത്യാസങ്ങൾ വന്നിട്ടുണ്ടെങ്കിലും, ഇന്നും കേരളത്തിൽ നാട്ടുരുടെ ഇടയിൽ ആധാരങ്ങൾ മലയാളത്തിൽ തന്നെ എഴുതി വരുന്നുണ്ടെന്നുള്ളതു് നമുക്കൊരു ആശ്വാസഹേതുവാണു്. അററകരണവും അട്ടിപ്പേറോലയും തീറായി പരിണമിച്ചതുപോലെ, വാചകരീതിയിലും വലിയ വ്യത്യാസങ്ങൾ ഉണ്ടായിട്ടുണ്ടു്.

പഴയ ഗദ്യത്തിൻെറ മാതിരി കാണിക്കുവാൻ മററു ചില ഉദാഹരണങ്ങളും ഇവിടെ എടുത്തു കാണിക്കുന്നതു് അവസരോചിതവും അത്യാവശ്യവും ആകുന്നു.

"ഉപനയത്തുങ്കൽ യാവച്ചിലക്കു കമ്മങ്ങൾ വിശേഷിച്ചു വിധിച്ചതു് അതവാററിന്നു് അന്യഥാത്വം ഭവിക്കിൽ ഉപനയനമാവർത്തിക്കണം, എന്നു സാമാന്യേന പറയുന്നു മിക്കവാറും അതിൽ ഭേദമുള്ളതിനെ പറയുന്നു. വൈശ്വാമിത്ര എന്നു താൻ അധിഹിദോഃ എന്നു താൻ അഗ്നിഗന്തരധി എന്നു താൻ ഉള്ള പ്രൈഷം ചൊല്ലാതെ ഗായത്ര്യുപദേശം ചെയ്തു എങ്കിൽ, ഗായത്രിയാവർത്തിക്കേണ്ടു. ഗുണലോപം വന്നാൽ പ്രാധാനമാവർത്തിക്കേണ്ടു, എന്നിട്ടു വ്യാഹൃതി പ്രായശ്ചിത്തമെതി. ഉടനെ തന്നെയറികിലാവത്തിക്കില്ലുമാം. ബ്രഹ്മചാൎയ്യനി എന്ന പ്രൈഷം—ചൊല്ലായ്കിലാവത്തിക്കണം. അതു പ്രധാനമാകകൊണ്ടു ഗായത്ര്യദ്ധ്യയനം പ്രണവവ്യാഹൃതി കൂടെ വേണ്ടവക്കു കൂടായ്കിലും വേണ്ടാത്തവക്കു കൂടിച്ചൊല്ലുകിലുമാവത്തിക്കണം."

വാക്പടുവായ സാഹിത്യകാരൻെറ മിടുക്കു കാണിപ്പാൻ "സുന്ദരകാണ്ഡം തമിഴി"ൽ നിന്നു മറെറാരു ഭാഗം എടുത്തു നോക്കാം.

"അരുളിച്ചെയ്താൻ സീതാദേവി അത എന്തൊന്നു ഹനുമാനെ എനിക്കു തന്നൂട്ടത എന്നരുളിച്ചെയ്താൾ സീതാദേവി വാതാത്മജനാൽ വന്ദിച്ചുകൊടുക്കപ്പെട്ട അംഗുലീയകത്തെക്കണ്ടു പ്രസന്നഹൃദയയായി, എങ്ങനെ ഇതല്ലൊ ഖരവധമുദിതമാകിനമുനി ജനത്താൽ കൊടുക്കപ്പെട്ടു.കുമാരനാൽ ആനീതമായി ആശ്ചര്യമാകിന അംഗുലീയമെ ഇത എന്നരുളിച്ചെയ്താൾ സീതാദേവി ഉണർത്തിനാൻ ശ്രീ ഹനുമാൻ എങ്ങനെ ഇവ ഇല്ലൊ ദേവി അംഗുലീയകത്തെത്തിരുമുമ്പിൽ അർപ്പിക്കുന്നോൾ പിന്നെത്തിരുമുഖത്തിലർപ്പിക്കുന്നോൾ; പിന്നെക്കു ചത്തടത്തിങ്കൽ വെച്ചു ഗാഢഗാഢമാകും വണ്ണം ആശ്ലേഷിക്കുന്നോൾ; കരാംഗുലി പല്ലവങ്ങളിൽ പ്രത്യേകം അർപ്പിക്കുമ്പോൾ; ധ്യാനപരവശയായി കരുണാർദ്രയായി നിശ്ചലയായി നോക്കുന്നാവൾ എന്നുണർത്തിനാൻ ശ്രീ ഹനുമാൻ."

ഇതിന് (ഇവയ്ക്ക്) അഞ്ഞൂറുകൊല്ലത്തെ പഴക്കമുണ്ടെന്നു കാണിച്ചിരിക്കുന്നു. പകർപ്പിൽ "നമ്പ്യാരുടെ തമിഴ്" എന്നെഴുതിക്കാണുന്നു. മറെറാരു ഭാഗത്ത് "സുന്ദരകാണ്ഡം തമിഴെ"ന്നുമുണ്ട്.പാഠകം പറയുവാനൊ ഓലപ്പാക്രുത്തിനൊ തീർത്താകയാലായിരിക്കും ഒരു സമയം ഈ പേർ കൊടുത്തിട്ടുള്ളത്.

"അശോകവനികാങ്കപ്രയോഗം ഭാഷ" എന്നതിൽ നിന്നുള്ള ഒരു അവതരണത്തോടുകൂടി ഈ ഭാഗം അവസാനിപ്പിക്കാം.

"അശോകവനികാങ്കം പുറപ്പാടിന്നു അഷ്ടമംഗല്ല്യവും വച്ച് മിഴാവ ഒച്ചപ്പെടുത്തി ഗോഷ്ഠികൊട്ടി അരങ്ങു തളിച്ചു യവനിക പിടിച്ചു മറയിൽ നടയാടി മുടിച്ചു കളിയം വെച്ചു തിരഞ്ഞവർ വിളക്കത്ത താണുനിന്നു വഷ്ഷവരന്റെ തലയിൽ കയ്യു രണ്ടും വെച്ചു മൂഢന്റെ സ്ഥായിയിൽ യവനിക നീക്കിയാൽ ഗ്വഗ്വാ എന്നു ചൊല്ലുതും ചെയ്ത് കൊറഞ്ഞൊന്നു നിന്നു ഒരം കൊണ്ടു് വിലക്കി ചിന്താമന്തര ചിന്തനീയ എന്ന ശ്ലോകം പാടിപ്പൂ. ചിന്താമന്തഃ എന്നുള്ളതിനു ദൃഷ്ടികൊണ്ടു വിചാരിക്കണം.ധത്തേസ്സ്വജത്യായ താൻ നിശ്വാസാൻ എന്നുള്ളതിനു ദീർഘശ്വാസം കളയണം.

എങ്കിലോ പണ്ടു പുലസ്ത്യവംശസംഭൂതനായിരിക്കുന്ന രാവണൻ ലങ്കയിൽ സ്വൈരമാകും വണ്ണം അധിവസിക്കുന്ന കാലത്ത് ഒരു ദിവസം രാക്ഷസപ്പടയോടും കൂടെ നാഗയുദ്ധത്തിനായിക്കൊണ്ടു പുറപ്പെട്ടു പാതാളത്തിങ്കൽ ചെന്നുനാഗത്താന്മാരുമായിട്ടു യുദ്ധം ചെയ്യുന്ന കാലത്തിങ്കൽ ശൂർപ്പണഖെടെ ഭർത്താവായിരിക്കുന്ന വിദ്യുജ്ജിഹ്വനെ അറിയാതെ നിഗ്രഹിക്ക ഹേതുവായിട്ടു ദുഃഖിതയായി പുരോഭാഗത്തിങ്കൽ പതിതയായിരിക്കുന്ന ശൂർപ്പണഖെടെ വാക്കുകളെ കേൾക്ക ഹേതുവായിട്ടു അല്ലെ ശൂർപ്പണഖെ നിണക്കു ത്രൈലോക്യത്തിങ്കൽ ഏതൊരു പുരുഷനെ ആണ് ആഗ്രഹം അവനെ ഭർത്താവായി വരിച്ചുകൊണ്ടാലും."

ഇത്ര അധികം ഉദാഹരണങ്ങൾ കൊടുത്തതിനു പ്രത്യേകം ചില കാരണങ്ങൾ ഉണ്ടു്. ഗദ്യസാഹിത്യം അടുത്ത കാലത്തുണ്ടായതാണെന്നൊരു പക്ഷക്കാരുണ്ടു്. പദദൌർല്ലഭ്യം ഹേതുവായിട്ടു മനുഷ്യരുടെ ചിത്തവൃത്തികളെ വാങ്മൂലമായി പുറത്തു പ്രകാശിപ്പിക്കുവാൻ നമ്മുടെ ഭാഷയ്ക്കു സാധിക്കുകയില്ല എന്നാകുന്നു മറെറാരു കൂറുകാരുടെ തോററം. ഇതുരണ്ടും ശരിയല്ലെന്നു അനുമാനിക്കുവാൻ ഈ ഉദാഹരണങ്ങൾ സഹായമാകുമെങ്കിൽ, എന്റെ ശ്രമം ഫലിച്ചതായി ഞാൻ അഭിമാനിച്ചുകൊള്ളാം.

# പത്രപ്രവൎത്തനം.

## ഇക്കാലത്തു വന്നിട്ടുള്ള പരിഷ്കാര പരിവൎത്തങ്ങൾ.

(കെ. വി. മേനോൻ, പബ്ളിസിററി ഓഫീസർ, കൊച്ചി)

പുരാതനവും ആധുനികവുമായ പത്രപ്രവൎത്തനം തമ്മിലുള്ള അന്തരം വളരെയാണു്. പത്രത്തിന്റെ സംവിധാനം, ഉള്ളടക്കം എന്നി കാര്യങ്ങളിലാണു് ഈ അന്തരം ദൃശ്യമാകുന്നതു്. ശരിയായ അച്ചടിസാമഗ്രികളുടെ അഭാവം മൂലമായിരുന്നു പണ്ടത്തെ പത്രങ്ങൾ അനാകൎഷകങ്ങളായി പ്രത്യക്ഷപ്പെട്ടിരുന്നതു്. എന്നാൽ ഇന്നാകട്ടെ അച്ചടിയന്ത്രങ്ങൾക്കും മററും വന്നിട്ടുള്ള അത്ഭുതാവഹമായ പുരോഗതി മൂലം സ്ഥിതി മാറിയിരിക്കുന്നു. പണ്ടത്തെ പത്രങ്ങളിൽ വാൎത്തകൾ കുറവായിരുന്നു. അഭിപ്രായങ്ങളും വിമൎശനങ്ങളുമായിരുന്നു അധികവും. പ്രജായത്തഭരണത്തിന്റെ വികാസത്തോടുകൂടിയാണു പത്രങ്ങൾ ജനസമ്മതങ്ങളായി ഭവിച്ചതു്. പണ്ടു് പത്രം നടത്തിയിരുന്നതു പൊതുജനസേവനൌൽസുക്യം മൂലം ഇതിൽ വന്നു ചാടിയവരായിരുന്നു. അവർ ഒരിക്കലും സ്വാൎത്ഥപരന്മാരായിരുന്നില്ല.

ഇന്നത്തെ പത്രങ്ങളിലെ പ്രധാന ഇനങ്ങൾ വാൎത്തകളാണു്. അസാധാരണമായിട്ടുള്ളതെല്ലാം തന്നെ വാൎത്തകളായിട്ടുണ്ടു്. വാർത്തകളുടെ പ്രസിദ്ധീകരണത്തിലാണു് പത്രങ്ങൾ തമ്മിൽ ഇപ്പോൾ മത്സരിക്കുന്നതു്. വാർത്തകൾ ആകൎഷകങ്ങളായ തലക്കെട്ടുകളും മററും കൊടുത്തു പ്രസിദ്ധപ്പെടുത്തുന്നതിൽ വലിയ ശ്രദ്ധ ഇപ്പോൾ ചെലുത്തുന്നുണ്ടു്.

വാർത്ത കഴിഞ്ഞാൽ പ്രാധാന്യം അൎഹിക്കുന്നതു വിദഗ്ദ്ധന്മാർ എഴുതുന്ന പ്രത്യേക ലേഖനങ്ങളാണു്. അന്നന്നത്തെ വാർത്തകളുടെ പശ്ചാത്തലമായി ഭവിച്ചു അവയെ കൂടുതൽ വിശദമാക്കുകയാണു് ഈ പ്രത്യേക ലേഖനങ്ങൾ ചെയ്യുക. പണ്ടു് ഒരു പത്രത്തിലെ വിവിധ വിഷയങ്ങളുടെയും ചുമതലകൾ വഹിച്ചിരുന്നതു് പത്രാധിപർ തന്നെയാണു്. എന്നാൽ ഈ വിഷയങ്ങളുടെ വൎദ്ധനമൂലം പ്രത്യേക ലേഖനകർത്താക്കൾ എന്നൊരു വകക്കാർ ഉണ്ടായിട്ടുണ്ടു്.

പണ്ടത്തെ മുഖപ്രസംഗങ്ങൾ, എഴുത്തുകാരന്റെ പാണ്ഡിത്യവും രചനാസാഹിത്യവും കാണിക്കുന്നതിനല്ലാതെ വ്യക്തമായ അഭിപ്രായപ്രകടനത്തിനു പ്രയോജകീഭവിച്ചിരുന്നില്ല. എന്നാൽ ഇന്നാകട്ടെ സമയത്തോടു മല്ലിട്ടുകൊണ്ടാണു് മുഖപ്രസംഗകർത്താവു നൂറായിരം കൂട്ടം ജോലികളുടെ ഇടയിൽ പറയാനുള്ള കാൎയ്യം ചുരുക്കിയും കാൎയ്യമാത്രപ്രസക്തമായും വിവരിക്കുന്നതു്. വാർത്താചിത്രങ്ങളും, ഹാസ്യചിത്രങ്ങളുമാണു് പത്രത്തിലെ

മറെറാരു പ്രധാന ഇനം. ചിത്രങ്ങളുടെ പ്രസിദ്ധീകരണം മൂലം വായനക്കാരികൾ വർദ്ധിച്ചു. പരസ്യക്കാൎക്കു വേണ്ടതും ഇതാണു്. അതിനാൽ ചിത്രങ്ങളുള്ള പത്രങ്ങളിൽ പരസ്യങ്ങൾ വൎദ്ധിച്ചു. ഇപ്പോൾ ചിത്രങ്ങൾ സ്ഥിരമായ ഒരു ഇനമായി ഭവിച്ചിരിക്കുന്നു. ഇതെല്ലാം കൂടി പത്രങ്ങളുടെ പ്രചാരവും തദ്വാരാ പരസ്യക്കൂലി ഇനത്തിലുള്ള വരവും വൎദ്ധിച്ചു.

ശാസ്ത്രത്തിന്റെ വികാസം പത്രപ്രവർത്തനത്തെ വളരെ സഹായിച്ചിട്ടുണ്ടു്. പത്രങ്ങൾ കൊണ്ടുപോകുന്നതിനു കാറുകൾ—അമേരിക്കയിലും ജപ്പാനിലും വിമാനങ്ങൾ പോലും പത്രമുടമസ്ഥന്മാർ ഇതിലേക്കായി പ്രത്യേകം വാങ്ങി സൂക്ഷിക്കുന്നുണ്ടു്. വാർത്തകൾ പകർത്തി എടുക്കുന്നതിനു് ടെലിപ്രിൻറർ, വാർത്തകൾ ലഭിക്കുന്നതിനു് ടെലഫോൺ മുതലായവ ഇതിലേക്കു വളരെ പ്രയോജകീഭവിക്കുന്നുണ്ടു്. അച്ചടിയന്ത്രങ്ങൾക്കു് വന്നിട്ടുള്ള പുരോഗതി പറയാനുമില്ലല്ലൊ. ക്യാമറയും ബ്ലോക്കുകൾ ഉണ്ടാക്കുന്നതിനുള്ള ഉപകരണവുമാണു് ശാസ്ത്രവികാസംമൂലം ലഭിച്ചിട്ടുള്ള മറെറാരു സൌകൎയ്യം.

ഇന്നു പത്രപ്രവർത്തനം ഒരു വ്യവസായമായിത്തീൎന്നിരിക്കുന്നു. പത്രം നടത്തുന്നതിനു വലിയ മൂലധനം ആവശ്യമുണ്ടു്. ഇതൊരു വ്യവസായമായി ഭവിച്ചതോടെ ദൂഷ്യങ്ങളും ഇതിൽ കടന്നു കൂടിയിട്ടുണ്ടു്. വലിയ മൂലധനം മുടക്കണമെന്നുള്ളതിനാൽ പത്രപ്രവർത്തനത്തിലേക്കു് വലിയ മുതലാളിമാരും പണക്കാരും വന്നു കയറിയിട്ടുണ്ടു്. പത്രപ്രവർത്തനത്തിന്റെ ഉന്നതാദർശങ്ങളാൽ ആകൃഷ്ടരായി വന്നിട്ടുള്ളവരല്ല ഇവരെല്ലാവരും. ചിലൎക്കു ആദായം ഉണ്ടാക്കാൻ—മററു ചിലൎക്കു് അധികാരവും ശക്തിയും ലഭിക്കാൻ. ഇപ്രകാരം പത്രമുടമസ്ഥന്മാരിൽ മൂന്നു തരക്കാരെ കാണാം. ഒന്നു് രാജ്യസേവനത്തിനുവേണ്ടി ഇതിൽ ഇറങ്ങിയിട്ടുള്ള രാജ്യാഭിമാനികൾ, രണ്ടു ആദായം ലഭിക്കാനായി വന്നിട്ടുള്ള പണക്കാർ, മൂന്നു് നഷ്ടം സഹിച്ചാലും അധികാരവും ശക്തിയും നേടാനായി വന്നിട്ടുള്ളവർ. ഇവരുടെ പത്രനടത്തിപ്പിൽ അവരുടെ ആദർശങ്ങൾ തിഫലിച്ചു കാണും.

പണക്കൊതിയന്മാർ പത്രം നടത്തിയാൽ പത്രപ്രവർത്തനം വെറും കച്ചവടമായിത്തീരും. എങ്ങനെയും പത്രത്തിന്റെ പ്രചാരം വർദ്ധിപ്പിച്ചു് പരസ്യക്കാരിൽ നിന്നും കൂടുതൽ നിരക്കുകൾ വാങ്ങാൻ അവർ നോക്കും. പത്രങ്ങളുടെ നടത്തിപ്പിനാവശ്യമായ സംഖ്യയുടെ ൭൦ ശതമാനവും നൽകുന്നതു് പരസ്യക്കാരാണു്. പക്ഷെ പരസ്യം ലഭിക്കുന്നതിനുവേണ്ടി തന്ത്രങ്ങളും വിദ്യകളും പ്രയോഗിക്കുന്നതു നന്നല്ല. പത്രങ്ങളുടെ പ്രചാരം കൂട്ടാനായി അടിസ്ഥാനരഹിതമായ വാർത്താ "സ്റ്റണ്ടു"കൾ പ്രസിദ്ധപ്പെടുത്തുക കൊലയാളികളുടേയും മററും സ്മരണകൾ പ്രസിദ്ധപ്പെടുത്തുക മുതലായവ അത്യന്തം ഗർഹണീയമായ സമ്പ്രദായങ്ങളാണു്.

ചില പത്രങ്ങൾ അവരുടെ പരസ്യക്കാരുടെ കൈയിലെ കളിമണ്ണുകളാണു്. അവരാണു് പത്രത്തിന്റെ നയം രൂപീകരിക്കുക. അവർ പണത്തിനുവേണ്ടി മുഖപ്രസംഗപംക്തികളും വിട്ടു കളയാൻ മടിക്കില്ല. കവർച്ച നടത്തുന്ന പത്രങ്ങളുമുണ്ടു്. ഇന്ത്യയിൽത്തന്നെയും ഇത്തരം പല പത്രങ്ങളുമുണ്ടു്. പാരിതോഷികമായിട്ടോ പരസ്യങ്ങൾക്കായിട്ടോ വലിയ സംഖ്യകൾ കൊടുക്കുന്ന പക്ഷം ഒരു നാട്ടുരാജ്യത്തെ 'പൊക്കാ'മെന്നു പറഞ്ഞു പല പത്രങ്ങളും പ്രസിദ്ധീകരണങ്ങളും തന്നെ പിടികൂടിയതായും അത്തരം ൧൦൦൦ കത്തുകളോടും ഒരു കൊല്ലത്തിനുള്ളിൽ ലഭിച്ചതായും ഒരു നാട്ടുരാജ്യത്തിലെ ദിവാൻജി ഈയിടെ ഒരു പ്രസംഗമദ്ധ്യേ പ്രസ്താവിക്കുകയുണ്ടായല്ലോ. അധികാരത്തിനു വേണ്ടി പത്രം നടത്തുന്നവരാണു് പത്രപ്രവൎത്തനത്തെ ദൂഷിപ്പിക്കുന്ന മറെറാരു കൂട്ടർ. അവർ സ്വകാൎയ്യസാദ്ധ്യതയ്ക്കായി മനസ്സാക്ഷിയെ പോലും വഞ്ചിക്കും. സ്വതന്ത്രമായ വ്യക്തിവിലാസമുള്ള പത്രാധിപന്മാരെയും എഴുത്തുകാരെയും അവർ ഇഷ്ടപ്പെടുകയില്ല.

കമ്പിയില്ലാക്കമ്പി മൂലമുള്ള പ്രക്ഷേപണം പുരോഗതി പ്രാപിച്ചു പത്രങ്ങളുടെ പ്രചാരത്തെ ഇല്ലാതാക്കുമെന്നു ഒരു ആശങ്ക ചില സ്ഥാനങ്ങളിൽ നിന്നു പ്രകടിപ്പിച്ചു കേൾക്കുന്നുണ്ടു്. മനുഷ്യന്റെ പാരായണൗൽസുക്യം നിലനില്ക്കുന്ന കാലത്തോളം ഇതു സംഭവിക്കയില്ല. എന്നാൽ കാലം ചെല്ലും തോറും പത്രങ്ങളുടെ ശക്തി കുറയുകയില്ലേ എന്നു സംശയിക്കേണ്ടിയിരിക്കുന്നു. അതു പത്രപ്രവൎത്തനത്തിൽ വ്യാപാരമനോഭാവം നിലനിൽക്കുന്നതു മൂലമാണു്. ഉൽകൃഷ്ടമായ ആദർശങ്ങളോടുകൂടി ശരിയായി നടത്തപ്പെടുന്ന പത്രങ്ങൾക്കു് മേലിലും ശോഭനമായ ഭാവിയുണ്ടു്.

# കിനാവിൽ

(വിദ്വാൻ ററി. ജി. യോഹന്നാൻ)

—ഉപസ്ഥിതൈ—

തെളിവിലമ്പിളി വാരൊളി വീശവെ
കുളിരിളം കാററുമണം തൂകവേ
അനിതരാഭയൊടംബരമേറി നി-
ന്നനഘതാരകൾ പുഞ്ചിരിച്ചീടവേ,
കുതിതുടൎന്നിതെന്നുള്ള മക്കോമള-
മതിമുഖത്തുമേ തല്ലുനകരുവാൻ
പെരുകിചിന്ത, വികാരവാഹിനിയിൽ
വിരവിലോളമിളക്കിപ്പുളയ്ക്കുവാൻ!
സരസം തോഴീ! യമൃതം പൊഴിഞ്ഞൊരു
സരളവാണി പിൻനിന്നെൻ ചെവികളി
മധുരപൂരമനോഹരമ,വ്വിധം (ൽ
മധുവചസ്സഹോ! കേട്ടതില്ലൊന്നു ഞാൻ!
സുദൃഢമായതു ദേവകൾ മീട്ടിടും
ത്രിദിവവീണതൻ മഞ്ജുളനിക്വാണം!!
അളിസുവേണീ! ഞാൻവെമ്പിത്തിരിയവേ,
പുളകം മേനിയിൽ മേളിച്ചിളകവേ,
മമമിഴിക്കുകനകാഭിഷേകമായ്
വിമലാംഗിതൻ കമ്രകളേബരം
മനമലിഞ്ഞുമട്ടമൊഴി ജീവിത-
മഹിതമാധുരിയൊന്നായ് സ്വദിക്കവേ,
മദനമഞ്ജുളലീലാവിലുളിതം
മുദിതമാനസമേററം മുതിക്കവേ,
ഒളിചിതറും ചെറുചിരിചിന്തിയാ
ക്കുളിർമതിമുഖനെങ്കലാഞ്ഞോമനേ
തളിരണിക്കരത്താലോലത്തോടകം
കുളിരുമാറവൻ രാഗരമ്യാകരൻ
കവിളിണകളിലാഹാ പതിക്കയാ-
യവികലപ്രേമമുദ്രമനോഹരം
മൊഴിവതെന്തി,ന്ന,പാരസുഖാമൃത-
ച്ചുഴിയിലാഴെ ഞാൻ താഴുകയായ് സഖി!
കിളരുമാനന്ദമാഹന്ത മേനിയിൽ-
ക്കുളിരിയററിക്കുതിച്ചു കവിയവേ,
സുദിനമായതെൻ ജീവിതാരാമത്തി-
ന്നതിരകന്ന വസന്തമെന്നോണ്ണവേ,
വിധുമുഖീ ഹന്ത ഞെട്ടിയുണൎന്നപോയ്
മധുരസ്വപ്നമിതെന്നറിഞ്ഞപ്പോൾ ഞാ
കരൾകവന്നോരക്കോമളൻ തൻടെ (ൻ
കലവികളേറെക്കാണിയില്ലെങ്കിലും
മധുമൊഴീ മറന്നീടാനരുതെനി-
ക്കതിസുഖം നൽകിയോരാനിശാകാലം.

# കഥകൾ എങ്ങനെ ഹൃദയത്തെ സ്പർശിക്കുന്നു.

## ചിന്താർഹമായ ഒരു വിമർശനം.

(പ്രഫസർ പി. ശങ്കരൻനമ്പ്യാർ എം. എ)

ഒരു യഥാർത്ഥ കവിഹൃദയമാണ് വിദ്വാൻ പൊൻകുന്നം വി. എ. വർക്കിക്കുള്ളതെന്ന് "വികാരസദന"ത്തിലെ പന്ത്രണ്ടു ചെറുകഥകളിൽ ഓരോന്നും വിളിച്ചുപറയുന്നുണ്ട്. സമുദായത്തിന്റെ അടിത്തട്ടിൽ കിടന്നുകൊണ്ട് തണ്ടു വലിച്ചു കുഴങ്ങുന്ന ഏഴകളുടെ അരിഷ്ടതകളെ സൂക്ഷ്മമായി കാണിക്കുവാനാണു ഗ്രന്ഥകർത്താവു തന്റെ അനുകമ്പാമസൃണമായ ഭാവനാശക്തിയെ വിനിയോഗിച്ചിരിക്കുന്നത്. അക്കാരണത്താൽ വികാരസദനത്തെ "ജീവൽസാഹിത്യ"പ്രസ്ഥാനത്തിലേക്കു പലരും തള്ളിവിട്ടു ചരിതാർത്ഥരാകുവാൻ ശ്രമിക്കുമായിരിക്കാം. എന്നാൽ ഏതെങ്കിലും ഒരു പേർ പറഞ്ഞു മുദ്ര വച്ച് ഒരിടത്തേക്കു മാററി വെക്കേണ്ട തരത്തിലുൾപ്പെട്ട പുസ്തകമല്ല, "വികാരസദനം." കുടിക്കുവാൻ നാഴിക്കഞ്ഞിയോ, കിടക്കുവാൻ ആറടി സ്ഥലമൊ ഉടുക്കുവാൻ ഒരു വസ്ത്രമൊ സ്നേഹിക്കുവാൻ ഒരു ഹൃദയമൊ ഇല്ലാതെ ജീവന്മൃതരായി "വിഷകൃമിന്യായേന" കഴിഞ്ഞു കൂട്ടുന്നവരുടെ കഷ്ടാനുഭവങ്ങളാണു പ്രായേണ ഇതിലെ പ്രതിപാദ്യം. ഹൃദയത്തിൽ അലതല്ലിപ്പതയുന്ന വികാരങ്ങളിൽക്കൂടിയാണു കഥാകാരൻ അതെല്ലാം വീക്ഷിക്കുന്നത്. സമസൃഷ്ടികളെക്കുറിച്ചു സഹാനുഭൂതി സ്വല്പമെങ്കിലുമില്ലാത്ത കർക്കശഹൃദയന്മാർ ലോകത്തിലെത്രയുണ്ടെന്നുള്ളതും അദ്ദേഹം നമ്മെ ഒട്ടും സങ്കോചം കൂടാതെ മനസ്സിലാക്കുന്നുണ്ട്. ഇക്കൂട്ടത്തിൽ ഡാക്ടർമാർ, പുരോഹിതന്മാർ, കച്ചവടക്കാർ, ന്യായം നടത്തുന്നവർ, പണക്കാർ മുതലായ പലതരക്കാരും ഉൾപ്പെടുന്നുണ്ട്. ദാഹത്തിനു നീർ കോരുവാൻ ചെല്ലുന്നതു പലപ്പോഴും ഇങ്ങനെയുള്ള മരുഭൂമിയിലാണ്; മിന്നാമിനുങ്ങിന്റെ അടുക്കലാണു അന്തിത്തിരി കത്തിക്കുവാൻ ചെല്ലുക. ക്രൂരറൻപാറയുടെ അടുക്കൽ ചെന്നുനിന്നാണു ശോകഗാനത്തിന്റെ ഈരടികൾ പാടുക.

പാവങ്ങളുടെ ഹൃദയം തകർന്നുപോകുന്നതിൽ അത്ഭുതമുണ്ടോ? അവർ മരണവേദനയനുഭവിക്കുന്നതു കണ്ടാൽ പോലും ധനവാന്മാർക്കും സുഖലോലുപന്മാർക്കും യാതൊരു കുലുക്കമോ അസ്വാസ്ഥ്യമോ ഉണ്ടാകുന്നില്ല! തമ്മിൽ ഭേദം പാവങ്ങളും പതിതന്മാരുമാണ്; ഇവർക്കു ചിലപ്പോൾ സഹോദരങ്ങളിൽ ആർദ്രത തോന്നി മനസ്സലിയാറുണ്ട്. ആപ്പോടെ ഒന്നു തലതിരിഞ്ഞതാണ്, ഇന്നത്തെ സമുദായത്തിന്റെ കിടപ്പ്. പരിശുദ്ധപ്രേമം കൊണ്ടു സുരഭിലമായ പ്രശാന്ത ഗൃഹജീവിതം പണമില്ലാത്തവരുടെ ഇടയിൽ കാണുക വയ്യെന്നില്ല. പണത്തിനും അതിനുമായി യാതൊരു ബന്ധവുമില്ല. ഉണ്ടെങ്കിൽത്തന്നെ പണം അതിന്റെ പരമശത്രുവാണെന്നുകൂടി പറയാം. കൃത്രിമങ്ങളായ സമുദായസങ്കേതങ്ങളും, ഉററപ്പെട്ടവരുടെ അനുഭാവശൂന്യതയും പരിശുദ്ധ



പ്രഫസർ പി. ശങ്കരൻനമ്പ്യാർ

പ്രേമ നദിയുടെ ഒഴുക്കിൽ കല്ലിടുന്നതിനാൽ പല വൈഷമ്യങ്ങളും വന്നു ചേരാറുണ്ട്. ഇത്യാദി പല സംഗതികളെയും എടുത്തു പറയാതെ തന്നെ കഥകളിൽ വിശദീകരിച്ചിരിക്കുന്നു.

വിദ്വാൻ വർക്കിയുടെ ആശയപ്രകാശനരീതിയിലും, ഭാഷയിലും, ചമല്ക്കാരം ഉളമ്പുന്ന ഒരു നൂതനത്വം സവിശേഷം കളിയാടുന്നത് അനുഭവവേദ്യമാകുന്നു. അദ്ദേഹത്തിന്റെ വിഷയനിരീക്ഷണം സർവ്വത്ര കവിഹൃദയത്തിൽ കൂടിയാണെന്നു മുമ്പു പറഞ്ഞു കഴിഞ്ഞല്ലൊ. ആ ധർമ്മം കൊണ്ടു സമുല്ലസിതമായ പദവിന്യാസസമ്പ്രദായമാണ്, അദ്ദേഹത്തിന്റെ ഭാഷയെ ഇതരഗ്രന്ഥകാരന്മാരുടെ ഭാഷയിൽ നിന്നു വ്യാവർത്തിപ്പിക്കുന്നത്. അതിന് അഭ്യസൂയാർഹമായ ഒരു ഹൃദയാവർജ്ജകത്വവും, ഓജസ്സും, പുഷ്ടിയും പ്രായേണ കാണുന്നതിൽ ആശ്ചര്യത്തിന് അവകാശമില്ല. അതു വികാരപൂരിതവും, അലങ്കാരശോഭിതവുമാകയാൽ ഉത്തമ കാവ്യഭാഷ തന്നെയാണെന്നു പറയേണ്ടിയിരിക്കുന്നു. സന്ദർഭോചിതമായ ഫലിതം അതിനു പല ഭാഗത്തും മിഴിവു നല്കുന്നതുമുണ്ട്. വർണ്ണനകൾക്കുള്ള തന്മയത്വവും വിശേഷിച്ചും പ്രശംസനീയമാകുന്നു. കവിത്വത്തിന്റെ മറെറാരു ലക്ഷണമാണു പ്രകൃതിനിരീക്ഷണൗചിത്യം. അതും വികാരസദനത്തിൽ പല ഭാഗങ്ങളിലായി സമുല്ലസിക്കുന്നുണ്ട്. പ്രതിപാദ്യമേതോ, അതിന് ഏററവും അനുകൂലമായ വിധത്തിൽ താദാത്മ്യത്തോടുകൂടിയാണു കവി പ്രകൃതിയിലെ ഭാവഭേദങ്ങളെയും സംഭവങ്ങളെയും സംഗതികളെയും കാണുന്നത്. പ്രകൃതിയും മനുഷ്യനും തമ്മിൽ അദൃശ്യമായ ഏതോ ഒരു ദൃഢബന്ധം ഉള്ളതായി കവി നമ്മെ ബോധിപ്പിക്കുന്നു.

ആകപ്പാടെ നോക്കുമ്പോൾ ഒരു നല്ല കവിയുടെ ഭാവനാവിലാസം "വികാരസദന"ത്തിൽ നെടുനീളം കാണ്മാൻ കഴിയുന്നുണ്ട്. ഇതിലെ കഥകൾ ഉൾക്കൊള്ളുന്ന സാഹിത്യശാഖയ്ക്കു "യഥാതഥ" പ്രസ്ഥാനമെന്നോ "ജീവൽസാഹിത്യ" പ്രസ്ഥാനമെന്നോ എന്തു തന്നെ പേർ പറഞ്ഞാലും വേണ്ടതില്ല. പല ഉൽകൃഷ്ടാദർശങ്ങളെയും പ്രസ്പഷ്ടമാക്കുന്ന മനോഹരമായ ഒരു ഖണ്ഡകാവ്യമാണ് "വികാരസദന"മെന്നും അതു സഹൃദയലോകത്തിന്റെ ശ്രദ്ധയ്ക്കു സവിശേഷം പാത്രീഭവിക്കേണ്ടതാണെന്നും നിസ്സംശയം പറയാവുന്നതാകുന്നു. "പ്രസന്നപ്രൗഢസരസമായ" പ്രസ്തുത ഗ്രന്ഥത്തിനു ഭൂരിപ്രചാരത്തെയും, പ്രതിഭാശാലിയായ യുവഗ്രന്ഥകാരനു ശോഭനമായ ഭാവിയെയും ഹൃദയപൂർവ്വം ആശംസിച്ചുകൊള്ളുന്നു.

× "വികാരസദനം"ത്തിന്റെ അവതാരിക

ലഘുകാവ്യം

# നന്ദിനി

(വെട്ടൂർ എസ്സ്. രാമൻനായർ)

"നന്ദിനി"യന്നൊക്കെയായിരമാകർഷ-
സുന്ദരസ്വപ്നങ്ങൾ കണ്ടിരുന്നു
ആകാംക്ഷകൊണ്ടവളന്നെല്ലാമൊട്ടേറെ
പൂമാലതീർത്തുകഴിഞ്ഞിരുന്നു
അത്ഭുതാനന്ദത്താലായവൾക്കക്കാല-
മാത്മാവുപോലും കുളിർത്തിരുന്നു

2

അന്നംപതിവുപോലാമലർക്കാവിലാ
സുന്ദരിയോടിയണഞ്ഞുവേഗം
പുഷ്പിച്ചുനിന്നൊരച്ചെമ്പകച്ചില്ലിചേ-
ർന്നല്പംചരിഞ്ഞവൾ നിന്നുപോയി.
ആനന്ദലോലരായാമരക്കൊമ്പിലെ
സൂനങ്ങളെല്ലാം ചിരിച്ചുപോയി
പുഷ്കലസൗരഭം ചേരുന്നചെമ്പനീർ-
പുഷ്പങ്ങളാലൊരു മാലകെട്ടി
നന്ദിനിയങ്ങിനെ നിന്നപ്പോഴായിരം
സുന്ദരസ്വപ്നങ്ങൾ കണ്ടിരിക്കാം!

3

അണ്ണൻപറയുമാവിദ്യാലയത്തിലെ
തന്നോമൽ തോഴന്റെ കാര്യമെല്ലാം
ഉൾത്രപയാർക്കുമുദിക്കുമൊരത്ഭുത
ചിത്രകാരന്റെ വിശേഷമെല്ലാം
ഭാവിയിൽ ഭാസുരഭാഗ്യംകൊളുത്തേണ്ട
ഭാവനതന്റെ പടുത്വമെല്ലാം
ഭാരതമാതാവിൻ ഭാഗ്യാതിരേകത്തിൻ
ഫാലതിലകവിലാസമെല്ലാം!

4

അപ്പൊഴുതായവൾക്കവ്യക്തമായിട്ടൊ-
രത്ഭുതാവേശമലയടിച്ചു.
സീമാതീതോന്മേഷലോലവികാരത്താ-
ലോമലാൾ കോൾമയിർച്ചട്ടയിട്ടു.
"സുന്ദര"നെന്നമൂന്നക്ഷരമെപ്പോഴും
നന്ദിനിക്കാനന്ദത്തേനുതിർത്തു.

5

പൂമാലചാർത്തിയ ചിത്രങ്ങളൊക്കെയു-
മോമലാളെന്നും തുടച്ചുവയ്ക്കും
അക്കലാകാരനെ ഭാവനാമൂശയി-
ലുൾത്തങ്ങും കാന്തിയാൽ വാർത്തുനോക്കും
സുന്ദരാകാരത്തിൻ സൗന്ദര്യം പോരാഞ്ഞു
പിന്നെയും പിന്നെയും തച്ചുടയ്ക്കും
വീണ്ടും രചിച്ചുമുടച്ചുമകക്കാമ്പിൻ
വിണ്ടലം കണ്ടു രസിച്ചുകൊള്ളും

6

ആമണിമച്ചിലെ ചിത്രങ്ങളുജ്ജ്വല
പ്രേമപ്രകാശനമായിരുന്നു.
ജീവിതഗ്രന്ഥാർത്ഥമൊക്കെയുമൊന്നിച്ചു
തേജസ്സെട്ടത്തവയായിരുന്നു!
അങ്ങതിൽ സുന്ദരൻതന്നെയവ്യക്തമായ്
നന്ദിനികണ്ടു രസിച്ചിരുന്നു
വ്രീളാവിവശമായപ്പപ്പൊഴുൾക്കള-
മോളം തുളുമ്പുകയായിരുന്നു

7

"അണ്ണനോടെന്തൊരുസ്നേഹമാണായുവ-
സുന്ദരനെന്നെന്നുമെന്റെ തോഴീ,
വിദ്യാലയത്തിലെ നിത്യോത്സവങ്ങളി-
ലദ്യാപിവേർപെടാതാത്ത മോദം
അക്കലാകാരനോടൊന്നിച്ചിരിക്കുവ-
താർക്കുമൊരുന്നതഭാഗ്യമല്ലേ?
കണ്ണഞ്ചുമോരോരോ ചിത്രങ്ങൾ നിത്യവു-
മണ്ണനുസുന്ദരൻ സമ്മാനിക്കും
ഞാനവയൊക്കയുമെന്മണിമച്ചിൽവ-
ച്ചാനന്ദനർത്തനമാചരിക്കും
പൂതമാമക്കലാസായൂജ്യസാധനം
പൂമാലകെട്ടിയലങ്കരിക്കും
അക്കലാപൂജയ്ക്കുവിഘ്നം വരുത്തുന്ന
തൊക്കെയും നിന്ദ്യമാണോർക്ക തോഴീ"
ഉല്ലാസസല്ലാപവേളയിൽ നന്ദിനി
"വല്ലി"യോടിങ്ങനെ ചൊല്ലുമെന്നും.

8

പൂത്തും പൊഴിഞ്ഞുംവസന്തം പലതുപോ
പേർത്തുമുല്ലാസവിലാസപൂർവം. (യ്
പച്ചിലക്കാടും പരന്നപാടങ്ങളും
സ്വച്ഛന്ദനിർഝരസൈകതവും
മെല്ലെത്തിരഞ്ഞു കുളിരണിത്തെന്നലു-
മുല്ലാസലോലമണഞ്ഞുവീശി.
സുന്ദരദർശനം കാംക്ഷിച്ചുലകയാ-
ണിന്നുമമലതൻ ചിത്തഭൃംഗം

9

ആയിരം ചിത്രങ്ങളാലേഖം ചെയ്തുകൊ-
ണ്ടാകാശനീലിമ മങ്ങിനില്ലേ
നാളുകൾതോറും കൊഴുക്കുന്നയൗവനം
നാനാവികാരമിളക്കിനില്ലേ
സുന്ദരിക്കോരോരോചിത്രവും നോക്കിയ-
ന്നുന്മാദിനിയായിരുന്നുപോയി!
പച്ചമരങ്ങളും വിസ്തൃതാകാശവും
കൊച്ചലപൊങ്ങുംനദീജലവും
കാളിന്ദീതീരത്തൊരാലിൻചുവട്ടില-
ക്കാർവർണ്ണൻ തന്റെ ചരിഞ്ഞനിൽപ്പും
ഗോപിമാർക്കാനന്ദപീയൂഷമേകിയ
കോലക്കുഴലും തിരിവളയും
വൃന്ദാവനത്തിലെ നന്ദകുമാരന്റെ
സുന്ദരരൂപം മനോഭിരാമം
ചിത്രീകരിച്ചൊരത്തേജസ്സിലോമലിൻ
ചിത്തം ചിറകു വിരിച്ചണഞ്ഞു.

10

മാളികോപാന്തത്തിൽമാഴ്കിനിന്നീടുന്ന
മാലാർന്നഭിക്ഷുകി തന്റെ രൂപം
അച്ചിത്രകാരന്റെ ജീവകാരുണ്യത്തിൻ
പ്രത്യക്ഷലക്ഷ്യങ്ങൾ മാത്രമല്ലേ?
കാലത്തുകാളയ്ക്കു പിന്നിൽ നുകം പിടി-
ച്ചാനന്ദപൂർവ്വമുഴുതുപോകും
കർഷകചിത്രമാണപ്പുറത്താദർശ-
ദർശനമേകുന്നതൽപ്രമേയം!
ഫുല്ലപ്രതിഭാപ്രകാശകനിക്കലാ-
വല്ലഭനേതിനും വല്ലഭൻതാൻ!

11

ആമണിമച്ചിലെചിത്രങ്ങളുജ്ജ്വല
പ്രേമപ്രകാശനമായിരുന്നു!
ജീവിതഗ്രന്ഥാർത്ഥമൊക്കെയുമൊന്നിച്ചു
തേജസ്സെട്ടത്തവയായിരുന്നു;
അങ്ങതിൻ സുന്ദരൻ തന്നെയവ്യക്തമായ്
നന്ദിനി കണ്ടുരസിച്ചുപോയി.
വ്രീളാവിവശമായപ്പൊഴുതുൾക്കള-
മോളം തുളുമ്പിക്കളിച്ചുപോയി;

12

നാളുകൾ വീണ്ടും പലതുകൊഴിഞ്ഞുനീർ-
പ്പോളകളോളത്തിലെന്നപോലെ.
സോദരനിപ്പൊഴും സുന്ദരൻ തന്നുടെ
സോദരൻ തന്നെയാണില്ലഭേദം
നന്ദിനിക്കെങ്കിലും സങ്കല്പമാത്രമാ-
ണിന്നുമദ്ദേഹത്തിൻ സൗകുമാര്യം!
ഓരോദിവസവുമോമലാൾക്കാകയാൽ
തീരാതുയർന്നു വിരഹദാഹം.

13

"വല്ലി"യന്നൊക്കെയുമക്കലാരാധന-
യ്ക്കുള്ളഴിഞ്ഞാശിസ്സുനേർന്നിരുന്നു.
ഊണുമുറക്കവും സന്ത്യജിച്ചാത്മാവിൽ
ന്നൂനകയറും വികാരഭാരം
താങ്ങിത്തളർന്നൊരു നന്ദിനിതന്നുടെ

താരുണ്യദീപ്തിയും താണിരുന്നു.
അന്തരംഗത്തിൽനിഗ്രഹനം ചെയ്തോരാ
ചിന്തകളെല്ലാം പുറത്തുകാൺകെ
നന്ദിനി നാണിച്ചു, താഡിച്ചു തോഴിതൻ
ഗണ്ഡത്തിലൊന്നുവാത്സല്യപൂർവ്വം!

14

കാഞ്ചനപ്പൊട്ടുമായ് പൂർവ്വാദ്രിമേലുഷ-
സ്സന്ധ്യാവധൂടിവന്നെത്തിനോക്കി
'സുന്ദരൻവന്നിട്ട്' മന്നെന്നറികയാൽ
നന്ദിനിയാനന്ദതുന്ദിലയായ്!
അക്കന്യവേഗമൊരപ്സരസ്സെന്നപോ-
ലത്ഭുതരൂപിണിയായിമാറി!
ഓരോകാൽവയ്പിലും രോമാഞ്ചംകൊള്ളുന്ന
പാരിടം തങ്കച്ചിലമ്പൊലിയാൽ!
നീരാളസാരിയിൽ നീളെത്തെളിയുന്ന
നാനാവികാരത്തിൻ പൊൻചുളികൾ!!

15

ആലേഖ്യമോരോന്നും മാറത്തണച്ചവ-
ളാലിംഗനം ചെയ്തിരുന്നിടമ്പോൾ
അമ്മഹാൻ വന്നെന്നുകേൾക്കയാല്പെട്ടെന്നു
തന്മെയ്യശേഷം തളർന്നുപോയി.
അക്കനകാഭനെ താനെ തിരഞ്ഞുകൊ-
ണ്ടക്കടെക്കൺ കോണു നീണ്ടുപോയി
ജന്മാന്തരങ്ങളിൽ പോലുംകൊതിച്ചൊരാ
മന്മഥവിഗ്രഹം കണ്ടുകൂപ്പാൻ
താളം പിടിക്കുന്നൊരുൾത്തുടിപ്പോടൊത്തു
താനെയപ്പാദങ്ങൾ നീങ്ങിവേഗം.

16

ഞെട്ടിപ്പോയ് നന്ദിനിയാകാശക്കോട്ടകൾ.
പൊട്ടിത്തകർന്നു ഞൊടിയിടയിൽ
ശോഷിച്ചദേഹ........മിതെന്തെന്തുവിസ്മയം
കാർമഷിക്കുട്ടിലും കാളവർണ്ണം......!
ഒട്ടിയഗണ്ഡവും യൗവനതേജസ്സു-
നഷ്ടമായ്പ്പോയ മിഴിയിണയും......!
സന്ധിബന്ധങ്ങൾ തളർന്നവൾക്കങ്ങിനെ
അന്ധകാരാവൃതമായി വിശ്വം!

17

ഒട്ടേറെനാളത്തെ സൗന്ദര്യാരാധന
മൊട്ടിട്ടു നില്പതായ് കാൺകയാലെ
വിസ്മയസ്തബ്ധനായ്നിന്നുപോയ്സുന്ദരൻ
വിദ്യുൽപ്രവാഹത്താലെന്നപോലെ!
നന്ദിനിക്കപ്പൊഴും തീരാനിരാശയാൽ
പൊള്ളുകയായിരുന്നന്തരംഗം
പിച്ചകപ്പൂമാലചാർത്തി മിന്നുന്നൊരാ-
മച്ചിലെചിത്രങ്ങളാകമാനം
അച്ചിത്തവൃത്തിയെ നിന്ദിച്ചുകൺമുമ്പിൽ
പിച്ചവയ്ക്കുന്നതായ് കണ്ടുതന്വി!

18

പേടിച്ചുപോയവളോമനിച്ചേറെനാൾ
നേടിവച്ചുള്ള കലാപ്രണയം
ആമട്ടധപ്പതിക്കുന്നതായ്കാൺകയാ-
ലാവിശ്വമോഹിനിയക്ഷണത്തിൽ
പിന്നെയുംപിന്നെയുമമ്മുഖത്തോമലിൻ
കണ്മുനയെന്തിനോ ചെന്നുപററി
ആയതിന്നായതിന്നാകർഷണീയത-
യാവദനത്തിൽപൊടിഞ്ഞുവന്നു.
പാവനസ്നേഹത്തിൻ പാലാഴികാട്ടുമ-
ഭാവനമുന്നിൽ തെളിഞ്ഞുനിന്നു.

19

അപ്പൊഴേയ്ക്കോമലാളേതോ നവോന്മേഷ
ലബ്ധിയാലേററം പ്രഗത്ഭയായി
അക്കലാകാരൻെറവൈരൂപ്യമൊക്കയു-
മക്കന്യവേഗം മറന്നുപോയി.
ആത്മാവിൻസൗന്ദര്യം കാണാഞ്ഞതോർത്ത
വളാത്മാർത്ഥമായിക്കരഞ്ഞുപോയി
ഓജസ്സൊഴുകുമജ്ജീവിതമദ്ധന്യ
പൂജയ്ക്കുമററുമുഴിഞ്ഞു നൽകി!

20

നന്ദിനിപണ്ടൊക്കെയായിരമാകർഷ
സുന്ദരസ്വപ്നങ്ങൾ കണ്ടിരുന്നു
മന്മഥരൂപനായ് തന്മനോനാഥനെ
പെണ്മണിചിത്രീകരിച്ചിരുന്നു.

*     *     *     *     *

പൊന്മേടയാലും പുത്തമകളാലുമ-
സുന്ദരൻനിന്ദിതനായിരിക്കാം
പാരം കൃതാർത്ഥയാണെങ്കിലുമിപ്പൊഴാ
ഭാവനാസാമ്രാട്ടിൻ ധർമ്മപത്നി!!!

ചെറു കഥ

# മകൾ

ചെറു കഥ

(പി. സി. കോരുത്)

ഒരു കാലത്തു രാമക്കുറുപ്പ് വലിയ ധനികനായിരുന്നു. വാർദ്ധക്യവും ഗ്രഹപ്പിഴയും കൂടി ഒരേ കാലത്ത് അയാളെ ബാധിച്ചു. ഭാര്യയും രണ്ടു് ആൺമക്കളും ആറു മാസത്തിനിടയിൽ മരിച്ചു. ഇടിവെട്ടിയവനെ പാമ്പുകടിച്ചതുപോലെയുള്ള അനുഭവമായിരുന്നു അതു്. രാമക്കുറുപ്പും, മകൾ പത്തുവയസ്സുള്ള കമലയും മാത്രം ശേഷിച്ചു.

വിധിയുടെ നിഷ്ക്കരുണമായ പ്രവർത്തനം മൂലം ഹൃദയം തകരുകയാൽ, രാമക്കുറുപ്പും രോഗശയ്യയിലായി. ശുശ്രൂഷിക്കുവാൻ കമലമാത്രമുണ്ടു്. ലോകമെന്തെന്നു കണ്ടിട്ടില്ലാത്ത പെൺകിടാവു്. പിതാവിൻെറ പാരവശ്യവും ദയനീയസ്ഥിതിയും അവളുടെ ഹൃദയത്തെ വല്ലാതെ സ്പർശിച്ചു. അവൾ കരഞ്ഞുകൊണ്ടു പറഞ്ഞു:—

"അച്ഛാ, ഞാൻ എന്താണു ചെയ്യേണ്ടതെന്നു് എനിക്കറിഞ്ഞുകൂടാ. എന്തു മരുന്നു കുടിച്ചാൽ അച്ഛൻെറ സുഖക്കേടു ഭേദമാകും? അയ്യോ, ഞാൻ ആരെയാണു സഹായത്തിനു വിളിക്കേണ്ടതു്."

രാമക്കുറുപ്പിൻെറ ഹൃദയം കലങ്ങിപ്പോയി. മകളുടെ വാക്കുകൾ എരിതീയിൽ എണ്ണപോലെയുള്ള ഫലമാണുണ്ടാക്കിയതു്. രോഗിയുടെ കുഴിഞ്ഞ നിഷ്ജീവങ്ങളായ കണ്ണുകളിൽ ചുടുനീർ തൂകാതെ തുളുമ്പിനിന്നു. താൻകൂടെ അങ്ങു കടന്നുപോയാൽ, പിന്നെ ഈ ലോകത്തിൽ തൻെറ മകൾക്കു് ആരാണു സഹായമെന്നു ചിന്തിച്ചപ്പോൾ, അയാൾക്കു ശ്വാസം നിന്നുപോകുന്നതുപോലെ തോന്നി. അനന്തവിസ്തൃതമായ ഈ ദുഷ്ടലോകത്തിൽ, മഞ്ഞുതുള്ളിപോലെ നിർമ്മലയായ തൻെറ കുഞ്ഞിനെ വിട്ടുംവച്ചു പോകാൻ ഇടയായാൽ—ഹാ! രാമക്കുറുപ്പ് ബോധരഹിതനായി.

കമല വാവിട്ടു കരഞ്ഞു. അവളുടെ കണ്ണുനീർ ആറുപോലെ ഒഴുകി. ആ ചൂടുകണ്ണുനീർ അച്ഛൻെറ മുഖത്തു ധാരധാരയായി വീണു. അച്ഛൻ കണ്ണുതുറന്നു. അദ്ദേഹം അല്പസമയം നിർവ്വികാരനെപ്പോലെ കിടന്നു. അനന്തരം മകളെ അരികിൽ വിളിച്ചു് ഇങ്ങനെ വളരെ പതിഞ്ഞ സ്വരത്തിൽ പറഞ്ഞു:—

"കമലേ, കുഞ്ഞു ചെന്നു് പപ്പുപിള്ളയെ ഞാൻ കാണാൻ ആഗ്രഹിക്കുന്നുവെന്നു പറയൂ. ഇങ്ങോട്ടു വരുവാൻ ഈശ്വരൻ അദ്ദേഹത്തിനു ആർദ്രബുദ്ധി നൽകട്ടെ."

അവൾ ഓടി. ഒരു ഫർലോംഗ് അകലത്തിലുള്ള പപ്പുപിള്ളയുടെ ഗൃഹത്തിലേക്കു് ഓടി. ആ വലിയ വീടിന്റെ പടിപ്പുരവാതിൽ അടച്ചിരുന്നു. കമലം വാതിക്കൽ നിന്നു. ആരെ വിളിച്ചു വാതിൽ തുറപ്പിക്കണമെന്നവൾക്കറിഞ്ഞുകൂടാ. അകത്തു കടുവാപോലെ ഒരു പട്ടി നില്ക്കുന്നതു കമ്പിയഴിക്കിടയിൽ കൂടെ അവൾ കണ്ടു. അതിന്റെ ക്രൂരദൃഷ്ടികൾ, പെട്ടെന്നു് ആ ബാലികയുടെ നേരെ തിരിഞ്ഞു. ബൗവൗ—അതു ശരവർഷം പോലെ കുരതുടങ്ങി.

കഷണ്ടി ആക്രമിച്ച തലയിൽ ബാക്കിയുള്ള നരച്ചമുടിയെ രണ്ടു കൈകൊണ്ടും ശുശ്രൂഷിച്ചുകൊണ്ടു് ഒരു അൻപതു അൻപത്തഞ്ചു വയസ്സു കാണുന്ന ഗൃഹനായകൻ മുററത്തേക്കിറങ്ങിവന്നു.

“നീ ഏതാണു കുഞ്ഞേ!”—അദ്ദേഹം ചോദിച്ചു.

പട്ടിയെ ഭയന്നു വിറച്ചുനില്ക്കുന്ന ബാലിക മറുപടി പറഞ്ഞില്ല. അദ്ദേഹം വീണ്ടും അന്വേഷിച്ചു:—“നീ എന്തിനാണു വന്നതു്?”.

“യജമാനനെ വിളിച്ചു കൊണ്ടു വരണമെന്നു് അച്ഛൻ പറഞ്ഞു”:—അവൾ കരഞ്ഞുപോയി.

“ആരാണു നിന്റെ അച്ഛൻ”—അദ്ദേഹം കനിഞ്ഞു ചോദിച്ചു.

“അച്ഛൻ ദീനമായിക്കിടപ്പിലാണു്”—എന്നായിരുന്നു അതിനുള്ള മറുപടി.

“നിന്റെ അച്ഛന്റെ പേരെന്താണു്?”—ആ നല്ല മനുഷ്യൻ, കമലയുടെ കൈക്കു പിടിച്ചു കൊണ്ടു ചോദിച്ചു.

“രാമക്കുറുപ്പു്”—അവൾ കണ്ണു തുടച്ചുകൊണ്ടു പറഞ്ഞു.

“നിന്റെ പേരോ?”

“കമലമ്മ”

“രാമക്കുറുപ്പിനു് എന്താണു സുഖക്കേടു്”

“എന്തോ ദീനമാണു്”

“കമലമ്മേ,”—അദ്ദേഹം അവളുടെ തോളിൽ തടവിക്കൊണ്ടു പറഞ്ഞു:—“ഞാൻ വരാം. ഇപ്പോൾ തന്നെ വരാം”

പപ്പുപിള്ള അകത്തു ചെന്നു് ഒരു നേര്യതു് എടുത്തു തോളിൽ വളച്ചിട്ടുകൊണ്ടു് കമലയുടെ കൂടെപ്പോയി. അവർ ചെല്ലുന്നതു നോക്കിക്കൊണ്ടു്, രാമക്കുറുപ്പു് കിടക്കുകയായിരുന്നു. പപ്പുപിള്ള ചെന്നു കയറിയപ്പോൾ, ഒന്നെഴുന്നേൽക്കുവാൻ അയാൾ ബദ്ധപ്പെട്ടു.

“വേണ്ട കുറുപ്പേ. നിങ്ങൾക്കു രോഗമാണെന്നു് ഞാൻ അറിഞ്ഞിരുന്നില്ല. എന്താണു സുഖക്കേടു്”—പപ്പുപിള്ള നിന്നുകൊണ്ടു ചോദിച്ചു.

“എന്തു പറയാനാണു്. ഇതൊടുവിലത്തെ സുഖക്കേടാണു്. ഈശ്വരൻ എന്നെ അധികം കഷ്ടപ്പെടുത്തുകയില്ല.” അയാൾ തേങ്ങിത്തേങ്ങിക്കരഞ്ഞു. അതു കണ്ടു കമലവും കരയാൻ തുടങ്ങി. പപ്പുപിള്ള രണ്ടുപേരെയും സമാധാനപ്പെടുത്തുവാൻ ശ്രമിച്ചു. കമലയെ അദ്ദേഹം അരുകിൽച്ചേർത്തു നിറുത്തിക്കൊണ്ടു്, അവളുടെ കണ്ണുനീർ തുടച്ചു. അദ്ദേഹം ഗദ്ഗദസ്വരത്തിൽ പറഞ്ഞു:—

“കുറുപ്പേ, സങ്കടപ്പെടാതിരിക്കുക. ദൈവം വരുത്തുന്നതെല്ലാം നാം അനുഭവിക്കാതെ നിവൃത്തിയുണ്ടോ? കൊച്ചുകുട്ടിയെക്കൂടിക്കരയിപ്പിക്കാതെ ധൈര്യമായിരിക്കൂ.”

രാമക്കുറുപ്പിന്റെ ശ്വാസവേഗം വർദ്ധിച്ചു. അയാം അസ്പഷ്ടസ്വരത്തിൽ ഞരങ്ങി:—“ഇക്കുഞ്ഞിനെ തനിയെ വിട്ടും വച്ചു പോകുന്നതിൽ ഞാൻ എങ്ങനെ സങ്കടപ്പെടാതിരിക്കും? സമാധാനത്തോടെ എങ്ങനെ മരിക്കുവാൻ സാധിക്കും? കാൽ കാശിനു ഗതിയില്ലാത്ത എന്റെ കുഞ്ഞിനു ലോകത്തിൽ ആരുണ്ടു് ഒരാശ്രയം?”

പപ്പുപിള്ളയുടെ ഹൃദയം അതിശക്തിയായിത്തുടിച്ചു. അദ്ദേഹം പറഞ്ഞു:—“കുറുപ്പേ, ദൈവം സാക്ഷിയായി ഞാൻ ഇതാ വാഗ്ദത്തം ചെയ്യുന്നു; ഇന്നു മുതൽ കമലം എന്റെ മകളായിരിക്കും. അവൾ ലീലയോടുകൂടി വളരട്ടെ.”

‘എന്റെ ദൈവമെ, ........”കൃതജ്ഞത, ആശ്വാസം, സംതൃപ്തി, ചാരിതാൎത്ഥ്യം ഇവയെല്ലാം ആ പഞ്ചാക്ഷരങ്ങളിൽ പററിപ്പിടിച്ചിരുന്നു. രാമക്കുറുപ്പു് ഒരു ദീർഘനിശ്വാസം വിട്ടു. ഹാ! അതു് അയാളുടെ അവസാന നിശ്വാസമായിരുന്നു.

II

ആ ദിക്കിലെ പ്രമാണിയായ പപ്പുപിള്ളയുടെ കുടുംബത്തിലെ ഒരംഗമായി കമലം ജീവിക്കുവാൻ തുടങ്ങിയിട്ടു് വർഷം അഞ്ചു കഴിഞ്ഞു. ലീലയോടുകൂടി അവളും സ്കൂളിൽ പോകും. പഠിത്തത്തിൽ ഇരുവരും ഒരുപോലെ സാമർത്ഥ്യം കാണിച്ചു. ഒരു ഞെട്ടിലെ രണ്ടു പൂക്കൾപോലെ അവർ പരസ്പരം സ്നേഹവിശ്വാസങ്ങളോടെ ജീവിച്ചു. ഇതു പപ്പുപിള്ളയ്ക്കു് അത്യന്തം ആഹ്ലാദകാരണമായി. അക്കൊല്ലത്തെ പബ്ളിക്കുപരീക്ഷയ്ക്കു് നിഷ്കൃഷ്ടമായ നിയന്ത്രണമുണ്ടായിരുന്നിട്ടും ലീലയും കമലയും വിജയികളായി. ആ സന്തോഷവൎത്തമാനമറിഞ്ഞു പപ്പുപിള്ള തന്റെ ഏകപുത്രനെ വിളിച്ചു് ഇങ്ങനെ പറഞ്ഞു:—

“കുമാരാ, ലീലയ്ക്കും കമലയ്ക്കും ഓരോ നല്ല പട്ടുസാരി വാങ്ങിക്കൊടുക്കണം. അവരുടെ ഇഷ്ടംപോലെ അവർ പറയുന്നതു വാങ്ങിക്കൊള്ളു.”

കുമാരൻനായരും കുമാരികളും, അവരുടെ വക കുതിരവണ്ടിയിൽ കമ്പോളത്തിലേക്കു പോയി. ഒരു പട്ടുവ്യാപാരശാലയിൽ അവർ ചെന്നു. ലീല, കസവുചിത്രത്തയ്യലുകൾ നിറഞ്ഞ ഒരു വില കൂടിയ സാരി തെരഞ്ഞെടുത്തു. എന്നാൽ കമലയാകട്ടെ, ഏററവും വില കുറഞ്ഞതും യാതൊരു ചിത്രപ്പണികളില്ലാത്തതും, ആയ ഒരു വെള്ള സാരിയാണു് ഇഷ്ടപ്പെട്ടതു്. അതു കുമാരൻ നായക്കു് വാസ്തവത്തിൽ സങ്കടകാരണമായി. എന്തെന്നാൽ ലീലയെടുക്കുന്ന സാരിയേക്കാൾ ഒട്ടും കുറഞ്ഞതായിരിക്കുവാൻ പാടില്ല കമലയുടെ സാരിയെന്നു് ആ യുവാവിനു് ആഗ്രഹമുണ്ടായിരുന്നു. അയാൾ ലീലയെ സ്നേഹിച്ചു; കമലയെ സ്നേഹിക്കയും പ്രേമിക്കയും ചെയ്തു. കുറെക്കൂടി നല്ല സാരിയെടുക്കുന്നതിനെപ്പററി കുമാരൻനായർ നിർബന്ധിച്ചപ്പോൾ കമല ചിരിച്ചുകൊണ്ടു പറഞ്ഞു:—

“ജ്യേഷ്ഠാ, ഞാൻ എടുക്കുന്ന സാരി, എനിക്കിഷ്ടമുള്ളതായിരിക്കണോ ജ്യേഷ്ഠനിഷ്ടമുള്ളതായിരിക്കണോ?”

കുമാരൻനായർ ചിരിച്ചുകളഞ്ഞു. അഭ്യസ്തവിദ്യനും സംസ്കാരസമ്പന്നനുമായ ആ യുവാവു്, ഒരു നർമ്മസംവാദത്തിനു തയ്യാറായില്ല.

സാരികളും വാങ്ങി അവർ വണ്ടിയിൽ തിരിയെ വരുമ്പോൾ, സിനിമാ നോട്ടീസ് വിതരണം ചെയ്തുകൊണ്ടു്, വാദ്യഘോഷങ്ങളോടെ എതിരെ വരുന്ന ഒരു കാളവണ്ടി കണ്ടു, കുതിര പിണങ്ങുകയും റോഡിന്റെ ഒരു വശത്തുള്ള ഓടയിൽക്കൂടി വണ്ടിയുടെ ഒരു ചക്രം കുറേനേരം ഉരുളുകയും, ഒടുവിൽ ഒരു കലുങ്കിൽ ചെന്നടിച്ചു വണ്ടി മറിയുകയും ചെയ്തു. ഇതെല്ലാം അഞ്ചുനിമിഷം കൊണ്ടു കഴിഞ്ഞു. വണ്ടിക്കാരൻ ചാടിക്കളഞ്ഞതിനാൽ അയാൾക്കാപത്തൊന്നും പററിയില്ല. ലീലയുടെ നെററിക്കു കഠിനമായ ഒരു മു

റിവു പററി. കുമാരൻനായക്കു പുറമെ പരുക്കുകൾ ഒന്നും കാണ്മാനില്ലായിരുന്നുവെങ്കിലും അയാൾ ബോധരഹിതനായിപ്പോയി. കമലയുടെ പാദത്തിൽക്കൂടി വണ്ടിച്ചക്രം കയറിയിറങ്ങിയതിനാൽ, വളരെ ആഴത്തിലുള്ള ഒരു മുറിവുണ്ടായി. വണ്ടി ഛിന്നഭിന്നമായിപ്പോയി.

III

ഏററവും നിസ്സാരമായ പരുക്കു കമലയ്ക്കായിരുന്നുവെങ്കിലും യുവാവായ ഡാക്ടർ ഏററവും നിഷ്ക്കർഷയോടെ ചികിത്സിച്ചതു് അവളെയായിരുന്നു. അവളുടെ കാലിൽ മരുന്നു വച്ചുകെട്ടുന്ന ജോലി പലപ്പോഴും അദ്ദേഹം തന്നെ ചെയ്തിരുന്നു. ഒരു ദിവസം ഡാക്ടർ, കമലയുടെ കിടക്കയുടെ സമീപത്തു കുനിഞ്ഞു നിന്നുകൊണ്ടു് വളരെ മന്ദമായിപ്പറഞ്ഞു:

"കമലമ്മേ, എന്റെ അവിവേകത്തെ ക്ഷമിക്കണം. എന്തോ അദൃശ്യമായ ശക്തിയുടെ പ്രേരണയാൽ ഞാൻ ഭവതിയെ സ്നേഹിക്കുന്നു. ഇതു തുറന്നുപറയാതിരിക്കുവാൻ എന്റെ മനസ്സ് സമ്മതിക്കുന്നില്ല."

കമലയുടെ മുഖത്തു് അപ്പോൾ യാതൊരു ഭാവഭേദവും പ്രത്യക്ഷപ്പെട്ടില്ല. പക്ഷെ അടുത്ത നിമിഷത്തിൽ അവളുടെ മുഖം ചുവന്നു. കാലിലെ കരിഞ്ഞുതുടങ്ങിയ മുറിവിൽക്കൂടി രക്തം പൊടിച്ചു. വികാരപാരവശ്യത്തോടെ അവൾ തലയിണയിലേക്കു ചരിഞ്ഞു. അവളുടെ തിളങ്ങുന്ന കണ്ണുകൾ, ഡാക്ടരുടെ വ്രീളാസമ്മിളിതമായ നേത്രങ്ങളുമായി ഇടഞ്ഞു.

ഒരു പക്ഷേ, താൻ പറഞ്ഞതു് ഒരു സാഹസമാണോ എന്നു ഡാക്ടർ പരിഭ്രമിച്ചു. പ്രണയവിഷയത്തിൽ കേവലം ബാലപാഠക്കാരനായ ആ യുവാവു് തലകുനിച്ചു.

"ഡാക്ടർ, അങ്ങാരാണെന്നു് എനിക്കറിഞ്ഞുകൂടാ. അങ്ങയുടെ പേരുപോലും എനിക്കറിഞ്ഞുകൂടാ. എങ്കിലും, ആദ്യമായി അങ്ങു് എന്റെ കാലിൽ സ്പർശിച്ച നിമിഷത്തിൽ എന്റെ ദേഹത്തു വൈദ്യുതപ്രവാഹമുണ്ടായതുപോലെ തോന്നി. അങ്ങു് ആരായാലും കൊള്ളാം, ഞാൻ അങ്ങയെ സ്നേഹിക്കുന്നു..."

കമല പിന്നെ എന്തൊക്കെയോ പറയുവാൻ ഭാവിച്ചു. പക്ഷെ അവൾക്കതിനു ശക്തിയുണ്ടായില്ല. മററു രോഗികളെ നോക്കുവാനായി നടന്നുപോകുന്ന ഡാക്ടറെ അവൾ സാകൂതം നോക്കിക്കൊണ്ടു കിടന്നു.

IV

ഗൃഹസദസ്സിൽ പരന്ന ഒരു ചെറിയ സംസാരം ലീലയുടെയും കമലയുടെയും ചെവികളിലെത്തി. പക്ഷെ ആ സംസാരം ലീലയെ ആഹ്ളാദഭരിതയും കമലയെ അസ്വസ്ഥചിത്തയുമാക്കിത്തീർക്കുകയാണുണ്ടായതു്. ഒരുവേള ആ വാർത്തയിൽ ഒരു ചെറിയ പിശകു പററിയിരിക്കാമെന്നു കമലയ്ക്കു തോന്നി.

ഒരു ദിവസം രാവിലെ പപ്പുപിള്ള മകനെ വിളിച്ചുപറഞ്ഞു!—"കുമാരാ നമ്മുടെ ലീലയെഡാക്ടർ ഗോപാലമേനോനെക്കൊണ്ടു വിവാഹം കഴിപ്പിക്കണമെന്നു ഞാൻ വിചാരിക്കുന്നു. അദ്ദേഹം സമ്മതിക്കയും ചെയ്തിട്ടുണ്ടു്. നിന്റെ അഭിപ്രായമെന്താണു്?".

കുമാരൻനായരുടെ മറുപടി അച്ഛനു് അനുകൂലമായിരുന്നു:—അച്ഛാ ഇതു നല്ല ആലോചനയാണു്. അന്നു ഞങ്ങൾ വണ്ടിമറിഞ്ഞു് ആശുപത്രിയിൽ കിടന്നപ്പോൾ, അദ്ദേഹം എത്ര കാൎയ്യമായിട്ടാണു് ഞങ്ങളെ ചികിത്സിച്ചതു്. എനിക്കീ ആലോചന വളരെ സ്വീകാൎയ്യമായിത്തോന്നുന്നു."

പപ്പുപിള്ള വീണ്ടും പറഞ്ഞു:—ഉവ്വ്, അങ്ങനെതന്നെ നടക്കട്ടെ. കമലയ്ക്കും വിവാഹപ്രായമായിരിക്കയാണല്ലോ.

കുമാരൻനായർ മൗനമായി മുഖം കുനിച്ചു.

"മകനെ, അവൾ സുശീലയാണെന്നു നിനക്കറിയാമല്ലോ. എന്റെ മകളായിട്ടു തന്നെയാണു് ഞാൻ അവളെയും കരുതുന്നതു്. മേലും അവൾ എന്റെ മകളായിരിക്കണം."

"അച്ഛാ ഇഷ്ടംപോലെയാകട്ടെ" കുമാരൻ നായർ നേരെ നോക്കാതെ മറുപടിപറഞ്ഞു.

"അതെ,"-പപ്പുപിള്ള തലയാട്ടി. "കമലയ്ക്കും അതു സന്തോഷകരമായിരിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു."

"മക്കളെ—" പരിഷ്കൃതാശയസമ്പന്നനായ ആ പിതാവു് വിളിച്ചു. ലീലയും കമലയും, തള്ളയുടെ അടുക്കലേക്കു പാഞ്ഞെത്തുന്ന ആട്ടിൻകുട്ടികളെപ്പോലെ അച്ഛന്റെ സമീപത്തു് ഓടിയെത്തി. തന്റെ ഇടത്തും വലത്തുമായി വന്നു നിന്ന ആ കുമാരികളുടെ തോളിൽ പിടിച്ചുകൊണ്ടു് പപ്പുപിള്ള പറഞ്ഞു:—"കുഞ്ഞുങ്ങളെ വിവാഹകാൎയ്യം ഞാൻ തീർച്ചപ്പെടുത്തി. കമലയെ നമ്മുടെ കുമാരനും, ലീലയെ ഡോക്ടർ ഗോപാലമേനോനും.

അദ്ദേഹം ഇത്രയും പറഞ്ഞു പുഞ്ചിരിയിട്ടുകൊണ്ടു് അവരുടെ മുഖത്തേക്കു നോക്കി. ലീല ലജ്ജാഭരിതയായി നിന്നു. കമലയുടെ കണ്ണുകളിൽ നിന്നു ചുടുനീർ ഉരുണ്ടുവീണു. അവൾ വലിയൊരു പരീക്ഷണഘട്ടത്തിലാണു് എത്തിച്ചേർന്നിരിക്കുന്നതു്. താൻ ഹൃദയപൂൎവ്വം സ്നേഹിക്കുന്ന ഡാക്ടർ—ഏതോ അദൃശ്യശക്തിയാലെന്നവണ്ണം തന്നെ സ്നേഹിക്കുന്നുവെന്നു പറഞ്ഞ ഡാക്ടർ ഗോപാലമേനോൻ—ലീലയുടെ ഭൎത്താവാകുകയോ? കമലയുടെ കണ്ണുകളിരുണ്ടു. തല കറങ്ങി. വീണുപോകാതിരിക്കുവാനായി അവൾ ജനലഴികളിൽ കടന്നുപിടിച്ചു.

പപ്പുപിള്ള തുടർന്നു,—കമലേ, എന്റെ മകൾക്കു് ഇതു സങ്കടകരമാണോ? കുഞ്ഞേ വിവാഹത്തെ അഭിലഷിക്കാത്ത പെൺകുട്ടികളില്ല. മഠയിയെപ്പോലെ കരയാതെ. എന്റെ വൻപിച്ച സ്വത്തിന്റെ അവകാശിയായിട്ടാണു നീ തീരുന്നതു്! കുമാരൻ, നിനക്കു് അനുയോജ്യനായ ഭൎത്താവായിരിക്കുമെന്നും ഞാൻ ആശിക്കുന്നു. നീ എന്നും മകളായിത്തന്നെയിരിക്കണമെന്നും എനിക്കാഗ്രഹമുണ്ടു്.

V

വിവാഹത്തിനുള്ള ഒരുക്കങ്ങൾ ദ്രുതഗതിയിൽ നടന്നു. രണ്ടു യുവതികളുടെയും ഒരു യുവാവിന്റെയും വിവാഹങ്ങളാണു് ഒരേവീട്ടിൽ വച്ചു നടക്കുന്നതു്. പപ്പുപിള്ളയുടെ ധനശക്തി അതിന്റെ വിശ്വരൂപത്തിൽ അവിടെ പ്രത്യക്ഷപ്പെട്ടു. അലങ്കാരങ്ങൾ, സദ്യവട്ടങ്ങൾ, വിവാഹമണ്ഡപം, പന്തൽ—എന്നുവേണ്ട എല്ലാററിനും ആ ഗൃഹസ്ഥൻ ലോഭം കൂടാതെ പണം ചെലവാക്കി.

മുഹൂൎത്തം സമീപിച്ചു. ഒരു മണിക്കൂറിനകം, വരനായ ഡാക്ടർ ഗോപാലമേനോൻ വന്നുചേരുമെന്നു സന്ദേശം കിട്ടി. കുമാരൻ നായരും, ലീലയും, കമലയും വസ്ത്രാഭരണങ്ങളണിയുവാൻ ഗൃഹനായകന്റെ ആജ്ഞ പുറപ്പെട്ടു. ലീല ചമയമുറിയിലേക്കു പോയി. കമലയെവിടെ—? പെട്ടെന്നൊരന്വേഷണം. ആ“–ാാ” ആൎക്കും അറിഞ്ഞുകൂടാ. എല്ലാവരും കൈമലൎത്തി. ലീല സ്തബ്ധചിത്തയായി. പപ്പുപിള്ള സംഭ്രാന്തനായി! കുമാരപിള്ള ഇതികൎത്തവ്യതാമൂഢനായി. കിണറായ കിണററിലൊക്കെ നോക്കി. കമലയില്ല. അതെ, വധുവില്ല.

ഈ തിരക്കിനിടയിൽ പപ്പുപിള്ളയുടെ മേൽവിലാസമെഴുതിയ ഒരു കവർ

# സ്നേഹിതന്മാർ

## പഞ്ചസാരയിൽ പൊതിഞ്ഞ വേപ്പിൻകുരുക്കൾ

(ജി. ഗോപാലപിള്ള ബി. എ. എൽ. ററി)

മസൂരി, കോളറാ, പ്ളേഗ്, തുടങ്ങി എത്ര ജാതി യമദൂതന്മാരാണിവിടെ സഞ്ചാരമുള്ളതു്? വാതം, പിത്തം, ക്ഷയം തുടങ്ങി എത്ര തീരാവ്യാധികളാണു് കാലൻസ്പെഷ്യൽഡ്യൂട്ടിയിൽ എടുത്തിരിക്കുന്നതു്! ഒരിക്കൽ പരിചയപ്പെട്ടാൽ അവസാനംവരെ നമ്മേ വിട്ടുപിരിയാത്ത ഉത്തമസ്നേഹിതന്മാരാണിവർ. പാരമ്പര്യത്തെപ്പോലും ഉപേക്ഷിക്കാത്ത മററുചില ആത്മാർത്ഥസഖാക്കളും മനുഷ്യനുണ്ടു്. അസൂയ, അഹങ്കാരം, ആർത്തി, തണ്ടു്, മുതലായവ ഇക്കൂട്ടത്തിൽ പ്രധാനികളാണു്.

കാപ്പിപ്പൊടിയും പഞ്ചസാരയും തീരുമ്പോൾ ചീട്ടുകളിക്കാൻ പകലെ കൂടുന്ന സ്നേഹിതന്മാരെല്ലാം പിരിയും. ഞാൻ പറയാൻ പാർപ്പിച്ചിരിക്കുന്ന സ്വിൽബന്ധികൾക്കു രണ്ടുനേരത്തെ ചോറു തെററിയാൽ പിരിയാതെ നിവൃത്തിയില്ലാതാകും. പണയം വെയ്ക്കാൻ ഉരുപ്പടി ഇല്ലാതായാൽ ചാക്കോച്ചന്റെ കൂടി ''ക്ഷീണം മാററാൻ'' പൊയ്ക്കൊണ്ടിരുന്നവരെ കാണുകയില്ല. ശമ്പളക്കുടിശിക തീർത്തു കഴിഞ്ഞാൽ നമ്മുടെ അരിവയ്പുകാരൻ ശങ്കുപോലും പൊയ്ക്കഴിയും. പണം കടം കിട്ടുകയില്ലെന്നു കണ്ടാൽ അയൽപക്കക്കാരൻ കറമ്പൻ പണിക്കരുവരെ നമ്മേ ശകാരിച്ചകലുകയായി. എന്തിനു്? കൂടെ പഠിച്ചിരുന്ന തോമ്മാച്ചൻ പോലും മദ്യം കൂട്ടുപിടിച്ചാലെന്നപോലെ ബോധക്കേടിൽ തെറിപറയുകയായി. ഇങ്ങനെ സ്നേഹമുണ്ടെന്നു് വിശ്വസിക്കപ്പെടുന്ന പലരും എന്തു പെട്ടെന്നു് നമ്മേ വിട്ടകലുമെന്നോ? എന്നാൽ വാതക്ഷയാദിരോഗരാജന്മാർ എത്ര യോഗ്യന്മാരാണു്. അഭിവൃദ്ധിയിലും അധഃപ്പതനത്തിലും നമ്മേ വിട്ടുപിരിയാത്ത സുഹൃത്തുക്കളാണവർ. മസൂര്യാദികളാണെങ്കിൽ അബദ്ധത്തിൽ നമ്മേ വിട്ടുപിരിയുന്നതിനു് നിർബന്ധിതരാകുന്ന പക്ഷം പോലും അവരെ ഒരിക്കലും മറക്കാതിരിക്കത്തക്കവണ്ണം നമ്മേ അനുഗ്രഹിക്കാതിരിക്കയില്ലെന്നുള്ളതു് നിശ്ചയമാണു്.

സ്നേഹിതന്മാരേ സമ്പാദിക്കുന്നതു് നിഷ്പ്രയാസം സാധിക്കും. ഓരോ സന്ദർഭത്തിൽ ഓരോ ആവശ്യത്തിനു് നമ്മേ സമീപിക്കുന്നവരെ വിടാതിരുന്നാൽ മതി. അവർ ചോദിക്കുന്നതെല്ലാം കൊടുക്കുകയോ കൊടുക്കാമെന്നേൽക്കുകയോ ചെയ്യുക. ഇക്കൂട്ടരിൽ ഒരെണ്ണവും നമ്മുടെ അടുത്തുനിന്നും മാറുന്നതല്ല. മാവിൻചുവട്ടിൽ മാമ്പഴമുള്ളകാലത്തു കുട്ടികൾ കൂടുന്നതുപോലെ ഇവർ നമ്മേ ചുററിപ്പററി നില്പുയായി.

ഇവരിൽ ചിലരെക്കൊണ്ടു് നമുക്കു പല കാര്യങ്ങളും നിഷ്പ്രയാസം സാധിക്കയും ചെയ്യാം. നമുക്കു് ഇഷ്ടമില്ലാത്തവരെപ്പററിയുള്ള സംസാരവിഷയം വരുമ്പോൾ അവരുടെ കുററങ്ങളും കുറവുകളും ഒന്നിനു പത്താക്കി പ്രസംഗിപ്പിക്കുക, നമ്മുടെ സാമർത്ഥ്യം, വീട്ടുകാരിയുടെ സൗന്ദര്യസൽഗുണാദികൾ, സന്താനങ്ങളുടെ ബുദ്ധിശക്തി ആദിയായവയെപ്പററിയുള്ള നമ്മുടെ നെടുങ്കൻ ബോറൻ പ്രസംഗങ്ങൾ കേൾപ്പിക്കുക, ഒക്കുമെങ്കിൽ കിട്ടുന്നിടത്തോളം 'വായ്പ വാങ്ങുക, പകലെ ചീട്ടുകളിക്കാൻ സ്നേഹിതന്റെ വീട്ടിലെത്തി രാവിലത്തെ കാപ്പികുടിക്കഴിഞ്ഞു മടങ്ങുക, എന്നിത്യാദി പല ഗുണങ്ങളും ഇവരെക്കൊണ്ടു് നമുക്കു സാധിക്കാമായിരിക്കാം.

സൗകര്യമുള്ളപ്പോഴെല്ലാം എന്തെങ്കിലും വിഡ്ഢിത്തരങ്ങൾ എഴുന്നള്ളിച്ചു് മഞ്ഞളു് പാറിക്കുന്ന കൂട്ടരും ഇക്കൂട്ടത്തിലുണ്ടു്. ഇവരുടെ പ്രസ്താവനകൾക്കു ശബ്ദവും ശക്തിയും കൂടുന്നതു്, മര്യാദയായിക്കഴിഞ്ഞുകൂടുന്ന വല്ല സ്ത്രീകളോ, "അയിററപ്പിഴ"കളായ വല്ല വാദ്ധ്യാന്മാരോ അവരുടെ സമീപത്തുകൂടി കടന്നു പോകുമ്പോഴായിരിക്കും. ഇങ്ങനെയുള്ള സന്ദർഭങ്ങളിൽ പറയുന്ന അസംബന്ധങ്ങൾക്കെല്ലാം ''വിററ്'' (wit) എന്നത്രേ ഇവർ നാമകരണം ചെയ്തിരിക്കുന്നതു്. വിററ് പച്ചയായി പറയുന്നയാൾ ഇവരുടെ ജേണൻസൺ ആയിക്കഴിയും. ഈ ഇനം സ്നേഹിതവർഗ്ഗത്തോടുകൂടി നല്ല പകൽ സമയത്തുപോലും സഞ്ചരിക്കുന്നതു് വളരെ സൂക്ഷിച്ചുവേണം.

ചില വെറും പരിചയക്കാർ അടുത്ത സ്നേഹിതന്മാരായി ഭാവിക്കുക അസാധാരണമല്ല. വീട്ടിൽ പോയിട്ടു് മൂന്നു നാലു മാസമായതിനാൽ കുറച്ചു് പച്ചക്കടലാസുകളും വെള്ളിത്തുട്ടുകളുമായി ബസ് സ്റ്റാൻഡിലിറങ്ങുമ്പോഴായിരിക്കും പകുതി

---

കണ്ടുകിട്ടി. അതു കമലയുടെ കൈയക്ഷരമായിരുന്നു. പരിഭ്രാന്തിയോടെ, അദ്ദേഹം അതിങ്ങനെ വായിച്ചു:—

"എന്റെ പ്രിയപ്പെട്ട അച്ഛാ, അങ്ങു് ഈശ്വരനെ വിചാരിച്ചു എന്നോടു ക്ഷമിക്കണമെ. ലോകത്തിൽ നിരാശ്രയായിത്തീർന്ന എന്നെ, അങ്ങയുടെ പരമകാരുണ്യം കൊണ്ടു് രക്ഷിച്ചു; വിദ്യാഭ്യാസം ചെയ്യിച്ചു; ലീലയേപ്പോലെ തന്നെ എന്നെയും അങ്ങു വാത്സല്യത്തോടുകൂടി വളർത്തി. അനാഥയായ എന്നെ അങ്ങു സനാഥയാക്കുവാനും, തദ്വാരാ അങ്ങയുടെ പുത്രനു ലഭിക്കുന്ന വൻപിച്ച സ്വത്തിന്റെ അവകാശിയാക്കുവാനും അങ്ങു് ആഗ്രഹിച്ചു. എന്റെ ഈശ്വരാ, ഞാൻ ചെയ്യുന്നതു വലിയ കട്ടംകൈയും നന്ദികേടുമാണെന്നു് എനിക്കറിയാം. പക്ഷെ ഞാൻ എന്തു ചെയ്യട്ടെ. കുമാരച്ചേട്ടനെ എന്റെ സ്വന്തം സഹോദരനായി സ്നേഹിക്കുവാനെ എനിക്കു ശക്തിയുള്ളു. അയ്യോ എന്നോടു ക്ഷമിക്കണേ. എന്റെ ഹൃദയം പരാധീനമായിപ്പോയി. ഞാൻ കുമാരച്ചേട്ടന്റെ ഭാര്യയായാൽ, അതു് അദ്ദേഹത്തോടും എന്നോടു് തന്നെയും ചെയ്യുന്ന ഒരു വലിയ വഞ്ചനയായിരിക്കും. ഞാൻ പോകുന്നു. എങ്ങോട്ടെന്നില്ലാതെ പോകുന്നു. ഈ പ്രിയപുത്രിയുടെ തിരോധാനം അങ്ങേയ്ക്കും കുമാരച്ചേട്ടനും എന്റെ ലീലയ്ക്കും സങ്കടകരവും ഒരു പക്ഷെ അപമാനകരവും ആണെന്നു് എനിക്കറിയാം. എങ്കിലും ഞാൻ പോകുന്നു. എന്നോടു ക്ഷമിക്കണമേ, ദൈവത്തെ വിചാരിച്ചു് എന്നോടു ക്ഷമിക്കണമെ,"

സ്വന്തം മകൾ കമലം.

കണ്ണുനീരിൽ നനഞ്ഞിരുന്ന ആ കത്തു്, പപ്പുപിള്ളയുടെ കണ്ണുനീരു കൊണ്ടു് വീണ്ടും കുതിർന്നു.

---

ക്കാക്കിയിൽ ഒരുത്തൻ അടുത്തുവന്നു് പല്ലിളിച്ചു് കാണിക്കുന്നതു്. അസേ! വരണം. ഇരിക്കണം. നിങ്ങളെക്കണ്ടിട്ടു് എത്ര നാളായി. ഇതുപോലുള്ള പഴയ സ്നേഹിതന്മാരേക്കാണുക എനിക്കു എത്ര ആശ്വാസമാണെന്നോ! ഈ ലൈഫ് വളരെ ഡ്രൈ ആണെന്നു്. നിങ്ങൾ എന്തു ഭാഗ്യമുള്ളവർ! എനിക്കു സ്നേഹിതന്മാർ നന്നേ കുറവാണു്. നിങ്ങളും വേറെ രണ്ടു പേരും മാത്രം. ഞാൻ നന്നേ മുഷിഞ്ഞു."

നാം— "വിശേഷമൊന്നുമില്ലല്ലോ. എനിക്കങ്ങു ചെന്നിട്ടു് അല്പം ധൃതിയുണ്ടു്."

സ്നേ—എന്താണിത്ര ധൃതി. എനിക്കൊരുപാടൊക്കെ പറയാനുണ്ടു്. very many things. ഞാനൊരു കുഴപ്പത്തിലാണിപ്പോൾ. ആ പാഴ്സലിന്റെ രണ്ടുമൂന്നു രൂപ ഞാനൊന്നു മറിച്ചുകളഞ്ഞു. ഉണ്ടോ കയ്യിൽ"

നാം—പണം ഒരത്യാവശ്യത്തിനു കൊണ്ടുപോകയാണു്.

സ്നേ—"കാപ്പി കഴിഞ്ഞോ! നിങ്ങളെപ്പോലുള്ളവരോടല്ലാതാരോടാണൊന്നു ചോദിക്കുന്നതു്."

എന്തിനധികം? പറഞ്ഞുപറഞ്ഞു് മൂന്നാം ദിവസം ശമ്പളം കിട്ടുമ്പോൾ തന്നുകൊള്ളാമെന്നുള്ള വ്യവസ്ഥയിൽ വാങ്ങുന്നപണം രണ്ടു പ്രാവശ്യം കണ്ടു ചോദിക്കയും മൂന്നു പ്രാവശ്യം എഴുതുകയും ചെയ്താൽ പോലും കിട്ടുമോ എന്നുള്ളതു് സംശയമാണു്.

സ്നേഹിതബാധയുടെ ഉപദ്രവം പണമില്ലാത്തപ്പോഴും അല്ലാത്തപക്ഷം ആഹാരം കഴിക്കാനാരംഭിക്കുമ്പോഴുമാണുണ്ടാകുന്നതു്. കയ്യിൽ പണമില്ലാതെ വിഷമിച്ചു് ഇക്കൂട്ടരിൽ ആരെയെങ്കിലും കണ്ടാൽ ഫലം ഊഹ്യമാണു്. കാര്യം അവക്കു മനസ്സിലായിക്കഴിഞ്ഞാൽ എത്ര പെട്ടെന്നു് സംഭാഷണം ചുരുക്കുമെന്നോ!

സ്വന്തം അപ്പനെ അയൽപക്കത്തെ മൂപ്പീന്നെന്നു് കൂട്ടുകാരോടു് പറഞ്ഞു തെളിയുന്ന ചെറുപ്പക്കാർ സാധുവായ ഒരു സ്നേഹിതനെ അവന്റെ വിഷമഘട്ടത്തിൽ അറിയാതിരിക്കുന്നെങ്കിൽ അതിലെന്താണാശ്ചര്യം! സ്വദേശത്തുനിന്നു വലിയ ഉദ്യോഗത്തിൽ ഇരിക്കുന്ന മകനെ കാണാൻ ചെന്ന അമ്മയെ വണ്ടിക്കൂലിക്കുള്ള ചക്രം പ്യൂണിനെ ഏല്പിച്ചു ബസ്സ്റ്റാൻഡിലേക്കു് ഉടനെ പറഞ്ഞയച്ച ആളുകളും അപൂർവ്വമല്ലാത്ത സ്ഥിതിക്കു് ഇതു് വല്ലതും സാരമുള്ളതാണോ?

'സ്നേഹ'വുമായി ബന്ധിച്ചു് ഈ വക യോഗ്യന്മാരെ വിളിക്കേണ്ടതായി വരുന്നതു് ആ പരിശുദ്ധമായ പദത്തിന്റെ വിധിയെന്നല്ലാതെ എന്തു പറയാനാണു്?

# അതുതാൻ സൗഭാഗ്യപ്രദം.

(കിടാരക്കുഴി വി. എസ്സ്. രാജാ)

കമനീയാസ്യത്തെ കരുതേണ്ട നീയി-
നാമലേ മോഹനകുസുമമേ
മഹിയിലാക്കിന്നനുപമാനന്ദ-
മരുളും മോഹനപ്രണയത്താൽ
സുഖദസൗരഭ്യമധുവുദിച്ചീടാൻ
സമയമാഗമിപ്പതുവരെ
വിജയിക്ക പൂവേ, വിഹരിക്കമേന്മേ-
ലനവരതം പൂവനമതിൽ

ലതയതിൽ പൂത്തമധുരമഞ്ജരീ-
നിവഹത്തിൽ നീയിന്നൊരുമൊട്ടായ്
മരുവുന്നെങ്കിലും മഹനീയതങ്ങ-
ളമരുന്നതും നിൻ തിരുമെയ്യിൽ
പരമനിർമ്മല മലർവാടിചൂടും
സരസസംപൂജ്യകുസുമമേ
പവനമാനൻ താരാട്ടരുളിനീയേറേറാ-
രമലജീവിതം സമുചിതം

ഒരു മുകുളമായ് മരുവും നീയല്പ-
ദിവസങ്ങൾ നിന്നാൽ വികസിക്കും
അതുലമോദസമ്മിളിതമായീട്ട-
മനഘസൗരഭ്യം പ്രവഹിക്കും
തവ മൃദുലാംഗമഴകായാരമ്യ-
പ്രദയാലത്യന്തം തെളിയുമ്പോഴും;
സുഗുണസുന്ദരപ്രണയത്തു മധു-
വുദിതമായിട്ടും ഹൃദയത്തിൽ
നിറയുമ്പോഴുമാ വിലസുമ്പോൾ പ്രേമ-
ത്തിരയുല്ലാസത്തോടിളകുമ്പോൾ,
പരിപാവനമാം പുതിയ പുഞ്ചിരി
സ്ഫുരിതമായിട്ടു വദനത്തിൽ
അതുകാലം മധുരവാണേറും
മധുപങ്ങൾ തവ സവിധത്തിൽ
അണയും രാഗത്തിൻ ലഹരിയാൽ ശുഭ-
പ്രണയസംഗി സഹിതരായ്
കരുതുകചിന്താഫലമായിട്ടതി-
ലൊരുവനെ-ശുദ്ധഹൃദയനെ
അതുതാൻ സൗഭാഗ്യപ്രദമീലോകത്തി-
ലതുതാനാക്കിന്നനുയോജ്യം.

കമനീയാസ്യത്തെ കരുതേണ്ടനീയി-
നാമലേമോഹന കുസുമമേ,
സകൗതുകം സുഖസുദിനമേൽക്കുവാൻ
സകലേശൻ ശുഭമരുളട്ടേ-!!

"കനകലത"യിൽ നിന്നു്

മെററൽ വാൾനോട്ടീസ്
ടൈപ്പുകൾ
കേരള ടൈപ്പ് ഫൌണ്ടറി, കൊല്ലം.

# സ്കൌട്ടുകളുടെ കർത്തവ്യം.

## സ്കൌട്ടുപ്രസ്ഥാനവും അതിന്റെ ചരിത്രവും.

(കുണ്ടറ പി. കെ. കോശി)

ഉദ്ദേശം ഒന്നരമാസം മുൻപു നിര്യാതനായ ബേഡൻ പവ്വൽ പ്രഭുവിനാൽ സമാരംഭിക്കപ്പെട്ട സ്കൌട്ടുപ്രസ്ഥാനം പാശ്ചാത്യപൌരസ്ത്യരായ സകല മഹാന്മാരുടേയും അഭിനന്ദനത്തിനർഹമായിട്ടുണ്ട്. അദ്ദേഹം ക്രിസ്ത്വബ്ദാം 1907-ൽ ടാർസെൻറിൽ ബ്രൌൺസി ഐലൻസ് എന്ന സ്ഥലത്തു വിവിധവർഗ്ഗങ്ങളിൽ പെട്ട ഏതാനും കുട്ടികളെ ചേർത്താണ് ഈ പ്രസ്ഥാനം ആദ്യമായി ആരംഭിച്ചത്. ഭാവിപൗരന്മാരുടെ ശോഭനമായ ഭാവിയേയും, ധർമ്മപ്രബുദ്ധതയേയും സ്വാശ്രയശക്തിയേയും വളർത്തിപുലർത്തുന്നതിനുള്ള പരിശീലനത്തിനായിട്ടാണ് ഈ പ്രസ്ഥാനം മുഖ്യമായി ലക്ഷ്യമാക്കിയിട്ടുള്ളത്. അനാവശ്യസംഗതികളിൽ ബാലന്മാരുടെ ശ്രദ്ധ പതിയാതെയിരിക്കുന്നതിനും പരസ്പരസഹായം മുതലായ ഉത്തമ സേവനകൃത്യങ്ങളിൽ ബാലന്മാർ ചൊടിചൊടിപ്പോടെ പങ്കെടുക്കുന്നതിനും ഈ പ്രസ്ഥാനം തുലോം പ്രയോജനപ്പെടുന്നതാണ്.

"സ്കൌട്ട്" എന്നുള്ളതു് സാധാരണ യുദ്ധത്തിൽ ശത്രുക്കളുടെ ഗതിവിഗതികളെ നിരീക്ഷണം ചെയ്യുന്നതിനു നായകനാൽ നിയമിതനായ പട്ടാള ഉദ്യോഗസ്ഥനെ സംബന്ധിച്ച് ആദ്യകാലത്തു് ഉപയോഗിച്ചുവന്ന സംജ്ഞയാണ്. അതു് അവനിൽ അന്തർലീനമായിരിക്കുന്ന കായികമാനസിക ശക്തികളേയും പരിശ്രമശീലത്തേയും പ്രദർശിപ്പിച്ച് ശക്തിപ്പെടുത്തുകയും ആ വക ഗുണങ്ങളെ സ്വരാജ്യത്തിനുവേണ്ടി അർപ്പണം ചെയ്യാൻ അവനെ ഉദ്യുക്തനാക്കിത്തീർക്കയും ചെയ്യുന്നു. ൧൯൧൪-ലെ ലോകസമരത്തിൽ ൨൦൦൦൦-ൽ പരം സ്കൌട്ടുവിദ്യാർത്ഥികൾ ചക്രവർത്തി തിരുമനസ്സിലെ സംരക്ഷണയിൽ യുദ്ധോദ്യമങ്ങളിൽ ഏർപ്പെട്ടിരുന്നു,

ഓരോ സ്കൌട്ടും സാന്മാർഗ്ഗികനിയമങ്ങളാൽ നിബന്ധിതനാണ്. ശരിയായ ഒരു സ്കൌട്ട് മനസാവാചാകർമ്മണാ കപടം പ്രവർത്തിക്കുകയോ മര്യാദ വിട്ടു പെരുമാറുകയോ ചെയ്കയില്ല. ഋജുവായ മാർഗ്ഗങ്ങളിലല്ലാതെ ഒരു വിധത്തിലും അപഥ സഞ്ചാരം ചെയ്യുന്നതിനു അവൻ ഉൽസുകനായി തീരുന്നതല്ല. അവൻ ഒരിക്കലും സ്വാർത്ഥതല്പരനോ, പരജനദ്വേഷിയോ, അസൂയാലുവോ ആയിരിക്കുന്നില്ല. ആജീവനാന്തം അവൻ വിശ്വാസയോഗ്യനായി ജീവിക്കുന്നതാണ്. ഒരു സ്കൌട്ട്, എല്ലാവരുടെയും മിത്രവും സ്കൌട്ടുകളുടെ സഹോദരനുമാണ്.

സ്കൌട്ടു സംഘത്തിൽ ൮ മുതൽ ൧൧ വയസ്സുവരെ "കബ്സ്" എന്നും ൧൧-മുതൽ ൧൮-വരെ വയസ്സുള്ളവരെ സ്കൌട്ട് എന്നും ൧൮-നുമേൽ മരണപര്യന്തം അംഗങ്ങളായിരിക്കുന്ന അവരെ റോവർസ്കൌട്സ് എന്നും പേരു പറയുന്നു.

സ്കൌട്ടിൽ അഞ്ചോ ആറോ അംഗങ്ങൾ അടങ്ങിയ ഒരു സംഘടനയ്ക്കു് യൂണിററ് എന്നു പറയുന്നു. ഓരോ യൂണിററിനേയും "പട്രോൾ" എന്നും സാധാരണ വിളിക്കാറുണ്ട്. ൧൮ പേരടങ്ങിയ ഒരു സ്കൌട്ടു സംഘത്തെയാണ് "പട്രോൾ" എന്നു പറയുന്നതു്. ഓരോ പട്രോളിൽനിന്നും ഓരോ നായകനെ തെരഞ്ഞെടുത്തിരിക്കും. അതതു പട്രോളിലെ അംഗങ്ങൾ പ്രായത്തിലും സ്വഭാവത്തിലും ഐകരൂപ്യമുള്ളവരായിരിക്കണം. മൂന്നോ നാലോ പെട്രോളുകളുള്ള ഒരു സംഘടനയ്ക്കു ഒരു സ്കൌട്ടുയൂഥം (Scout troop) എന്നു പറയുന്നു. ഒരു സ്കൌട്ടുയൂഥത്തിൽ ഒന്നു രണ്ടു പ്രധാന നായകന്മാർ ഉണ്ടായിരിക്കുന്നതാണ്. സ്കൌട്ടുപ്രസ്ഥാനത്തിന്റെ വിജയം, സ്വഭാവസംസ്കാരവും ശിക്ഷണവും തികഞ്ഞ നായകന്മാരിലാണ് സ്ഥിതി ചെയ്യുന്നതു്. പരസ്പരബന്ധത്തിനുള്ള അവസരം വർദ്ധിപ്പിക്കുന്നതിലും അംഗങ്ങളുടെ ഇടയിൽ തെററിദ്ധാരണ കടന്നു കൂടാതിരിക്കുന്നതിനും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

സ്കൌട്ടുകളുടെ ആഹ്ളാദകരമായ തൊഴിൽ 'സേവനം' തന്നെയാകുന്നു. സഹോദരങ്ങളുടെ നന്മയെ പുരസ്കരിച്ചു പ്രവർത്തിക്കുന്നതിലാണ് അവരുടെ പ്രാഥമിക ശുശ്രൂഷ വെളിപ്പെടുന്നതു്. ആപൽഘട്ടങ്ങളിൽപെരുമാറേണ്ട വിവിധവശങ്ങളെ പററി അവർക്കു പ്രത്യേകപരിജ്ഞാനം ഉണ്ടായിരിക്കണം. ഏതുതരത്തിലുള്ള പീഢകൾ സഹിച്ചും സഹജീവികൾക്കു കഴിവതു സഹായിക്കുന്നതിനുള്ള സർവ്വവിധശ്രമങ്ങളും ചെയ്വാൻ സ്കൌട്ടുകൾക്കു സാധിക്കുന്നതാണ്.

"പരോപകാരാർത്ഥമിദം ശരീരം" എന്നുള്ള മഹനീയാദർശം നമ്മുടെ ഇടയിൽ നിന്നും ബഹിഷ്കൃതമായതിന്റെ പുനരുദ്ധാരണമത്രേ സ്കൌട്ടുവിദ്യാർത്ഥികൾ സാധിച്ചുവരുന്നതു്. "സദാ ഒരുങ്ങിയിരിക്ക"യെന്നുള്ളതാണ് സ്കൌട്ടുകളുടെ വേദപ്രമാണം. "അനുസരണം" സ്കൌട്ടുകളുടെമുഖ്യധർമ്മമാകുന്നു. പൊതുജനസേവനമാണ് തിരുവിതാംകൂർ സ്കൌട്ടിന്റെ ആദർശം, "ധർമ്മം ചര" എന്നും കൊടിയടയാളം, ശംഖുമുദ്രയുമാണ്. ഈശ്വരനോടും രാജാവിനോടുമുള്ള കർത്തവ്യം ശരിയായി പരിപാലിച്ചുകൊള്ളണമെന്നും സമസൃഷ്ടങ്ങളുടെ സേവനത്തിൽ വ്യാപൃതമായിരുന്നുകൊള്ളണമെന്നും സ്കൌട്ടായി ചേരുന്ന ഒരാൾ ചെയ്യേണ്ട പ്രധാനപ്രതിജ്ഞയാണ്.

ഈ സംഘടനയ്ക്കു് രാഷ്ട്രീയമോ വർഗ്ഗീയമോ ആയ വിഷയങ്ങളുമായി യാതൊരു ബന്ധവുമില്ല. ആകയാൽ വിദ്യാലയപ്രവർത്തകന്മാർക്കും രാജ്യഭരണധുരന്ധരന്മാർക്കും സർവ്വവിദിതമായ ആനുകൂല്യമാണ് ഈ സ്കൌട്ടുപ്രസ്ഥാനത്തോടുള്ളതു്.


## ഹസ്തശാസ്ത്രം.

നിങ്ങളുടെ ഭാവിയെപ്പററി അറിയണമെങ്കിൽ, സാമുദ്രിക (ലക്ഷണ) ശാസ്ത്രം കൂടിച്ചേർന്നിട്ടുള്ള ഈ പുസ്തകം വാങ്ങി പഠിക്കുക. വില ൩ ണ. പോഷിണിവരിക്കാർക്കു മൂന്നണമാത്രം.

മാനേജർ.

കേരളപബ്ളിഷിംഗ് കമ്പനി

പുളിക്കീഴ്—തിരുവല്ലാ.

# നിരൂപകരും നിർമ്മാണകരും.

## കലാകാരന്മാരുടെ പരസ്പരമാൽസര്യം.

(സംസ്കൃതവിദ്വാൻ എം. സി. നായർ.)

കലാപ്രണയികൾ നിരൂപകന്മാരുമായി അത്ര സുഖമില്ലാത്ത മട്ടിലാണു് വർത്തിച്ചുവരുന്നതു്. നിരൂപണവും ഒരു കലയായിത്തന്നെ ഇരിക്കുന്നുവെങ്കിലും അവർ അങ്ങിനെ വിചാരിക്കുന്നോ എന്നു് സംശയമാണു്. കലാകാരന്മാർ വർദ്ധിക്കുന്നതനുസരിച്ചു് നിരൂപകന്മാരുടെ സംഖ്യയും ദൈനംദിനം വർദ്ധിച്ചുകൊണ്ടേയിരിക്കുന്നു. കലകളുടെ അവാച്യവും അതിസുന്ദരവുമായ രസത്തെ ആസ്വദിക്കുവാനുള്ള ആഗ്രഹം ഒരു ഭാഗത്തും ദോഷൈകദൃക്കുകളുടെ വക്രതയും വ്യഗ്രതയും നിറഞ്ഞ അസൂയ മറുഭാഗത്തും ആയി സ്ഫുരിക്കുന്ന ആ മനോഭാവമാണു് ഇവരിൽ മിക്കവാറും കണ്ടുവരുന്നതു്.

വേദാന്തപാഥോനിധിയിൽ നിന്നും ഉദിച്ചുയർന്ന ഒരു കലാനിധി ഒരിക്കൽ പറയുകയാണു്, "യോഗികൾ വെറും ശൂന്യവാദികളാണു്. പൂച്ചികളും പുഴുക്കളും കൂടി ഭൂമിക്കടിയിൽ വസിക്കാറുണ്ടല്ലോ. അങ്ങിനെ നോക്കുമ്പോൾ യോഗികൾക്കു് അവയെക്കാൾ എന്തു സ്ഥാനമാണു് ഉള്ളതു്" എന്നു്. എത്ര ധൈര്യമായിട്ടാണു് ആ അഭിപ്രായം പുറപ്പെടുവിച്ചതു്. ഇങ്ങനെ ഓരോരുത്തരും ഓരോ കാലസാഗരങ്ങളുടേയും ഗംഭീരതയും വിസ്താരവും അനേകമാവൃത്തി സഞ്ചരിച്ചു് ശരിയായി മനസ്സിലാക്കിയ മട്ടിൽ ഉള്ള അഭിപ്രായങ്ങൾകൊണ്ടു് പണ്ഡിതന്മാരേയും പാമരന്മാരേയും സംശയനിമഗ്നരാക്കുന്ന സമ്പ്രദായം ഒട്ടും കുറവല്ല. പാമരന്മാരാകട്ടെ അതു് സർവ്വവും സാക്ഷാൽ വേദവാക്യമെന്നപോലും സമ്മതിക്കും.

സകല കലകളിലും നൈപുണ്യം സമ്പാദിച്ചിട്ടുള്ളവർ വളരെ ദുർല്ലഭമായിരിപ്പാനെ തരമുള്ളു. അവയെപ്പററി നിരൂപണം ചെയ്യുന്നവരും അങ്ങിനെ തന്നെ. "വാക്യപദപ്രമാണപദവി സഞ്ചാരസമ്പൂത"യായ വാക്കുകൊണ്ടു് സാടോപം വിഹരിച്ച മഹാന്മാർക്കും, സുകുമാരവസ്തുവായിരിക്കുന്ന സാഹിത്യത്തിലും, ദൃഢന്യായഗ്രഹഗ്രന്ഥിലമായിരിക്കുന്ന തർക്കത്തിലും മററും സരസ്വതീദേവി എന്നോട്ടുകൂടിത്തന്നെ വിഹരിക്കുന്നു, എന്ന വീരവാദം പറഞ്ഞ മഹാകവികൾക്കുപോലും അങ്ങിങ്ങായി പല സ്ഖലിതങ്ങളും വന്നിട്ടുള്ളതായി കാണാൻ കഴിയും. എന്നാൽ ആ തെററുകളെല്ലാം മഹാകവികളെന്നുള്ള ബഹുമാനം കൊണ്ടോ, പണ്ഡിതവരേണ്യന്മാരെന്ന ഭയം കൊണ്ടോ സാധൂകരിക്കുവാൻ ശ്രമിക്കുന്നതു് നിഷ്കളങ്കന്മാരായ നിഷ്പക്ഷമതികൾക്കു് യോജിച്ചതല്ല. ഏതെങ്കിലും വിധമുള്ള പക്ഷപാതിത്വം നിമിത്തം ഓരോരുത്തർക്കും വന്നിട്ടുള്ള തെററുകളെ ശരിയാക്കുവാനും—ശരിയായതിനെ തെററെന്നു് സമർപ്പിപ്പാനും വേണ്ടി പാടുപെടുന്നതും ആത്മാർത്ഥതയെ തീരെ മറച്ചുവച്ചുകൊണ്ടു് പിടിയാവാദം നടത്തുന്നതും വെറും ബാലിശത്വം തന്നെ.

നമ്മുടെ സാഹിത്യത്തിലേക്കു കടക്കുകയാണെങ്കിൽ ഒരു കൂട്ടർ വാദിക്കുന്നു. ഇന്നത്തെ നിലക്കു് നിരൂപകന്മാരുടെ ആവശ്യമില്ലെന്നു്. മററവർ വാദിക്കുന്നു,– നിർമ്മാതാക്കളുടെ ആവശ്യമില്ലെന്നു്. നിരൂപകന്മാർ പറയും, ഭാഷയിൽ നിർമ്മാതാക്കളുടെ സംഖ്യ വർദ്ധിക്കുന്നതുകൊണ്ടു് യാതൊരു പ്രയോജനവുമില്ല. നേരേമറിച്ചു് വിമർശകരുടെ സംഖ്യയാണു് ഇന്നത്തെ നിലക്കു് വർദ്ധിക്കുവാനുള്ളതെന്നു്.

മറെറാരു കൂട്ടർ പറയുന്നു—ഈ രണ്ടുകൂട്ടരും വർദ്ധിച്ചെങ്കിൽ മാത്രമെ നമ്മുടെ ഭാഷക്കു് ശരിയായ പുരോഗമനം സിദ്ധിക്കുകയുള്ളു എന്നു്. ഏതായാലും നമുക്കു് നിരൂപകന്മാരുടേയും നിർമ്മാതാക്കളുടേയും സാഹചര്യങ്ങൾ അനുപേക്ഷണീയങ്ങളാണു്. ഈ വിഷയത്തിൽ ഇരുകൂട്ടരും ഒന്നു സൂക്ഷിക്കേണ്ടതുണ്ടു്. എങ്ങിനെ എങ്കിലും നിർമ്മാണം അങ്ങു് നടക്കട്ടെ എന്നു് നിർമ്മാതാക്കളും ഉള്ളതൊന്നും വിടാതെ വിമർശനം നടക്കട്ടെ എന്നു് വിമർശകരും തുടങ്ങുകയാണെങ്കിൽ നമ്മുടെ ഭാഷാദേവത വല്ലാതെ വിഷമിക്കേണ്ടതായിവരും. ഒരു ഗ്രന്ഥമാണെങ്കിൽ അതിൽ ഒരു ദോഷത്തിന്റെ പോലും ഛായ കലർന്നിട്ടുണ്ടെങ്കിൽ അതു സ്വീകാര്യമല്ല. അതു് ഗ്രന്ഥമായി ഗണിക്കയുമില്ല, എന്നു് തീർത്തു പറയുന്നതും അത്ര ആശാസ്യമായി തോന്നുന്നില്ല. ആ ഗ്രന്ഥത്തിലുള്ള ദോഷങ്ങൾക്കു് ഉത്തരവാദി ഗ്രന്ഥകർത്താവാണെങ്കിൽ അതുപോലെ തന്നെ അതിലുള്ള ഗുണങ്ങൾക്കും കാരണഭൂതൻ അയാളാണെന്ന സംഗതി വിസ്മരിച്ചുകളയുന്നു. അതാണു് ചിന്തനീയം.

# പിച്ചക്കാരി.*

(സി. ഏ. മറിയാമ്മ, പുതുപ്പള്ളി)

(കേക)

കണ്ണുനീർ തൂകാൻ മാത്രം വന്നു ഞാൻ ജനിച്ചിതോ
വിണ്ണിന്റെ വെളിച്ചവുമിരുണ്ടു പുകഞ്ഞിതോ!
ഖിന്നയെന്മിഴിനീരിലത്യന്തമലിഞ്ഞുപോയ്
മന്നിന്റെ മനോഹരസ്വപ്നങ്ങളശേഷവും.
ദാരിദ്ര്യദുർഭൂതമേ ത്വൽ ക്രൂരനഖങ്ങളെ
ഭീതിദീനയായിട്ടുമെന്മാറിലിറക്കൊല്ലേ.
പാപിനിയിവൾകഷ്ടം! ഭാവിതൻപാരാവാരം
പാരവശ്യത്തോടൊപ്പം പാഞ്ഞേറിയടുക്കുന്നു.
ഇത്രമാത്രമോ പാർത്താൽ ജീവിതം ജഗത്തിങ്ക
ലെത്രയും ഭയങ്കരം: മേലിലുമിന്നേപ്പോലെ.
ചന്ദനക്കുളിരേകിച്ചാഞ്ചാടിക്കുഴയുന്ന
സുന്ദരവസന്തത്തിൻ മാധുരിനുകാരമോ?
എത്രകാലമായ് ഘോരരാത്രിവന്നെൻ ചുഴവും
നിസ്രൂപം പുളയ്ക്കുന്നു; കാളിമ വമിക്കുന്നു!
ഹേമന്തസായഹ്നത്തിൽ പൂമണം പരന്നോട്ടെ
കാമകോമളാംഗിമാർ കാമിതം സാധിച്ചോട്ടെ.
സുന്ദരമന്ദസ്മേരം ചൊരിയും പൂവാടിയിൽ
മന്ദമാരുതൻ ഗാനമാവോളം പാടീടട്ടെ
ഇന്നിവളവയൊന്നും കൂടാതെ കഴിച്ചീടും–
മെന്നിൽ നീ കനിഞ്ഞെന്നാൽ പോരുമേ ജഗത്പ്രഭോ!
മാനസത്തിങ്കൽ സ്നേഹമൂറുവാൻ കഴിയാത്ത
മാനവന്മാരോടെത്രകാലം ഞാൻ കഴിഞ്ഞീടും!
നാളെത്രകഴിക്കും ഞാൻ ശൂന്യമാം തമസ്സിന്റെ
യാഴത്തിലകപ്പെട്ടെൻ പ്രാണനും പിടയുന്നു!
ദുഷ്കീർത്തികൊണ്ടേവം ഞാൻ വലഞ്ഞുകഴിയുവാൻ
ചിത്പ്രഭോ! പിഴയെന്തുചെയ്തുപോയ്; പൊറുത്താലും.

* സെൻറ് ആൻസ് എം. എച്ച്. സ്കൂൾ കവിതാമത്സരത്തിനു് പ്രഥമസമ്മാനത്തിനർഹമായ കവിത.—

വാസനാസമ്പന്നയായ ഈ യുവകവയിത്രിക്കു് സാഹിത്യലോകത്തിലേക്കു ഞങ്ങൾ സ്വാഗതമരുളുന്നു.—(പത്രാധിപർ)

# ദ്രാവിഡദേശത്തിലെ പ്രാചീന വിദ്യാഭ്യാസകേന്ദ്രങ്ങൾ.

## ചില അപൂർവ്വരേഖകളിൽനിന്നുള്ള വിവരങ്ങൾ.

(വള്ളംകുളം എൻ. കൊച്ചുകുഞ്ഞുപണിക്കർ.)

വിദ്യാഭ്യാസത്തിന്റെ മാതൃക എന്തായിരിക്കണമെന്നുള്ളതിനെപ്പററി പലയിടങ്ങളിലും പല അന്വേഷണങ്ങളും നടത്തി വരുന്നു. വിദ്യാഭ്യാസത്തിന്റെ പരമമായ ഉദ്ദേശം സംസ്കാരമാണെന്ന് സകലരും സമ്മതിക്കും. എന്നാൽ ഇക്കാലത്തെ ലോകഗതി നോക്കുമ്പോൾ വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം പാടേ തെററിപ്പോയി എന്ന് കാണ്മാൻ കഴിയും. ഈ സ്ഥിതിക്ക് വിദ്യാഭ്യാസത്തിന് ഇന്നുള്ള മാതൃക മാറേണ്ടതും മാറേറണ്ടതും ആണെന്നും സംസ്കാരത്തെ ലക്ഷ്യമാക്കിയുള്ള അഭ്യസനസമ്പ്രദായങ്ങളാണ് ഉണ്ടാകേണ്ടതെന്നും ആരും സമ്മതിക്കും. ആ അഭിപ്രായം മുൻനിർത്തിക്കൊണ്ടാണ് വിദ്യാഭ്യാസതല്പരന്മാർ പല ശ്രമങ്ങളും ചെയ്യുന്നത്. കിൻഡർഗാർട്ടൻ, മോണ്ടിസ്സോറി, ഈകൺ എന്നിങ്ങനെയുള്ള പാശ്ചാത്യമാതൃകളെപ്പററി പലരും ചർച്ച് ചെയ്യുന്നു. ശാന്തിനികേതനത്തിലെ വിദ്യാഭ്യാസസമ്പ്രദായങ്ങൾ പലരും സ്തുതിക്കുന്നു. പ്രാചീന ഗുരുകുലമാതൃക ഏർപ്പെടുത്തണമെന്നു പലരും വാദിക്കുന്നു. മതപരമായ ബോധനത്തിന്മേൽ വിദ്യാഭ്യാസം നടത്തണമെന്ന് ചിലർ അഭിപ്രായപ്പെടുന്നു. മററു ചിലർ മതപരമായ ബോധനം നൽകുന്നത് ആവശ്യമാണെന്നും എന്നാൽ ആ അസ്ഥിഭാരത്തിന്മേൽ വിദ്യാഭ്യാസം ചെയ്യിക്കരുതെന്ന് എതിർക്കുകയും ചെയ്യുന്നു. മൂന്നാമതൊരു കൂട്ടരാകട്ടെ ഇന്നത്തെ മതപ്രചാരകന്മാൎക്ക് പോലും മതബോധമില്ലെന്ന് പരിഹസിക്കുന്നുമുണ്ട്. ഇങ്ങനെ അഭിപ്രായഭേദമുള്ള പലരുടെയും ആലോചനയ്ക്ക് വേണ്ടി ദ്രാവിഡദേശത്തിലെ (ദക്ഷിണഇൻഡ്യയിലെ) പ്രാചീനവിദ്യാഭ്യാസകേന്ദ്രങ്ങളിൽ അപൂർവ്വം ചിലവയെപ്പററി അത്യപൂർവ്വം ചില കാര്യങ്ങൾ സമർപ്പിച്ചുകൊള്ളുന്നു. ചില പ്രാചീനരേഖകളെ സംഗ്രഹിച്ചുള്ള കാര്യങ്ങളാണ് ചുവടേ ചേർക്കുന്നത്.

തക്ഷശില, കാശി, നളന്ദ മുതലായി ഒരു കാലത്ത് ഹിന്ദുസ്ഥാനത്തുണ്ടായിരുന്ന വിശ്വവിദ്യാലയങ്ങളെപ്പററി ഇന്ത്യാചരിത്രം പഠിക്കുന്നവൎക്ക് ചില അറിവുകളുണ്ടായിരിക്കും. എന്നാൽ ദ്രാവിഡദേശത്തെ വിദ്യാഭ്യാസകേന്ദ്രങ്ങളെപ്പററി അധികം പേർ അജ്ഞരായിത്തന്നെ വർത്തിക്കുന്നു. ഹിന്ദുസ്ഥാനത്തെ ബുദ്ധമതക്കാരെന്നപോലെ ദക്ഷിണാപഥത്തിൽ ഹിന്ദുക്കൾ ക്ഷേത്രങ്ങളുടെ ആഭിമുഖ്യത്തിൽ വിദ്യാദാനം ചെയ്തുകൊണ്ടിരുന്നതായിട്ടാണ് ചില രേഖകളിൽ നിന്നു വെളിവാകുന്നത്. ആ സൌവൎണ്ണഭൂതകാലത്തെ ശാന്തിക്കാർ ഇന്നത്തെപ്പോലെ ശമ്പളത്തിന് ജോലി ചെയ്തുവരല്ലായിരുന്നുവെന്നും അവർ നല്ല ശാസ്ത്രപാണ്ഡിത്യവും സംസ്കാരവും സിദ്ധിച്ചവരായിരുന്നുവെന്നും ക്ഷേത്രം സ്വത്തുക്കളുടെ ഒരു ഭാഗം വിദ്യാപ്രദാനത്തിനും ആതുരസംരക്ഷണത്തിനും വേണ്ടി വിനിയോഗിച്ചുവന്നുവെന്നും അവർ ഏർപ്പെടുത്തിയ സ്ഥാപനങ്ങളുടെ നിലനില്പിനുവേണ്ടി ഭരണകൂടങ്ങളിൽ നിന്നും പ്രഭുക്കന്മാരായ ധനികന്മാരിൽ നിന്നും അവർ ധനശേഖരം ചെയ്തുവന്നുവെന്നും കൂടെ തെളിയിക്കുന്നു. അതുപോലെ പണ്ഡിതന്മാരായ മഹാത്മാക്കൾ രാജസമ്മതപൂർവ്വം അഗ്രഹാരങ്ങൾ നടത്തിവന്നുവെന്നും അവയുടെ ആദായം കൊണ്ട് വിദ്യാഭ്യാസകേന്ദ്രങ്ങൾ ഏർപ്പെടുത്തി നടത്തിവന്നുവെന്നും കാണാം.

ക്ഷേത്രങ്ങളുടെ ചുമതലയിൽ ദ്രാവിഡദേശത്തു നടത്തിവന്ന മഹാ പാഠശാലകളിൽ ചിലവ:—

൧) ചെങ്കോൽപേട്ടയിലെ തിരുമുക്കൂടൽ എന്ന സ്ഥലത്തെ ശ്രീ വെങ്കടേശപെരുമാൾ സന്നിധിയിലെ സംസ്കൃത മഹാപാഠശാല,

൨) തെക്കെ ആർക്കാട്ട് ജില്ലയിലെ എണ്ണായിരം.

൩) ബീജപ്പൂരം ജില്ലയിലെ സലോത്ഗി,

൪) ഗുണ്ടൂർജില്ലയിലെ മല്ലികപുരം

൫) തഞ്ചാവൂർ ജില്ലയിലെ പുന്നാവയിൽ,

൬) ശിക്കാപുരം ജില്ലയിലെ താലുഗണ്ട.

൭) ധാർവാർജില്ലയിലെ ഹെബ്ബാൽ

൮) ചീതൽദുർഗ്ഗം ജില്ലയിലെ യതികരാമേശ്വരം,

൯) കർണ്ണാടകംജില്ലയിലെ ബീജപ്പൂരം.

൧൦) തവരഗീർ

൧൧) ബൽഗാംവി എന്നീ സ്ഥലങ്ങളിലുണ്ടായിരുന്നവയും

ബി. മൈസൂറിലെ ഹസ്സൻജില്ലയിലെ സർവ്വജ്ഞപുരം. (ഇപ്പോഴത്തെ അർശിക്കീർ) മുതലായ അഗ്രഹാരങ്ങളിലെ മഹാപാഠശാലകളുമാണ്,

മേൽ വിവരിച്ചവയിലും അവപോലെ ദ്രാവിഡദേശത്ത് പ്രകീർത്തിതങ്ങളായ മററു പല ക്ഷേത്രങ്ങളുടെയും സന്നിധിയിലും പാഠശാലകളും വിദ്യാർത്ഥിസത്രങ്ങളും ആതുരശാലകളും ഉണ്ടായിരുന്നു. ആർത്തത്രാണപരായണത്വത്തിന്റെയും വിദ്യാദാനതല്പരതയുടെയും നിത്യസ്മാരകസ്തംഭങ്ങളായി അവ അക്കാലത്ത് പ്രശോഭിച്ചു. അവിടവിടെ പഠിക്കാൻ ചെന്ന അദ്ധ്യേതാക്കൾ ഫീസ് കൊടുക്കേണ്ടിയിരുന്നില്ലെന്നു മാത്രമല്ല ആഹാരവസ്ത്രങ്ങളും ഗ്രന്ഥങ്ങളും വിളക്കെണ്ണയും എന്നു വേണ്ടാ സർവ്വ ചെലവുകളും ക്ഷേത്രങ്ങളിൽ നിന്നു തന്നെ നിർവ്വഹിച്ചുവന്നു. അതുപോലെ തന്നെ രോഗശുശ്രൂഷയിലും രോഗികളുടെ ചെലവിലും ആവശ്യമുള്ളവ സകലവും ക്ഷേത്രസ്വത്തുക്കളിൽ നിന്നും ചെയ്തുവന്നു.

മുമ്പേ പറഞ്ഞ തിരുമുക്കൂടൽ ശ്രീ വെങ്കടേശപെരുമാൾ കോവിലിൽവച്ച് ശ്രീ പരമേശ്വരൻ 14 ദിവസം കൊണ്ട് പാണിനി മഹർഷിക്ക് വ്യാകരണസൂത്രങ്ങൾ ഉപദേശിച്ചുവെന്നാണ് ഐതിഹ്യം. തന്നിമിത്തം അവിടെ ഒരു വ്യാകരണമഹാപാഠശാല ഏർപ്പെടുത്തണമെന്ന് സ്ഥലവാസികൾ നിശ്ചയിക്കുകയും അതനുസരിച്ച് ൪൫൦ അദ്ധ്യേതാക്കൾക്ക് താമസിച്ചു പഠിക്കാൻ സൗകര്യമായ വിധം ഒരു സ്ഥാപനം ഉണ്ടാക്കുകയും ചെയ്തു. അതിന്റെ ചെലവിന് മതിയായ ആദായം ഉണ്ടാവാൻ തക്കവാറു ൪൦൦ ഏക്കർ സ്ഥലം

അതിന്റെ സ്ഥാപകന്മാർ സമ്പാദിച്ച് അതിന്നായി വിട്ടുകൊടുത്തു. അവിടെ തന്നെ വേറെ ഒരു പാഠശാലകൂടെ ഉണ്ടായിരുന്നു. അതിൽ ഋഗ്വേദത്തിന് 10-ം യജുർവേദത്തിനും 10-ം വ്യാകരണത്തിന് 20-ം മററു വിഷയങ്ങൾക്കു 20-ം ഇങ്ങനെ അറുപതു് വിദ്യാർത്ഥികൾക്ക് ആഹാരവസ്ത്രാദികൾ നൽകി സൗജന്യമായിപ്പഠിപ്പിച്ചുവന്നു. അവിടത്തെ അദ്ധ്യാപകന്മാർ ഏററവും ചുരുങ്ങിയ ശമ്പളം മാത്രമേ വാങ്ങിച്ചുവന്നുള്ളു. ആ ക്ഷേത്രം വക ചികിത്സാലയത്തിലേക്ക് പച്ചമരുന്ന് പറിച്ചുകൊണ്ടു വന്നവർക്ക് കൊടുത്തുവന്ന പ്രതിഫലമാണ് അദ്ധ്യാപകരും വാങ്ങിച്ചുവന്നതു്. തെക്കെ ആർക്കാട്ട് ജില്ലയിലെ

എണ്ണയിരം

എന്ന സ്ഥലത്തുണ്ടായിരുന്ന മഹാപാഠശാല കുറേക്കൂടെ വിപുലമായ തോതിൽ ഉള്ളതായിരുന്നു. ൩൪൦ അദ്ധ്യേതാക്കൾക്ക് ആഹാരവസ്ത്രാദികൾ കൊടുത്തു് വിദ്യാദാനം ചെയ്‌വാൻ സഫലമായ ഒരു സ്ഥാപനമായിരുന്നുവത്രെ അതു്. അവിടത്തെ വിദ്യാർത്ഥിസത്രത്തിന് തന്നെ ൩൪൦ ഏക്കർ സ്ഥലം ദാനമായി സമ്പാദിച്ചിരുന്നു. മററുള്ള ചെലവുകളെ ഉദ്ദേശിച്ച് ൩൦൦ ഏക്കർ സ്ഥലവും ഉണ്ടായിരുന്നുവത്രെ. അവിടെ ഋഗ്വേദപാഠത്തിന് ൭൫-ം യജുർവ്വേദത്തിന് ൯൫-ം സാമവേദത്തിന് 40-ം അഥർവ്വണത്തിന്10-ംഇങ്ങനെവേദപാഠത്തിന്220-ം വ്യാകരണം, തച്ചശാസ്ത്രം, മീമാംസ മുതലായ മററു പാഠങ്ങൾക്ക് ൧൨൦-ം ഉൾപ്പെടെ ൩൪൦ അദ്ധ്യേതാക്കൾക്കു മാത്രമേ പ്രവേശം അനുവദിച്ചിരുന്നുള്ളു. ശരാശരി ൨൨ വിദ്യാർത്ഥികൾക്ക് ഒരു ഗുരുനാഥനേ വീതം നിയമിച്ചിരുന്നു. ആകെക്കൂടെ 15 അദ്ധ്യാപകന്മാർ ഉണ്ടായിരുന്നുവെന്നും അവരിൽ ൩ പേർ ഋഗ്വേദത്തിനും ൪ പേർ യജുർവ്വേദത്തിനും പ്രയോഗിക്കപ്പെട്ടിരുന്നുവെന്നും കാണുന്നു. ഒരു വിദ്യാർത്ഥിക്ക് ഒരു ദിവസത്തേക്ക് അറുനാഴിനെല്ലും ഒരാണ്ടത്തേക്ക് അരകഴഞ്ചു (ഉദ്ദേശം രണ്ടുരൂപാ വില) (സ്വർണ്ണവും വീതം കൊടുത്തിരുന്നുവെന്നമാണ് ലിഖിതം. മീമാംസ, വേദാന്തം എന്നിവ; പഠിച്ചുവന്നവർക്ക് മേല്പറഞ്ഞതിന്റെ മൂന്നിൽ രണ്ടുഭാഗം കൂടുതലായും കൊടുത്തുവന്നു. അദ്ധ്യാപകന്മാർ വലിയ സമ്പാദ്യക്കാരാകരുതെന്നും, എന്നാൽ അവർക്കു സുഭിക്ഷതയ്ക്കു് കുറവ് വരരുതെന്നും കരുതി അഞ്ചു്, ആറു് അംഗങ്ങളുള്ള ഒരു കുടുംബത്തിന് ആവശ്യമുള്ളതിന്റെ മൂന്നിരട്ടിവീതം അവർക്ക് പ്രതിഫലം കൊടുത്തുവന്നു. ഏ. ഡി. ൯-ാം ൧൦-ാം ശതകങ്ങളിൽ വളരെ ഔന്നത്യം പ്രാപിച്ചിരുന്ന ഒരു വിശ്വവിദ്യാലയം ബീജപ്പൂരം ജില്ലയിൽ

സലോത്ഗി

എന്ന ചെറുഗ്രാമത്തിൽ ഉണ്ടായിരുന്നു. അവിടത്തേ ത്രയീപുരുഷക്ഷേത്രസന്നിധിയിലെ ഒരു വളരെ വമ്പിച്ചകെട്ടിടത്തിലായിരുന്നു അദ്ധ്യയനം നടത്തി വന്നതു്. അവിടെയും സകലതും സൗജന്യമായിരുന്നു. വിദ്യാർത്ഥി സത്രങ്ങൾ 27 എണ്ണമുണ്ടായിരുന്നുവെന്നും വിളക്കു വപ്പിനു തന്നെ 60 ഏക്കർ സ്ഥലം സൗജന്യമായി നീക്കിവയ്ക്കപ്പെട്ടിരുന്നുവെന്നുമാണ് പ്രാചീന രേഖ. കൃഷ്ണരാജാതൃതീയൻ എന്ന രാഷ്ട്രകൂട രാജാവിന്റെ മന്ത്രിപുംഗവനാണത്രെ അതു് സ്ഥാപിച്ചതു്. അന്നത്തെ ഗവണ്മെന്റും വണിക്ക്ശ്രേഷ്ഠന്മാരും പ്രഭുക്കന്മാരും കൈയയച്ച് ആ സ്ഥാപനത്തേ താലോലിച്ചു വളർത്തി. ധാർവാർ ജില്ലയിലെ

മല്ലികപുരം

ഗ്രാമത്തിൽ ഒരു ക്ഷേത്രവും ഒരു വിശ്വവിദ്യാലയവും ഒരു വിദ്യാർത്ഥിസത്രവും ഒരു ആതുരശാലയും കേന്ദ്രീകരിപ്പിച്ചു ഒരൊററ സ്ഥാപനമുണ്ടായിരുന്നു. അവിടെ ൧൫൦ വിദ്യാർത്ഥികൾക്ക് സകലതും കൊടുത്തു് പഠിപ്പിച്ചുവന്നു. അവിടെ എട്ടു് അദ്ധ്യാപകന്മാരെ നിയമിച്ചിരുന്നു. ഒരു കുടുംബത്തിന്റെ ആവശ്യത്തിനുള്ളതിൽ ഇരട്ടി അവർക്ക് ശമ്പളം കൊടുത്തു വന്നു.

സംസ്കാരസമ്പന്നരായ മഹാബ്രാഹ്മണർക്ക് ഗ്രാമങ്ങൾ അഗ്രഹാരങ്ങൾ മുതലായവ അപ്പാടെ ദാനം ചെയ്യുന്നതിൽ അക്കാലത്തേ രാജാക്കന്മാർ വളരെ ഉത്സുകരായിരുന്നു. ദാനം വാങ്ങിയവരാകട്ടെ അവ സ്വായത്തമാക്കാതെ അവ മുഖേന വിദ്യാദാനം ചെയ്യാൻ വ്യവസ്ഥകൾ ഏർപ്പെടുത്തി. ആ കൂട്ടത്തിലുള്ള അഗ്രഹാരങ്ങൾ പലതുണ്ടു്. അവയിലൊന്നാണ് മൈസൂറിലേ

സർവ്വജനപുരം.

(ഇപ്പോഴത്തേ അർസിക്കീർ) വേദങ്ങൾ, ശാസ്ത്രങ്ങൾ, ദർശനങ്ങൾ മുതലായവ വായിച്ചും പഠിച്ചും പഠിപ്പിച്ചും വാദപ്രതിവാദം ചെയ്തും അവിടെ അന്നുണ്ടായിരുന്ന മഹത്തുക്കൾ കാലയാപനം ചെയ്തുവന്നുവെന്നാണ് ഒരു പ്രാചീനരേഖ.

ഇതുപോലെയുള്ള സ്ഥലങ്ങൾ ഈ വഞ്ചിഭൂമിയിലും ഉണ്ടായിരുന്നുവെന്നു കാണിക്കുന്ന ചില ഗ്രന്ഥങ്ങൾ ഇപ്പോൾ പ്രസിദ്ധം ചെയ്തുവരുന്നുണ്ടു്. വിദ്യാദാനവിഷയത്തിൽ താല്പര്യമുള്ള മഹത്തുക്കൾ ഈ വക പ്രാചീന വിശ്വവിദ്യാലയങ്ങളുടെ രീതികൾ ഗ്രഹിച്ച് കലാനുകൂലം പ്രവർത്തിക്കുമെങ്കിൽ, നമ്മുടെ വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം സഫലമായിത്തീരുമെന്ന് സമാധാനപ്പെടാം.


## ഹംസോദയരസായനം.

അസ്ഥിസ്രാവം, പൂയമേഹം (conorrhea) എന്ന പേരുകളാൽ അറിയപ്പെടുന്ന ഗുഹ്യരോഗങ്ങൾ എത്ര പഴക്കമുള്ളതാണെങ്കിലും നിശേഷം നശിപ്പിച്ച് നഷ്ടപ്പെട്ട ആരോഗ്യത്തെ വീണ്ടെടുക്കുവാൻ പര്യാപ്തവും പാരമ്പര്യമായി ലഭിച്ചിട്ടുള്ള ഉപദേശപ്രകാരം അനേകം ദിവ്യമൂലികൾ ചേർത്ത് തയ്യാർ ചെയ്തിട്ടുള്ളതും; അത്ഭുതഫലപ്രദവുമായ ഏക സിദ്ധൌഷധം. മുപ്പതു ദിവസത്തേക്കുള്ള മരുന്നിന് മൂന്നു രൂപാ മാത്രം. വി. പി. ചെലവു പുറമേ.

Dr. പി. നീലകണ്ഠപ്പിള്ള D. Sc. A. വൈദ്യകലാനിധി
ശ്രീ ധന്വന്തരിവിലാസം സക്കാർ ആയുർവേദവൈദ്യശാല
(പലയക്കുന്നേൽ) ചിറക്കടവ്, പൊൻകുന്നം A. O.
കാഞ്ഞിരപ്പള്ളി. P. O.

ചെറുകഥ

# ഡാക്ടർ സാക്ഷി

(ഉമ്മൻ വറുഗീസ്, നെട്ടടിയിൽ)

ആനന്ദപ്രദമായ ഒരു സുപ്രഭാതത്തിന്റെ ആരംഭവേളയിലും 'ചന്ദ്രദത്ത'ന്റെ പുത്രി ഉമ, അവളുടെ ശയ്യയിൽ നിദ്രാവിഹീനയായി തിരിഞ്ഞും മറിഞ്ഞും കിടന്നു സമയം തള്ളി നീക്കുകയായിരുന്നു.

ഒരു വെറും ബാലികയായിരുന്ന കാലത്തിലേക്ക് അവളുടെ വിചാരഗതി തിരിഞ്ഞു. മാതാപിതാക്കന്മാരുടെ ലാളനയിൽ ആനന്ദപ്രദമായി നയിച്ചുവന്ന തന്റെ ജീവിതാരംഭം അവൾ സ്മരിച്ചു. അവളുടെ ഹൃദയം നീറി. ഹൃദയവേദനയിൽനിന്നു നെടുവീർപ്പു പൊട്ടി പുറപ്പെട്ടു. തന്റെ ഉല്ലാസപരമായ ആ ജീവിതത്തിൽനിന്നു തന്നെ വലിച്ചിഴച്ച ആ കരാളസംഭവങ്ങൾ അവളുടെ മുമ്പിൽനിഴലിച്ചു. അവൾ വിറച്ചു. മാതാപിതാക്കന്മാരുടെ അകാല നിര്യാണത്തെക്കുറിച്ചവൾ ചിന്തിച്ചു. ആ നശിച്ച മസൂരിരോഗത്തെ അവൾ ശപിച്ചു. തന്റെ ഹൃദയാരാധനയ്ക്കു പാത്രമായ മോഹനന്റെ വേർപാട്, അവളെ പരിഭ്രാന്തയാക്കി. ദ്രവ്യാഗ്രഹിയായ അമ്മാവന്റെ നിന്ദ്യമായ പെരുമാറ്റത്തിന്റെ വികൃതരൂപം അവളുടെ മുമ്പിൽ നിഴലിച്ചു. ജീവിതത്തെ അവൾ വെറുത്തു. ഉമയുടെ ആശയെല്ലാം അസ്തമിച്ചു.

ഉമയുടെ ചിന്താഗതി വീണ്ടും തിരിഞ്ഞു. തന്നെക്കുറിച്ചുള്ള വിചാരത്താൽ ആ വൃദ്ധ മാതാപിതാക്കന്മാരുടെ ഏകസന്താനമായ അശോകകുമാർ ആത്മഹത്യ ചെയ്തു. തന്റെ സൗന്ദര്യമാണല്ലോ അശോകകുമാറിനെ കൊന്നതെന്നു അവൾ പരിതപിച്ചു. സ്രഷ്ടാവിനാൽ ദത്തംചെയ്യപ്പെട്ട ആ സൗന്ദര്യത്തെ അവൾ ഹൃദയപൂർവം ശപിച്ചു. ഉമയുടെ ഹൃദയം വീണ്ടും മോഹനനിലേക്ക് തിരിഞ്ഞു. ബാല്യകാലത്ത് താൻ ആ യുവാവുമായി പിതൃഗൃഹത്തിലെ ഉദ്യാനത്തിൽ കഴിച്ചുകൂട്ടിയ ദിനങ്ങൾ അവളുടെ സ്മരണയിലെത്തി. ഒരു ഉന്മാദിനിയെപ്പോലെ കിടക്കയിൽനിന്നു് അവൾ പിടഞ്ഞെഴുന്നേറ്റു. അവളുടെ കണ്ണുകൾ ചുവന്നിരുന്നു. കേശഭാരം ചിന്നി ചിതറികിടന്നു. അവൾ വാതിൽ തുറന്ന് തെരുവീഥിയിലേക്ക് ഓടിപ്പോയി.

*   *   *   *   *

താൻ ബിലാത്തിയിൽ കഴിച്ചുകൂട്ടിയ മൂന്നുവർഷങ്ങൾ മുപ്പതു വർഷങ്ങൾപോലെ മോഹനനു തോന്നി. തന്റെ വിദ്യാഭ്യാസം പൂർത്തിയാക്കി സ്വദേശത്തേക്ക് പുറപ്പെടേണ്ട സമയം സമീപിച്ചു. വിവിധവികാരങ്ങൾ യുവാവിന്റെ ഹൃദയത്തിൽ ഓളംതല്ലി. ഉമയുടെ പിതാവിനു താൻ അയച്ച കത്തുകൾക്കൊന്നിനും മറുപടി ലഭിക്കാതിരുന്നതു മോഹനനെ അസ്വസ്ഥനാക്കി. ഉമയുടെ പരിശുദ്ധമായ പ്രണയം, ചന്ദ്രദത്തന്റെ ഉദ്യാനത്തിലെ വല്ലിക്കുടിലിൽ വച്ചുണ്ടായ അവസാന സംഭാഷണം, ഇതെല്ലാം മോഹനന്റെ സ്മൃതിപഥത്തിലെത്തി. ഭാവിയെക്കുറിച്ചയാൾ ചിന്തിച്ചു. 'ഉമ, എന്റെ ഹൃദയറാണിതന്നെ' എന്നയാൾ സമാശ്വസിച്ചു.

II

ബിലാത്തിയിൽ നിന്നും സ്വഗൃഹത്തിലെത്തിച്ചേർന്ന മോഹനൻ, ചന്ദ്രദത്തന്റെ ഗൃഹത്തെക്കുറിച്ച് മാത്രം ചിന്തിച്ചുകൊണ്ടിരുന്നു. ദിവസങ്ങൾ കഴിയുന്നതിനു മുമ്പുതന്നെ യഥാർത്ഥം ഗ്രഹിക്കുവാൻ ആ യുവാവിനു സാധിച്ചു. ചന്ദ്രദത്തനും അദ്ദേഹത്തിന്റെ പത്നിയും മസൂരിരോഗത്താൽ അകാലനിര്യാണം പ്രാപിച്ചു എന്നും, തന്റെ ഹൃദയറാണിയായ ഉമയെ അവളുടെ അമ്മാവൻ കൂട്ടിക്കൊണ്ടുപോയെന്നും ചില ദിവസങ്ങൾക്കുശേഷം ഉമ നദിയിൽ ചാടി ആത്മഹത്യ ചെയ്തു എന്നുമുള്ള വാർത്ത മോഹനനെ അത്യാഗാധമായ വ്യസനക്കുപത്തിൽ ആഴ്ത്തി.

*   *   *   *   *

വർഷങ്ങൾ ചിലതു കഴിഞ്ഞു. പാടലീപുത്രത്തിലെ ഹൈക്കോടതി ജഡ്ജിയായിനിയമിക്കപ്പെട്ട മോഹനന്റെനീതിനിഷ്ഠ സർവരുടെയും പ്രശംസയ്ക്കു പാത്രമായി. യൗവനയുക്തനായ അദ്ദേഹം ഇനിയും അവിവാഹിതനായിരിക്കുന്നതിൽ പലരും അത്ഭുതം കൂറി. ബന്ധുക്കൾ സുഹൃത്തുക്കൾ തുടങ്ങിയ പലരും വിവാഹകാര്യത്തെക്കുറിച്ച് അലട്ടുന്നുണ്ടെങ്കിലും മോഹനൻ കേവലം മൗനമായി തന്നെ വർത്തിക്കുന്നു. വിശ്രമവേളയിൽ, വിളറിയ മുഖത്തോടെ നിരുന്മേഷനായി മോഹനൻ ഇരിക്കുന്നതും കണ്ണുനീർ പൊഴിക്കുന്നതും അദ്ദേഹത്തിന്റെ ശിപായിമാർ സുഹൃത്തുക്കൾ മുതലായ പലരുടേയും ദൃഷ്ടിപഥത്തിൽ എത്തിയിട്ടുണ്ട്. എന്നാൽ അതൊരു വലിയ രഹസ്യമായിതന്നെ സൂക്ഷിക്കപ്പെട്ടു.

ക്രിസ്തുമസ്സ് ഒഴിവ് ആരംഭിച്ചു. ഉഷ്ണാധിക്യത്താൽ തെരുവീഥികളിൽ തിരക്കു കാണപ്പെടുന്നില്ല. മോഹനൻ ചിന്താഗ്രസ്ഥനായി ചാരുകസേരയിൽ കിടക്കുകയായിരുന്നു. ചില ദിനപത്രങ്ങളും നിയമഗ്രന്ഥങ്ങളും മേശപ്പുറത്ത് അലക്ഷ്യമായി ചിതറിക്കിടന്നിരുന്നു. കത്തിച്ച കയ്യിൽവച്ച സിഗററു താനെ എരിഞ്ഞുകൊണ്ടിരുന്നു. ഇടക്ട്രിക്ക് പങ്കകൾ ദ്രുതഗതിയിൽ അതിന്റെ ജോലി നിർവഹിച്ചിരുന്നതുകൊണ്ട് ആ വിശാലമായ മുറിയിൽ ചൂടില്ലെങ്കിലും മോഹനന്റെ നെററിയിൽ വിയർപ്പു പൊടിയുന്നുണ്ടായിരുന്നു.

ഈ സമയത്ത് തെരുവീഥിയിൽ ശ്രവണമധുരമായ ഒരു ഗാനം കേൾക്കപ്പെട്ടു. അതൊരു പ്രേമഗീതമായിരുന്നു. ആ ശബ്ദം മോഹനനെ ആകർഷിച്ചു. അദ്ദേഹം പെട്ടെന്നെഴുന്നേററു ആ ശബ്ദം കേട്ട സ്ഥലത്തേക്ക് ജനലിൽ കൂടി നോക്കി. ഒരു വിരൂപിണിയായ ഭ്രാന്തി പാടുന്നതും കുട്ടികൾ അവളുടെ ചുററും കൂടി കൂക്കു വിളിക്കുന്നതും മോഹനൻ കണ്ടു. ആ ശബ്ദം മോഹനനിൽ ഒരു പൂർവ്വസ്മരണയുളവാക്കി. ചിന്തിക്കുംതോറും ശബ്ദം പരിചിതമായി തന്നെ തോന്നി. കുട്ടികളുടെ കൂക്കുവിളിയുടെ മദ്ധ്യത്തിൽ അവൾ വികൃതമായി ഒന്നു ചിരിച്ചു. ആ ഭ്രാന്തിയെ കൂട്ടിക്കൊണ്ടുവരുവാൻ ശിപായിയോട് മോഹനൻ ആജ്ഞാപിച്ചു. ശിപായി തെരുവീഥിയിൽ ഇറങ്ങിയപ്പോൾ അവിടം നിശ്ശബ്ദമായി. ആ ഭ്രാന്തി മോഹനന്റെ മുമ്പിൽ കൊണ്ടുവരപ്പെട്ടു. അവൾ കറ

ത്തിരുണ്ടു് ഭൂതം പോലെയിരുന്നു. അവളുടെ മുടി ചിന്നി ചിതറി ജടപിടിച്ചും വസ്ത്രങ്ങൾ മുഷിഞ്ഞും കീറിയും കാണപ്പെട്ടു. മോഹനൻെറ ആ പ്രസന്നമായ മുഖത്തു സൂക്ഷിച്ചു നോക്കിക്കൊണ്ടവൾ പൊട്ടി ചിരിച്ചു. അയാൾ പല ചോദ്യങ്ങളും അവളോടു ചോദിച്ചു. അവൾ ഒരു ശിലാവിഗ്രഹം പോലെ അവിടെ നിന്നു. ചന്ദ്രനഗരത്തിലെ സുപ്രസിദ്ധനായിരുന്ന ചന്ദ്രദത്തൻെറ ഏക പുത്രി ഉമയെ അറിയുമൊ എന്നവളോടദ്ദേഹം വീണ്ടും ചോദിച്ചു. അവൾ വീണ്ടും പൊട്ടി ചിരിച്ചു. മോഹനൻ അവളെ സൂക്ഷിച്ചുനോക്കി. അവളുടെ ദേഹം ആലിലപോലെ വിറച്ചുകൊണ്ടിരുന്നു. ആ വികൃതരൂപത്തെ അദ്ദേഹം സശ്രദ്ധം പിന്നെയും സൂക്ഷിച്ചു. അവളുടെ കണ്ണുകൾ ദീപ്തങ്ങളായിരിക്കുന്നതു് മോഹനൻെറ ദൃഷ്ടിക്കു് വിഷയീഭവിച്ചു. നിരാശനായ മോഹനിൽ നിന്നു പുറപ്പെട്ട നിരവധി ചോദ്യങ്ങളിൽ ഒന്നിനെങ്കിലും അവരം ഉത്തരം പറഞ്ഞില്ല. ഉടനെ ആ യുവാവു് ഒരു പത്തുറുപ്പികയുടെ നോട്ടു് അവൾക്കു് നീട്ടി. അവൾ അതിന്മേൽ നോക്കാതെ ഒരു ചിരിയോടെ പുറത്തേക്കിറങ്ങി ഓടിപ്പോയി.

III

ആദിത്യൻ അസ്തമിച്ചു. ഇരുട്ടുവ്യാപിച്ചു തുടങ്ങി. ചന്ദ്രൻ ഇനിയും ഉദിച്ചിട്ടില്ല. തെരുവീഥികളെല്ലാം ഇലക്ട്രിക്കു് വിളക്കുകളാൽ ശോഭിച്ചിരുന്നു. മോഹനൻ വീണ്ടും ആ കസേരയിൽ തന്നെ കിടന്നു. ആ ഭ്രാന്തയെക്കുറിച്ചുമാത്രം അയാൾ വിചാരിച്ചു.

നാഴികമണി അതിൻെറ ജോലി കൃത്യനിഷ്ഠയോടെ നടത്തുന്നുണ്ടായിരുന്നു. മണി പത്തടിച്ചു. ഇനിയും യജമാനൻ ആ കസേരയിൽ നിന്നു് എഴുന്നേല്ക്കാത്തതിൽ വേലക്കാരൻ പരിഭ്രമിച്ചു. ഭൃത്യൻെറ നിർബന്ധം മൂലം മോഹനൻ ഒരു ഗ്ലാസ്സ് പാൽ കുടിച്ചശേഷം എഴുന്നേററു തൻെറ ശയ്യയിൽ കിടന്നു. തെരുവീഥികൾ നിശ്ശബ്ദമായി. എല്ലാവരും നിദ്രാധീനരായെങ്കിലും മോഹനൻ നിദ്രാവിഹീനനായി കിടക്കയിൽ കിടന്നു.

മണി പന്ത്രണ്ടടിക്കുന്നതു അദ്ദേഹം കേട്ടു. തൻെറ ഗൃഹത്തിൻെറ പടിക്കൽ പെട്ടെന്നു് ഒരു ചിരി കേട്ടു. അതെ, ഭ്രാന്തിയുടെ ചിരി തന്നെ എന്നു പറഞ്ഞുകൊണ്ടു് മോഹനൻ കിടക്കയിൽ നിന്നു ചാടി എഴുന്നേററു. ചന്ദ്രൻ ഉദിച്ചുയന്നിരുന്നതിനാൽ തൻെറ പടിവാതില്ക്കൽ നില്ക്കുന്ന ആ വിരൂപിണിയെ മോഹനൻ കണ്ടു. മോഹനൻ ക്ഷണത്തിൽ തെരുവീഥിയിൽ ഇറങ്ങി അവളെ സമീപിച്ചു. ആ ഭ്രാന്ത വളരെ വേഗത്തിൽ ഓടി. മോഹനൻ അവളെ തുടന്നു. കുറെ ദൂരം ഓടിയപ്പോൾ ഭ്രാന്തി തിരിഞ്ഞുനിന്നു. മോഹനൻ അവളുടെ കരങ്ങൾ ഗ്രഹിച്ചുകൊണ്ടു, നീ തന്നെയാണു് എൻെറ പ്രേമധാമമായ 'ഉമ' എന്നു് കിതപ്പോടെ പറഞ്ഞു. ഞാൻ ഇനി നിന്നെ വിടുകയില്ല.

ദയനീയമായ ശബ്ദത്തിൽ ആ ഭ്രാന്തി പറഞ്ഞു. "പ്രഭോ, എന്നെ വിടുക. ഞാൻ പോകട്ടെ. അങ്ങയുടെ ഉമ ഞാനല്ല. ഞാൻ അഗതിയായ ഒരു പിച്ചക്കാരി' എന്നെ എൻെറ പാട്ടിൽ വിട്ടേക്കുക."

മോഹനൻ—എൻെറ ഹൃദയറാണി, നീ എന്നെ കബളിപ്പിക്കുന്നു. ഇനി ഞാൻ നിന്നെ വിട്ടുപോകയില്ല.

ഭ്രാന്ത— അങ്ങു തെററിധരിക്കുന്നു. അങ്ങയുടെ ഉമ സൌന്ദര്യധാമം. ഞാനോ കേവലം വിരൂപിണിയായ ഒരു പിച്ചക്കാരി. എന്നെ വിടുക. എന്നെ പോലെയുള്ള നിർഭാഗ്യകൾക്കുള്ളതല്ല ഈ പ്രപഞ്ചം.

ഇത്രയും പറഞ്ഞു് അവൾ വീണ്ടും ഓടി. അവൾ കാററുപോലെ പറന്നു. മോഹനൻ അവളെ പിൻ തുടന്നു. അദ്ദേഹം ഒരിടവഴിയിൽ കൂടി ഓടി അവളുടെ മുമ്പെത്തുവാൻ ശ്രമിച്ചു. ഈ സമയം കൊണ്ടവൾ നദീതീരത്തിൽ എത്തിച്ചേന്നു. മോഹനൻ അവളെ സമീപിച്ചു. ഊക്കോടു പായുന്ന ആ നദിയിലേക്കവൾ കുതിച്ചുചാടി. അയാൾ പിന്നാലെ ചാടി. ആ ഭ്രാന്തയെ പിടിച്ചുകൊണ്ടു് ഒഴുക്കിനെ വിഗണിച്ചുയാൾ നീന്തി മോഹനൻെറ അവസാനശ്രമം—ആശ-അതയാളുടെ ശക്തി വർദ്ധിച്ചു. മോഹനൻ കരയിൽ എത്തി. ആ ഭ്രാന്തയെ അയാൾ താങ്ങി മടിയിൽ കിടത്തി. തൻെറ നനഞ്ഞൊലിച്ച ഷട്ടരി അവളുടെ മുഖം തുടച്ചു. അയാൾ അത്ഭുതപ്പെട്ടു. വെളുത്ത ഷട്ടു് ഇതാ കറക്കുന്നു. ഭ്രാന്തിയുടെ മുഖം വെളുത്തുതുടങ്ങി. തൻെറ ഹൃദയറാണിയായ ഉമ തന്നെ എന്നു' മോഹനനു ദൃഢവിശ്വാസം ഉണ്ടായി അവൾ കണ്ണുതുറന്നപ്പോരം താൻ തൻെറ പ്രാണപ്രിയൻെറ കരങ്ങളിലാണു വിശ്രമിക്കുന്നതെന്നു് ഗ്രഹിച്ചു. അവളുടെ നേത്രങ്ങൾ ആനന്ദഭാരംകൊണ്ടു അടഞ്ഞു.

അവളുടെ നിർബന്ധമായ അപേക്ഷയാൽ ഏകയായി ഉറങ്ങുവാൻ മോഹനൻ അനുവാദം നൽകി. അവൾ മുറിയിൽ പ്രവേശിച്ചു ഉടൻ വാതിൽ അടച്ചു ബന്ധിച്ചു. ആ ഗൃഹം നിശ്ശബ്ദതയിൽ ലയിച്ചു.

കാക്കകളുടെ കണ്ണുകഠോരമായ ശബ്ദം മോഹനനെ ഉണത്തി. ഉമയെ കാണുവാൻ മോഹനൻെറ നയനങ്ങൾ അത്യാത്തിയോടെ ഉഴറി. അയാൾ ഉമയുറങ്ങുന്ന മുറിയുടെ വാതില്ക്കലെത്തി. വാതിൽ ബന്ധിച്ചിട്ടില്ലാതിരുന്നതിനാൽ അയാൾ അകത്തുകടന്നു. മോഹനൻ ആ കോമളവിഗ്രഹത്തിൻെറ സമീപമണഞ്ഞു. ഉമ സുഖനിദ്ര ചെയ്യുന്നതുകണ്ടു് അദ്ദേഹം ആ തളിർ മേനിയിൻമേൽ ഒന്നു തലോടി. അദ്ദേഹംഞെട്ടി! അയ്യോ! എന്നു നിലവിളിച്ചു. ഉമയുടെ ദേഹം മരവിച്ചിരുന്നു. ഭൃത്യന്മാരെല്ലാം ഓടിയെത്തി. അവരിൽ ഒരാൾ ഡാക്കരുടെ അടുക്കലേക്കോടി. ഉമയുടെ തലയ്ക്കു സമീപം ഒരു മടങ്ങിയ കടലാസ്സ് കിടന്നതു് മോഹനൻ കണ്ടു. വിറയ്ക്കുന്ന കൈകളോടെ മോഹനൻ ആ കടലാസ്സ് എടുത്തു വിടത്തി ഇങ്ങിനെ വായിച്ചു.

എൻെറ ഉമെ,

ഈ കത്തു് നിനക്കു് അവസാനമായി ഞാൻ എഴുതുന്നതാണു്. നിന്നെ കൂടാതെ ജീവിക്കുവാൻ ഇനിക്കു സാധ്യമല്ല. പക്ഷെ എൻെറ ആശ നിറവേററുവാൻ പ്രയാസമുള്ളതായി തോന്നുന്നു. നീ എൻെറ പ്രാത്ഥനയെ അനുകൂലിച്ചില്ല. എൻെറ തങ്കമെ നിനക്കു് അവസാനനമസ്കാരം. ഭാഗ്യവതിയായ നീ ഈ പ്രപഞ്ചത്തിൽ ഇനിയും അധികനാൾ ജീവിച്ചിരിക്കുക. നിർഭാഗ്യവാനായ എൻെറ നാഴിക ഇതാ അവസാനിച്ചു. ഇനി അതിനു ദൈഘ്യം ഇല്ല. നിനക്കു വന്ദനം.

എന്നു്, അശോകകുമാർ

ഇതു വായിച്ചു തീന്ന ഉടനേ മോഹനൻെറ ദൃഷ്ടി ആ സ്ഥലമെല്ലാം ഒരു പരിശോധന നടത്തി. അവിടെയിരുന്ന ഒരു ചെറിയ കുപ്പിയിൽ അയാളുടെ ദൃഷ്ടി പതിഞ്ഞു! 'പൊട്ടാസിയം സൈനേഡ്'' എന്നെഴുതിയ ഒരു ലേബൽ അതിൽ ഒട്ടിച്ചിരിക്കുന്നതു് കണ്ട ക്ഷണത്തിൽ മോഹനൻെറ തല കറങ്ങി. കണ്ണുകൾക്കു് കാഴ്ചയില്ലാതായി. അയാരം ബോധശൂന്യനായി കിടക്കയിലേക്കു് വീണു.

# ജീവൽസാഹിത്യകൃതികൾ.

## ഹൃദയസ്പൎശകങ്ങളായ രംഗവിധാനങ്ങൾ.

(ഫിലാററലിസ്റ്റ് കെ. പത്മനാഭൻ)

**റൊമാൻറിക്** സാഹിത്യവും ക്ലാസിക് സാഹിത്യവും മനുഷ്യനു് അവൻെറ ഇണയോടും ദൈവത്തോടുമുള്ള ബന്ധം താൻ ഉൾപ്പെടുന്ന സമുദായത്തോടു തനിക്കുള്ള ബന്ധത്തേക്കാൾ ഉപരിയായി ചിത്രീകരിച്ചുവരുന്നു. ഇങ്ങനെ ഗതാനുഗതികരീതിയിൽ വളൎന്നുവന്ന സാഹിത്യം പുരോഗതിയെ പ്രാപിച്ചപ്പോൾ സമകാലികസംഭവങ്ങളെക്കുറിച്ചും സമുദായത്തോടു മനുഷ്യനുള്ള ബന്ധത്തെക്കുറിച്ചും പ്രതിപാദിച്ചുതുടങ്ങി. ഇതാണോ ജീവൽസാഹിത്യം? ജീവൽസാഹിത്യത്തിനും റീയലിസ്സത്തിനും തമ്മിൽ ഈഷൽ വ്യത്യാസങ്ങൾ ഉണ്ടു്. റീയലിസ്സക്കാർ സമുദായതാല്പൎയ്യങ്ങൾക്കു വേണ്ടി വാദിക്കുന്നവരാണെങ്കിലും സന്ദൎഭം വരുമ്പോൾ വ്യക്തിമഹാത്മ്യവും വ്യക്തിസ്വാതന്ത്ര്യവും ചിത്രീകരിക്കുന്നതിനായി സമുദായതാല്പൎയ്യങ്ങളോളം സ്ഥാനമില്ല. സമുദായതാല്പൎയ്യങ്ങളെ തള്ളിക്കളയുന്നു. ജീവൽസാഹിത്യത്തിൽ വ്യക്തിമാഹാത്മ്യത്തിനും വ്യക്തിസ്വാതന്ത്ര്യത്തിനും സമുദായത്തിലെ ഒരു അംഗം എന്ന നിലയിൽ മററുള്ള വ്യക്തികളോടു തുല്യമായ ഒരു നിലയിലല്ലാതെ ഒരുവൻെറ പ്രത്യേക താല്പൎയ്യങ്ങൾക്കു പ്രാധാന്യം കല്പിക്കുവാൻ ജീവൽസാഹിത്യകാരന്മാർ തുനിയുകയില്ല. റീയലിസ്സുക്കാർ ജീവൽപ്രശ്നങ്ങളെ നഗ്നമായി ചിത്രീകരിക്കുമ്പോൾ ജീവൽസാഹിത്യകൃത്തു് തൽപ്രശ്നങ്ങൾക്കു ശരിയായ പോംവഴി നിൎദ്ദേശിക്കക്കൂടി ചെയ്യുന്നുണ്ടു്. ചുരുക്കിപ്പറഞ്ഞാൽ "മതപരമായും, രാഷ്ട്രീയമായും, സ്വാമ്പത്തികമായും 'സാമുദായികമായും നിത്യജീവിതത്തിൽ മനുഷ്യനഭിമുഖീകരിക്കേണ്ടിവരുന്ന ജീവൽപ്രശ്നങ്ങളെ മനുഷ്യസമുദായത്തെ പൊതുവായി ബാധിക്കുന്ന താല്പൎയ്യങ്ങളെന്ന നിലയിൽ സമുദായങ്ങൾക്കൊ, ഘടനകൾക്കൊ പ്രാധാന്യം നൽകി വ്യക്തികളുടെതാല്പൎയ്യങ്ങളെ സാമുദായികതാല്പൎയ്യങ്ങൾക്കു കീഴടക്കി പ്രതിപാദനം ചെയ്യുന്നസാഹിത്യമത്രെജീവൽസാഹിത്യം.ജീവൽസാഹിത്യനിൎമ്മാണത്തിൽ വിഖ്യാതനായിട്ടുള്ള ജൎമ്മൻ നാടകകൎത്താവു് ഹാവ്റുമാൻെറ നെയിത്തുകാർ എന്ന നാടകത്തിലെ കഥാസാരം ഇവിടെ എടുത്തുപറഞ്ഞു് ഉദാഹരണം മൂലം ജീവൽസാഹിത്യം എന്താണെന്നു വെളിവാക്കാൻ അല്പം കൂടി ശ്രമിക്കാം. ജൎമ്മനിയിലെ സിലിഷ്യാ എന്ന സ്ഥലത്തെ നെയിത്തുതൊഴിലാളികൾ അനുഭവിച്ചുപോന്നതും ആൎക്കും ഹൃദയവേദനയുണ്ടാക്കുന്നതുമായ ശോകാത്മകമായ ഒരു കഥയാണു് ഇതിലെ ഇതിവൃത്തം. പട്ടിണിമൂലം നരകദുഃഖം അനുഭവിക്കുന്ന നെയിത്തുകാരെ കവി ഒന്നാമതായി വായനക്കാരുടെ മുമ്പിൽ ഹാജരാക്കുകയാണു്. അവരുടെ ഇടയിലുള്ള കലാപങ്ങളും ക്ലേശങ്ങളും ഉന്മാദങ്ങളും ഒന്നൊന്നായി പ്രദൎശിപ്പിക്കുന്നു. വിശപ്പടക്കാൻ ആഹാരമില്ലാതെ വലയുന്ന ഒരു തൊഴിലാളി തൻെറ അടുത്തുവന്ന ഒരു പട്ടിക്കുഞ്ഞിനെ മറെറാരുത്തനെക്കൊണ്ടു കൊല്ലിച്ചു് അതിൻെ മാംസം പാകം ചെയ്തു ഭക്ഷിക്കാൻ ശ്രമിക്കുന്നു. വിശപ്പിൻെറ ശക്തിനിമിത്താ മാംസം പാകമാകുന്നതിനുമുമ്പു് അയാൾ രണ്ടുകഷണം ഇറച്ചി അടുപ്പത്തുനിന്നും കോരിയെടുത്തു് തിന്നുന്നു. വേകാത്ത ഇറച്ചിയുടെ രുചികേടുമൂലം പെട്ടെന്നു ഓക്കാനം വരികയാൽ അയാൾ തിന്നതു് അതുപടി ഛൎദ്ദിക്കുന്നു. "വല്ലതും അകത്തു ചെലുത്താമെന്നു വച്ചാൽ അതിനും സാധിക്കുന്നില്ലല്ലോ എന്നു പറഞ്ഞു് അയാൾ തേങ്ങിക്കരയുന്നു. കരച്ചിലുകണ്ടു തൊഴിലാളിയുടെ ഭാര്യ നിലവിളിക്കുന്ന ഭാഗം വായനക്കാരെ വികാരാധീനരാക്കുന്നതിനു തികച്ചും പൎയ്യാപ്തമാണു്. ഇത്രയും ഭാഗം വായിക്കുന്ന ഒരാൾക്കു് പാവപ്പെട്ട പട്ടിയെ കൊല്ലിച്ച നെയിത്തുകാരനോടു തോന്നുന്നതിൽ കൂടുതൽ അനുകമ്പ നെയിത്തുകാരുടെ പൊതുപ്രശ്നങ്ങളെക്കുറിച്ചു തോന്നുന്നതാണു്. നെയിത്തുകാരുടെ അസംതൃപ്തി ഒടുവിൽ ലഹളയിൽ കലാശിക്കുന്നതും ഒരു തൊഴിലാളി വെടിയേററു മൃതിയടയുന്നതുമായ ബാക്കി രംഗങ്ങൾ ഒരു സമുദായപ്രശ്നമെന്ന നിലയിൽ ഏററവും കലാപ്രാവീണ്യത്തോടെ നിൎമ്മിച്ചിട്ടുള്ളവയാകുന്നു.

ഒരു യുവാവിനു് ഒരു യുവതിയിൽ പ്രേമം ജനിക്കുന്നതും അനേകം പ്രതിബന്ധങ്ങൾക്കുശേഷം അതു ഫലവത്തായിത്തീരുന്നതുമായ കഥകൾക്കു് ജീവൽസാഹിത്യത്തിൽ എങ്ങുമേതും സ്ഥാനമില്ല. എന്നാൽ കുമാരനാശാൻെറ ദുരവസ്ഥയിലെ പ്രേമം ജീവൽസാഹിത്യവിഷയമാകുന്നു. ജാതിജന്യമായ അസ്പൃശ്യതമൂലം അനേകകാലമായി കേരളത്തിൽ നിലനിന്നു പോരുന്ന ഒരു ജീവൽപ്രശ്നത്തിൻെറ പരിഹാരത്തിനുവേണ്ടിയാണു് ദുരവസ്ഥ നിൎമ്മിച്ചതു്. അതിലെ നായകൻ ചാത്തൻ ഒരു വ്യക്തിയെയല്ല പ്രതിനിധീകരിക്കുന്നതു്. അധഃസ്ഥിതസമുദായങ്ങളെ ആകമാനം അയാൾ പ്രതിനിധീ

IV

**മോഹ**—ഡാക്ടർ, ഉമയെക്കുറിച്ചു് നിങ്ങൾ എന്നെ ഒന്നും ഗ്രഹിപ്പിക്കാതിരിക്കുന്നതു് എന്താണു്? എൻെറ ആഗ്രഹങ്ങൾ നിഷ്ഫലമാണെങ്കിൽ അതും ഞാൻ ഗ്രഹിക്കട്ടെ. ഡാക്ടരെ നിങ്ങൾ എന്നെ ഭ്രാന്തനാക്കുകയാണോ?

ഡാക്ടർ,—മോഹനാ, ക്ഷമിക്കുക. എല്ലാം വിവരമായി ഗ്രഹിപ്പിക്കാം. അവൾ സുഖം പ്രാപിച്ചു. ഇപ്പോൾ അവളുടെ ആരോഗ്യം വീണ്ടുകിട്ടി. അവൾ ഉല്ലാസത്തോടെയിരിക്കുന്നു.

മോഹനൻ ആശ്വാസനിശ്വാസം ചെയ്തു.

ഡാക്ടർ തുടൎന്നു:—അവൾ പൊട്ടാസ്യം സൈനേഡ് അല്ല കുടിച്ചതു്. ആ വിഷദ്രാവകമാണെന്നു് ധരിപ്പിച്ചു കൊണ്ടു് ആരോ അവൾക്കു് വെറും മയക്കുമരുന്നാണു നല്കിയിരുന്നതു്. ഇപ്പോൾ ഉമ പൂൎണ്ണ സുഖം പ്രാ......"

ഡാക്ടർ അൎദ്ധോക്തിയിൽ വിരമിക്കുവാൻ കാരണം ഉമയുടെ ആഗമനമായിരുന്നു. ആ യുവതി, വികാരപരവശയായി മുന്നോട്ടു കുതിച്ചു മോഹനൻെറ കഴുത്തിൽ കെട്ടിപ്പിടിച്ചു. അവളുടെ കണ്ണുകളിൽ നിന്നു് അശ്രുനദികൾ ഒഴുകി. ഹൃദയസ്പൎശകമായ ആ രംഗം കണ്ടുകൊണ്ടു് ഡാക്ടർ ആ മുറിയിൽ പാവപോലെ നിന്നു.

കരിക്കുകയാണു് ചെയ്യുന്നതു്. അതുപോലെ അന്തർജ്ജനം നമ്പൂരിസമുദായത്തിന്റെ പ്രതിനിധി എന്നേ പറവാനുള്ളു. അതിലെ കഥ, കാവ്യം ചമച്ച കാലത്തു നടന്ന മലബാർ മാപ്പിള ലഹളയുമാണു്. ഇക്കാരണങ്ങളാൽ ദുരവസ്ഥ ഒരു ജീവൽസാഹിത്യ ഗ്രന്ഥമാണെന്നു തീർത്തു പറയാം.

൧൧൦൧-ൽ മദ്രാസ് ഗവർണ്ണർ ഗോഷൻ പ്രഭു അവർകൾ എറണാകുളം സന്ദർശിച്ച സന്ദർഭത്തിൽ പ്രഭുവിന്റെ ബഹുമാനാർത്ഥം ഒരു രാജകീയ വിരുന്നു നടന്നു. അന്നു എറണാകുളത്തു താമസിച്ചിരുന്നറിയമസഭാസാമാജികന്മാരെല്ലാം വിരുന്നിനു ക്ഷണിക്കപ്പെട്ടിരുന്നു. അക്കൂട്ടത്തിൽ എം. എൽ. സിയും എറണാകുളത്തു പാർപ്പുകാരനും അരയപ്രതിനിധിയും ആയിരുന്ന കവിതിലകൻ കെ. പി. കറുപ്പനെ അധികാരികൾ മനഃപ്പൂർവ്വം ക്ഷണിച്ചില്ല. അധികാരികളുടെ വർഗ്ഗീയബുദ്ധിയിൽ ഉള്ളുരുകി കറുപ്പൻ 21 ശ്ലോകങ്ങളുള്ള ഒരു ചെറുകാവ്യം എഴുതി കൊച്ചീമഹാരാജാവിനു കാഴ്ചവച്ചു. അതിലെ വിഷയം വർത്തമാനകാലസംഭവം. കറുപ്പനാണു് ആവലാതിക്കാരനെങ്കിലും അരയ സമുദായത്തിന്റെ താല്പര്യത്തിനു വേണ്ടി വ്യക്തിപരമായ നിലയ്ക്കു പ്രാധാന്യം കല്പിക്കാതെയാണു് അദ്ദേഹം അതു നിർമ്മിച്ചിരിക്കുന്നതു്. കൊച്ചീമഹാരാജാവിന്റെ പേർക്കു് അയയ്ക്കുന്ന സന്ദേശമാണെങ്കിലും അതു ഭരണഭാരവാഹികളോടും അയിത്തരാക്ഷസനെ ആചരിക്കുന്ന പുരോഹിതന്മാരോടും മററുമായി ചെയ്യുന്ന ഒരു നിവേദനമാണു്. മനുഷ്യജീവിതത്തെ ഞെക്കിക്കൊല്ലുന്ന അടിമത്തത്തിൽനിന്നും വിമുക്തമാക്കി സമുദായപുരോഗതിക്കു് അത്യന്താപേക്ഷിതമായ പരിവർത്തനം വരുത്തണമെന്നാണു് ആ കാവ്യതല്ലജം നമ്മോടു ഉപദേശിക്കുന്നതു്. "ഒരു ധീവരന്റെ ആവലാതി" എന്ന പേരിൽ പ്രസിദ്ധം ചെയ്ത ആ കൃതിയിൽനിന്നും ൭ പദ്യങ്ങൾ ഇവിടെ ഉദ്ധരിക്കാം.

ചൊല്ലാളുന്നെറണാകുളത്തു മരുവു
　　ന്നെമ്മൽസികൾക്കൊക്കെയും
ചെല്ലാവുന്നവിരുന്നിലീയടിയ
　　നെക്കൂടെ ക്ഷണിച്ചീടുകിൽ
വല്ലായ്കക്കിടമെന്തു്? താടികലരും
　　മർത്ത്യൻ കരേറീടുകിൽ
കല്ലോലങ്ങളിലാഴുമോ തരണി
　　ആർചെയ്തീവിധം ദുർവ്വിധം?"
കാറില്ലാത്തതു മൂലമോ, പുകളെഴു-
　　ന്നുദ്യോഗികാദായമു-
ഞ്ഞൂറില്ലാത്തതുമൂലമോ പഴയതാം
　　പേരേടിലില്ലായ്കയോ
വേറില്ലാളുകൾക്കുററിലെന്നധൃതിയോമൂലം
　　മനഃപ്പൂർവ്വമായ്
ക്രൂറില്ലാതെവെടിഞ്ഞു പോയടിയനെക്കാ
　　രുണ്യവാരിന്നിധേ.
ഭൂജാനേ! മദിരാശിരാഷ്ട്രസഭയിൽ
　　ചണ്ഡാളവർഗ്ഗീയനായ്
രാജാവെന്നൊരു മർത്ത്യനുണ്ടവനു മ
　　ദ്ധ്യാപകൻ തന്നെയാം
വ്യാജാപേതമയാൾ സഘോഷമവിടെ
　　കാപ്പിക്കിരക്കും പ്രഭോ
ഹാ' ജാതിക്കറ,ശമ്പളക്കുറവിതി
　　ല്ലെമ്മൽസികൾക്കെങ്ങുമേ!
മാലോകർക്കു മതിപ്രമോദമിയലും ശ്രീമ
　　ന്മഹാഭാരതം
പോലോലും തദുപജ്ഞമായിവിലസും
　　ശാകുന്തളം നാടകം
ഈ ലോകോത്തരസൃഷ്ടി രണ്ടുമ
　　തുലംചേലൊത്തവാലത്തിത
നാലോലാ മലനീലനീരദമിഴി
　　ത്തുമ്പിന്റെ വമ്പല്ലയോ?
ടീപ്പാർട്ടിക്കു മനസ്സറിഞ്ഞടിയ
നെതള്ളിത്തപിപ്പിക്കയാൽ
ഉൾപ്പായും കദനങ്ങൾ പദ്യവ
　　ടിവിൻ തൃക്കാഴ്ചവയ്ക്കുന്നതിൻ
ഇപ്പാവത്തിനുവേണ്ടി,വന്റെ
　　സമുദായത്തിന്നുമേൽ ഏതിലും
തൃപ്പാദങ്ങളനുഗ്രഹിച്ചരുളണം
　　സൽപ്രാതിനിധ്യങ്ങളെ

ഇത്തരം ജീവൽസാഹിത്യകൃതികൾ നമ്മുടെഭാഷയിൽകൈവിരലിൽഎണ്ണാൻ പോലുമില്ല.

---

# അസൂയയും കണ്ണുകടിയും.

## അവയ്ക്കു മകുടം ചാർത്താൻ കരിനാക്കും.

(വിദ്വാൻ ചെന്നിത്തല കെ. കൃഷ്ണയ്യർ)

അസൂയയ്ക്കും കഷണ്ടിക്കും മരുന്നില്ലെന്നു് ഒരു ചൊല്ലുണ്ടു്. ഇതത്ര ശരിയാണെന്നു തോന്നുന്നില്ല. എന്തെന്നാൽ കഷണ്ടിക്കു പല കൈകണ്ട മരുന്നുകളുമുള്ളതായി പത്രങ്ങളിലേയും മററും പരസ്യങ്ങളിൽ നിന്നും മനസ്സിലാകുന്നു. ഇയ്യിടെ മുടി കുത്തിവയ്ക്കുന്ന ഏർപ്പാടുമുണ്ടത്രെ! അമ്പതു വയസ്സുള്ള ഒരു കണ്ണാടിക്കഷണ്ടിക്കാരൻ തന്റെ കഷണ്ടിയിൽ അവിടവിടെ രോമങ്ങൾ പൊടിച്ചുവരുന്നുവെന്നു് ഒരിക്കൽ പറയുകയുണ്ടായി! വാർദ്ധക്യം മൂലം പല്ലു മുഴുവൻ പൊഴിഞ്ഞുപോയ ഒരുത്തൻ തനിക്കു രണ്ടാമതും പല്ലു മുളച്ചുവരുന്നുവെന്നു പറഞ്ഞു വാ പിളർന്നു കാണിച്ചുവത്രെ! തലേദിവസം വെഞ്ചാമരംപോലെ നരച്ചിരുന്ന ഒരാളുടെ മുടി പിറേറദിവസം കരിവണ്ടുപോലെ കറുത്തിരുണ്ടിരിക്കുന്നതായി കാണപ്പെട്ടു. ഇങ്ങനെ പലതിനും പ്രതിവിധി കണ്ടുപിടിച്ചിട്ടുണ്ടെങ്കിലും അസൂയക്കു മാത്രം യാതൊരു പ്രതിവിധിയുമുള്ളതായി കേട്ടിട്ടില്ല. അതിനാൽ അസൂയക്കും കഷണ്ടിക്കും മരുന്നില്ലെന്നു പറയുന്നതിനു പകരം അസൂയക്കു മരുന്നില്ലെന്നു പറഞ്ഞാൽ പോരെയെന്നാണു സംശയം.

അസൂയക്കാരനു് ഒരിക്കലും മനസ്സമാധാനം കാണുകയില്ല. ചുററും കാണുന്നതെല്ലാം ഒരു പ്രകാരത്തിലല്ലെങ്കിൽ മറെറാരു പ്രകാരത്തിൽ അവന്റെ അസൂയാഗ്നിയെ ഉജ്ജ്വലിപ്പിക്കുന്നു. പാടത്തു കുലകുലയായി നെല്ലുവിളഞ്ഞു കിടക്കുന്നതോ മറെറാരാൾ ഉയർന്ന പരീക്ഷയിൽ ജയിക്കുന്നതോ അന്യന്മാർക്കു വലിയ ഉദ്യോഗങ്ങളോ സ്ഥാനമാനങ്ങളൊ ലഭിക്കുന്നതോ രണ്ടുപേർതമ്മിൽ സദാസൗഹാർദ്ദത്തോടെ വർത്തിക്കുന്നതോ ഒരാൾ മറെറാരാളെ ബഹുമാനിക്കുന്നതോ മററുള്ളവർ സുഖമായി ജീവിക്കുന്നതോ ഒന്നും തന്നെ അസൂയാലുവിനു കണ്ടുകൂടാ. കൃഷി പിഴയ്ക്കുന്നതും മറെറാരാൾ പാപ്പരാകുന്നതും കൂട്ടുകാരൻ പരീക്ഷയിൽ തോല്ക്കുന്നതും അന്യന്റെ വീട്ടിൽ കള്ളന്മാർ കടന്നു കവച്ചു ചെയ്യുന്നതും അന്യന്മാർക്കു എന്തെങ്കിലും വ്യാപാരത്തിൽ നഷ്ടം നേരിടുന്നതും ഭാര്യാഭർത്താക്കന്മാർ തമ്മിൽ കീരിയും പാമ്പും പോലെ വർത്തിക്കുന്നതും അയൽക്കാരന്റെ പുരക്കു തീ പിടി

ക്കുന്നതും മററൊരാൾ കഷ്ടപ്പെട്ടു മരിക്കുന്നതും ഒരാൾ മററൊരാളെ അവമാനിക്കുന്നതും അന്യൻ വളരെ പണം ചെലവു ചെയ്തു നടത്തുന്ന അടിയന്തിരം അലവഷളാകുന്നതും മററുള്ളവരുടെ ഉദ്യമങ്ങൾ വിഫലങ്ങളാകുന്നതും മററും അസൂയാലുവിന്ന് അളവററ ആനന്ദത്തിന്നു കാരണമാണ്. എല്ലാവരും അന്തകന്റെ അതിഥികളായിത്തീർന്നു താനും ഒരു മരം കയററക്കാരനും ഒരു തേങ്ങാക്കച്ചവടക്കാരനും മാത്രം ജീവിച്ചിരിക്കണമെന്നാണ് അയാളുടെ ആഗ്രഹം. ഈ ആഗ്രഹം സാധിച്ചാൽ തനിക്കു ജന്മസാഫല്യം വന്നതായി അയാൾ കരുതുന്നു.

അസൂയാലുവിന്ന് ഊണില്ല; ഉറക്കമില്ല; എപ്പോഴും വല്ലാത്ത ഒരു സംഭ്രമം; വയററിൽ തീ കോരിയിട്ടതുപോലെ ഒരു കത്തൽ; ഒരു നീററൽ: ഒരു പുകച്ചൽ; ഒരു വെമ്പൽ; തലവേദന; തല ചുററൽ; ശരീരമാസകലം വിയത്തൊലിക്കൽ; ഒരു ഉഷ്ണസഞ്ചാരം; ഒരിക്കലും ഇരിപ്പുറയ്ക്കാതെ എട്ടുവീട്ടുപട്ടിയെപ്പോലെ ഓടി നടക്കുക. വല്ലാത്ത ഒരു പരുങ്ങൽ, വല്ലാത്ത ഒരു പതറൽ, എന്തിന്നു വളരെ; ഭൂകമ്പം തന്നെ!

അസൂയാലുവിന്ന് ഏകാന്തവാസമാണ് ഇഷ്ടം. അവൻ വിജനസ്ഥലത്തിരുന്നാണ് ഓരോ കാര്യങ്ങളെപ്പററി വിചാരിക്കുകയും ക്ലേശിക്കുകയും ചെയ്യുന്നതു്. പുറത്തിറങ്ങിയാൽ തനിക്കു വേദനയുണ്ടാക്കുന്ന പല കാര്യങ്ങളും കാണാനും കേൾക്കാനും ഇടയാകും. അവയ്ക്കൊന്നിന്നും തക്ക സമാധാനം കാണാതെ വിഷണ്ണഹൃദയനായി വീട്ടിലേക്കു മടങ്ങേണ്ടിവരും. വീട്ടിൽ ചെന്നു കഴിഞ്ഞാൽ എല്ലാവരോടും ശുണ്ഠി കടിക്കുകയും, കുളി, ഊണ് ഇവയൊന്നും കൂടാതെ ദുർമ്മുഖനായി, ചിന്താമഗ്നനായി, സമാധാനരഹിതനായി സമയം നയിക്കുകയും ചെയ്യും. ഇയാൾ മൂലം വീട്ടിൽ ഉള്ളവർക്കും ഒരിക്കലും മനസ്സിന്നു സ്വാസ്ഥതയുണ്ടായിരിക്കുകയില്ല. വല്ല വിധത്തിലും ഈ ശനി മറയത്തു പോയാൽ മതിയെന്ന് അവർ വിചാരിക്കും.

അസൂയക്കാരന്നു മററുള്ളവർ മാത്രമല്ല, സ്വന്തം ഭാര്യ, സഹോദരൻ, ബന്ധുമിത്രങ്ങൾ ഇവർ പോലും നല്ല നിലയിലിരിക്കുന്നതു കണ്ടുകൂടാ. ഒരിക്കൽ ഒരു അസൂയാലു തന്റെ ഭാര്യയുടെ രൂപലാവണ്യം സഹിക്കവഹിയാതെ അവൾക്ക് അല്പം വൈരൂപ്യം വരുത്താനുള്ള വഴി ആലോചിച്ചുകൊണ്ടിരുന്നു. ദൈവഗത്യാ അവളുടെ മുഖത്ത് ഒരു പരുവരുന്നു. അതു് ശസ്ത്രക്രിയകൂടാതെ ഭേദമാകാൻ പ്രയാസമാണെന്നുള്ള ദിക്കായി. അതിനാൽ ഡാക്ടറെക്കൊണ്ടു് ശസ്ത്രക്രിയ നടത്തിച്ചു. തൽഫലമായി അവളുടെ മുഖത്ത് ഒരു പാടുവീണു. അസൂയാലുവായ ഭർത്താവിന്നു മനസ്സിന്ന് അല്പം സമാധാനമുണ്ടായി. നന്നായില്ലേ.

മനോഹരങ്ങളായ മന്ദിരങ്ങളുടെയും ഫലസമൃദ്ധങ്ങളായ കൃഷിസ്ഥലങ്ങളുടെയും മററും മുമ്പിൽ ചില വികൃതരൂപങ്ങൾ ഉണ്ടാക്കിവയ്ക്കാറുണ്ടല്ലോ. ഇതു നമ്മുടെ അസൂയക്കുട്ടുക്കളെ ഭയന്നിട്ടാണെന്നു തോന്നുന്നു. ഇവരുടെ കണ്ണുകിട്ടിയാൽ മന്ദിരങ്ങൾ പെട്ടെന്ന് ഇടിഞ്ഞു നിലംപതിക്കുകയും വിളവുകൾ നിശ്ശേഷം നശിച്ചു പോകയും ചെയ്യും. അത്ര ഉഗ്രമായ തൈക്ഷ്ണ്യം ഇവരുടെ ദൃഷ്ടിക്കുണ്ടു്. അതിനാൽ ഈ മുക്കണ്ണന്മാരുടെ തീക്കണ്ണു മുമ്പറഞ്ഞ കെട്ടിടങ്ങളിലും മററും പതിയാതിരിക്കുവാൻ അവയുടെ മുമ്പിൽ വികൃതരൂപങ്ങൾ ഉണ്ടാക്കിവയ്ക്കപ്പെടുന്നു.

ചില അസൂയക്കാർ കരിനാക്കന്മാരാണ്. അവർ എന്തെങ്കിലും പറഞ്ഞാൽ തൽക്ഷണം തന്നെ അതു ഫലിക്കുകയായി. ഒരിക്കൽ ഒരു അസൂയക്കാരൻ ഒരു പശുവിനെക്കണ്ടു് "അല്ലാ ഈ പശുവിന്റെ അകിടു കണ്ടോ? കുടം പോലിരിക്കുന്നു. ഇതിന്നു നാലഞ്ചിടങ്ങഴി പാലു കാണും. ഉടമസ്ഥന്റെ ഭാഗ്യം തന്നെ" എന്നു പറഞ്ഞു. അന്നുമുതൽ ആ പശുവിന്റെ മുലയിൽ ഒരു തുള്ളിപാലുപോലുമില്ലാതായി. അയാൾ പോകുന്ന വഴി ഒരു മാങ്കൊമ്പിൽ കുലനിറച്ചു മാങ്ങപഴുത്തു തൂങ്ങിക്കിടക്കുന്നതു കണ്ടു് "അമ്പോ ഈ മാവിലെ മാങ്ങാ കമ്പു് ഒടിയാറായല്ലോ." എന്നു പറഞ്ഞു അയാൾ തിരിച്ചുവരുന്നതിന്നു മുമ്പു മാങ്കൊമ്പു് ഒടിഞ്ഞു താഴെ. എന്നു മാത്രമല്ല, പിന്നീടു് എല്ലാക്കാലവും ആ മാവിലെ മാങ്ങ പഴുത്തല്ല, പുഴുത്തായിരുന്നു വീഴുക പതിവു്. അനന്തരം അസൂയക്കാരൻ തന്റെ ഒരു സ്നേഹിതന്റെ വീട്ടിൽ കയറി. കുശലപ്രശ്നം ചെയ്ത കൂട്ടത്തിൽ, "ഇയ്യിടെ ദേഹമൊന്നു മിനുങ്ങീട്ടുണ്ടല്ലോ." എന്നു സ്നേഹിതനെ നോക്കിപ്പറഞ്ഞു. ഒരാഴ്ചവട്ടത്തേക്കു് ആ പാവത്തിന്നു ദേഹമാസകലം അസഹ്യവേദന!!

ഒരു അസൂയക്കാരന്ന് ഒരു നല്ല അരിവയ്പുകാരൻ സ്നേഹിതനുണ്ടായിരുന്നു. ഇയാൾക്കു പല സ്ഥലത്തും സദ്യക്കു ദേഹണ്ഡം ചെയ്തു കീർത്തിമുദ്രപോലും കിട്ടീട്ടുണ്ടായിരുന്നു. അതിനാൽ ഇയ്യാളെ ഒന്നു പററിക്കണമെന്ന് അസൂയക്കാരൻ നിശ്ചയിച്ചു. ഒരു അത്താഴസദ്യക്കു മേൽപറഞ്ഞ അരിവയ്പുകാരനായിരുന്നു ദേഹണ്ഡം. ഇതു നമ്മുടെ അസൂയക്കാരൻ മനസ്സിലാക്കി. അയാൾ സൂത്രത്തിൽ അരി

# ദൈവലോകത്തിൽ.

(കിളിമാനൂർ എൻ. കേശവൻ)

—കേക—

പൊൻകനിപ്രഭപൂണ്ടംപൂന്തനു പൂണരാനെൻ
മങ്കയാളുത്തുടണ്ട സ്വപ്നസംഗീതം തൂവാൻ
വൻപിച്ചവിശ്വത്തൊട്ടിലാട്ടുവതാരായാലും
അൻപിൽഞാനതിലേറി പൂവുപോലുറങ്ങാറായ്
എങ്കരളേതോസ്വപ്നസാമ്രാജ്യമെരത്താൻ വെമ്പി
പ്പോകയായീവിണ്ണിൽ വെണ്മരാളത്തെപ്പോലെ
മിന്നലിന്നൊളിയാളുംപൊന്തയലെന്നൻമുന്നിൽ
മിന്നിഞാനതിലേറീട്ടായമിട്ടാടിപ്പാടീ
മഞ്ഞണികുന്നിൻമാറിൽ ചാടിഞാനൂഞ്ഞാൽവിട്ടു
കുഞ്ഞലക്കലകളെത്തെത്തെന്നൽ താലോലിക്കേ
മർത്ത്യജീവിതം പോലെ നിശ്ചിതനേരംദോള
ദീപ്തമായാന്ദോളനം ചെയ്തഹോ! നിന്നു ശാന്തം!

× × × × ×

താരകാനികരംപോൽ തരുകൾചൊരിയുന്നു
താരകാപഥം വിണ്ടു താഴോട്ടുമഴപോലെ
പാലലക്കടലായിപ്പാരിടം പ്രശോഭിച്ചു
നീലവാനിടം മുട്ടിവാരലർ മലയാലെ
പുഞ്ചിരിയോലും കുളിർത്തുവെള്ളി മേഘംമുന്നിൽ
അഞ്ചിതാമോദം വന്നുകാത്തു നിൽക്കുകയായീ
ഞാനതിലേറിപ്പാരമുല്പന്നശോഭംപൊങ്ങി
വാനവും കീഴായാരുമുൽഗതികൊതിച്ചീടും
പൂമഴവില്ലും പേറിപ്പൂതമാമേതോലോക-
പൂമുഖമേറാനല്ലീയാത്ര ഞാൻ തുടരുന്നു?
ദിവ്യമാമൊരു നവ്യതേജസ്സിൽഞാനാംകൊച്ചു
തൈജസകീടം ഹന്ത! മാഞ്ഞുപോവുകയില്ലീ?
മണ്ണിലെച്ചെറുകീടമായി ഞാൻപിറന്നേവം
വിണ്ണിലെത്തെളിവെള്ളിത്താരമായൊളിതൂവി
ക്രൂരരാംപാരാവാരം പിന്നിട്ടുവന്നഞാനീ
വാരുററവെളിച്ചത്തിലന്ധനായ് മാറീടുന്നോ?
പാവങ്ങൾപോരിൽതോററാരുഴിനാഥന്മാർ ശര-
പീഡിതരെല്ലാമാത്തസ്വാന്തരായ്‌വിലപിപ്പൂ
അദ്ദിവ്യസാമ്രാജ്യത്തിലാതുരന്മാരേയുള്ളൂ
അദ്ഭുതമവരോത്താലീശ്വരന്മാർ താനല്ലീ
കേവലാനന്ദം നേടി കൈവല്യമാല്യം ചൂടി
ആവിലേതരചിത്തവൃത്തിയായ് വിഹരിക്കേ,
പൊൻകിനാവുടൻ മങ്ങിമാഞ്ഞു ഞാൻ വീണാൻ താഴെ
പിഞ്ചലർ ചിറകററപൈങ്കിളിക്കുഞ്ഞെന്നോണം
ശ്രീമന്തസന്ധ്യാതാരംകൈത്തിരി തെളിയിച്ചി
ങ്ങുഷ്മളദിവസത്തിൻ പട്ടടപ്പാഴൂഴിക്കായ്
ഘോരാന്ധകാരത്തിന്റെ ഗിരിയും താഴെത്തള്ളി
ക്കോലാഹലമുയരത്തിലെത്തിയാമ്പഴചന്ദ്രൻ.
പൊൻകനിപ്രഭ പൂണ്ടും പൂന്തനു പൂണരാനെൻ
മങ്കയാളടുത്തുണ്ടു സ്വപ്നസംഗീതം തൂവാൻ

വയ്പുസ്ഥലത്തു പററിക്കൂടി നിന്നു. തരം വന്നപ്പോൾ കൂട്ടാനിലും മററും ധാരാളം ഉപ്പുവാരിയിട്ടശേഷം അവിടെനിന്നും മാറിനിന്നു. രാത്രിയായിരുന്നതിനാൽ ഇതാരും കണ്ടില്ല. അന്നു സദ്യക്കു് ഇല വച്ചു വിളമ്പിയപ്പോൾ കൂട്ടാനും മററും ആരുക്കൂട്ടിയില്ല. മിക്കവരും ഉണ്ണാതെ എഴുന്നേററുപോയി. എല്ലാവരും അരിവയ്പുകാരനെ ചീത്തപറഞ്ഞു. അസൂയക്കാരൻ ഇതെല്ലാം കണ്ടുകൊണ്ടുനിന്നു. അയാൾക്കു വലിയ സന്തോഷമായി. ആ ദുഷ്ടൻ വിചാരിച്ചു. "ഇന്നത്തെ പ്ളാൻ കണക്കിനു പററി. അസ്സലായി. അങ്ങനെ തന്നെ വേണം. ആ കുംഭമാസത്തിലെ അമ്പഴം അവനു് അഹങ്കാരം കൊണ്ടു കണ്ണുകാണാൻ പാടില്ലായിരുന്നു. അവനും സദ്യകഴിച്ചവനും ഒരു പോലെ ചീത്തപ്പേരു കിട്ടി. നന്നായി ഒരു വെടിക്കു രണ്ടു പക്ഷി."

അസൂയാലുവിനു മററുള്ളവരുടെ ഉൽക്കർഷം കാണുമ്പോൾ അസൂയ തോന്നുന്നെങ്കിലും അതിനെല്ലാം ഉടനടി തക്ക സമാധാനവും അവൻ കാണുന്നുണ്ടു്. ഒരു കാലം പാടത്തു സമൃദ്ധിയായി നെല്ലു വിളഞ്ഞു കിടക്കുന്നതു് ഒരു അസൂയക്കാരൻ കണ്ടു. അയാൾക്കു വയറുകത്തിക്കാളി. അയാൾ വിചാരിച്ചു; "ദൈവമേ, എന്തൊരു നെല്ലാണിതു്. കൃഷിക്കാർക്കു ശുക്രദശതന്നെ. അവർക്കു സന്തോഷം സഹിക്കവഹിയാ. കഴിഞ്ഞാണ്ടിൽ വെള്ളപ്പൊക്കം മൂലം നെല്ലെല്ലാം നശിച്ചു. അതിന്റെ മുമ്പിലത്തെ ആണ്ടിൽ പുഴുവീണു കൃഷി പിഴച്ചു. ഈയാണ്ടിലും അങ്ങനെ വല്ലതും സംഭവിക്കരുതാഞ്ഞോ? ഇല്ല. അധികം താമസിയാതെ ചാഴി വീഴും. കൃഷിക്കാരുടെ അഹങ്കാരമടങ്ങും. അവർ നശിക്കും. സംശയമില്ല."

ഒരിക്കൽ ഒരു അസൂയാകുക്ഷിയുടെ പരിചിതനായ ഒരു ചെറുപ്പക്കാരൻ ഐ. സി. എസ്' പരീക്ഷ ജയിച്ച വിവരം പത്രം മുഖേന അസൂയക്കാരൻ അറിയുന്നതിനു് ഇടയായി. അയാൾക്കു ദേഹമാസകലം പെട്ടെന്നു് ഒരു നീററലുണ്ടായി. അയാൾ ഇങ്ങനെ വിചാരിച്ചു. "ഈ പന്നച്ചെറുക്കൻ 'ഐ. സി. എസ്' പരീക്ഷ ജയിക്കാനോ? ഒരിക്കലുമില്ല. പത്രങ്ങളിൽ അവാസ്തവപ്രസ്താവനകളും കാണാറുണ്ടു്. അവയിലൊന്നാണിതു്. അല്ലെങ്കിൽ അയാൾ പരീക്ഷയിൽ ജയിച്ചു എന്നു തന്നെയിരിക്കട്ടെ. അയാൾ അല്പായുസ്സാണെങ്കിൽ എന്താണു വിശേഷം. "അതിബുദ്ധിക്കല്പായുസ്സ്" എന്നുണ്ടല്ലോ. പഴമൊഴിയിൽ പതിരു കാണുകയില്ല. അയാൾ അല്പായുസ്സു തന്നെ. നിശ്ചയം. ഞാനും പഠിച്ചിരുന്നെങ്കിൽ 'ഐ. സി. എസ്' അല്ല, അതിലുമുയർന്ന പരീക്ഷ ജയിക്കുമായിരുന്നു. പക്ഷെ വേണ്ടെന്നു വച്ചു. ഈ മിനക്കെട്ട ജോലിക്കു പോകാൻ എന്നെക്കൊണ്ടാവില്ല."

അസൂയക്കാർക്കു ചിലപ്പോൾ വലിയ അബദ്ധം പിണയാറുണ്ടു്. മററുള്ളവരെ ചാടിക്കുന്ന കുഴിയിൽ അവൻതന്നെ വീഴുന്നു. ഒന്നു രണ്ടു ദൃഷ്ടാന്തം പറയാം. ഒരിക്കൽ ഒരു അസൂയക്കാരൻ വേറൊരാൾ ഭംഗിയായി വീണ വായിക്കുന്നതു കണ്ടു് അസൂയ സഹിക്കവഹിയാതെ തനിക്കും അയാളെപ്പോലെ വീണ വായിക്കാൻ അഭ്യസിക്കണമെന്നു നിശ്ചയിച്ചു. സ്വാർത്ഥപരനായ ഒരു ഭാഗവതരുടെ അടുക്കൽ ചെന്നു വിവരം പറഞ്ഞു. പരിശോധിച്ചു നോക്കിയതിൽ അസൂയക്കാരനു സംഗീതവാസന അശേഷമില്ലെന്നു ഭാഗവതർക്കു മനസ്സിലായി. എങ്കിലും വല്ലതും കൈക്കലാക്കാമെന്നു വിചാരിച്ചു് അയാൾക്കു് അസാമാന്യമായ വാസനയുണ്ടെന്നു തട്ടിവിട്ടു. അസൂയക്കാരൻ അതു വിശ്വസിച്ചു. പക്ഷെ വളരെ നാൾ പഠിച്ചിട്ടും സപ്തസ്വരം പോലും അപസ്വരംകൂടാതെ ചൊല്ലാൻ അസൂയക്കാരനു സാധിച്ചില്ല. അപ്പോൾ ഭാഗവതർ പറഞ്ഞു. "നിങ്ങൾ ഇനി പാടി പഠിക്കേണമെന്നില്ല. ഒരു വീണ വാങ്ങിച്ചു മുറക്കു വായിച്ചു കൊണ്ടാൽ മതി" ഭാഗവതർ പറഞ്ഞതു വാസ്തവമാണെന്നു് അസൂയക്കാരൻ വിചാരിച്ചു. പക്ഷെ, ഭാഗവതർക്കു് ഒരു നല്ല വീണയുടെ ആവശ്യമുണ്ടായിരുന്നതുകൊണ്ടാണു് അപ്രകാരം പറഞ്ഞതു്. ഏതായാലും അസൂയക്കാരനെക്കൊണ്ടു് ഒരു പുതിയ വീണ ഭാഗവതർ വാങ്ങിപ്പിച്ചു. ആദ്യം പഠിക്കുന്നവർ പഴയ വീണയിലെ വായിച്ചു ശീലിക്കാവു എന്നു പറഞ്ഞു പുതിയ വീണ ഭാഗവതർ എടുത്തുകൊണ്ടു തന്റെ പഴയ വീണ അസൂയക്കാരനു കൊടുക്കുകയും തന്നത്താൻ വായിച്ചു പഠിച്ചാൽ മതിയെന്നു അയാളോടു പറയുകയും ചെയ്തു. വാസനാശൂന്യനായ അസൂയക്കാരൻ തന്നത്താനെ വായിച്ചു വായിച്ചു വീണ ഉപയോഗശൂന്യമാക്കിത്തീർത്തു. അയാൾക്കു സപ്തസ്വരം പോലും ശരിയായി വായിക്കാൻ വശമായില്ല. ഭാഗവതർക്കു പ്രതിഫലവും പുതിയ വീണയും കൊടുത്തതു വെറുതെയായി.

വേറൊരിക്കൽ ഒരു അസൂയക്കാരന്റെ പുരയിടത്തിനടുത്തു് അയൽക്കാരന്റെ ഒരു മാവു നിന്നിരുന്നു. മാവു നല്ലതുപോലെ കായ്ക്കുന്നതായിരുന്നു. മാങ്ങായും സാമാന്യത്തിലധികം നല്ലതായിരുന്നു. അസൂയക്കാരൻ, എങ്ങനെ എങ്കിലും ആ മാവു നശിപ്പിക്കണമെന്നു നിശ്ചയിച്ചു. ഒരു ദിവസം അയാൾ തടിയിൽ ഒരു ദ്വാരമുണ്ടാക്കി കുറെ രസം അതിൽ വച്ചടച്ചു. കുറെ ദിവസം കഴിഞ്ഞപ്പോൾ മാവു് ഉണങ്ങിപ്പോയി. അസൂയക്കാരനു സന്തോഷമായി. പക്ഷെ, ഒരു ദിവസം മാവു് ഒടിഞ്ഞു അസൂയക്കാരന്റെ നല്ലതുപോലെ കായ്ക്കുന്ന ഒരു പ്ളാവിലും രണ്ടു തെങ്ങിലുമായി വീണതിനാൽ ഈ മൂന്നു വൃക്ഷങ്ങളും നിലംപതിച്ചു. അസൂയക്കാരനു് ഒരു നല്ല പ്ളാവും രണ്ടു തെങ്ങും ഇല്ലാതായി. നോക്കുണേ! അസൂയയുടെതിരിഞ്ഞു പാച്ചിൽ!

ആയുർവ്വേദാചാര്യൻ സി. രാമകൃഷ്ണൻ
നായർ അവർകളുടെ സുപ്രസിദ്ധ
ശിരോരഞ്ജിനി തൈലം.

തലമുടിയെ കറുപ്പിക്കുകയും വളർത്തുകയും ശിരോരോഗങ്ങളെ
മാററുകയും ചെയ്യുന്നു. തലയ്ക്കു കുളിർമ്മയുണ്ടാക്കുന്നു.
ഹൃദ്യമായ പരിമളം. വില കുപ്പി 1-നു് 10 ണ മാത്രം.
എല്ലാ വിധ ആയുർവേദ ഔഷധങ്ങളും ഇവിടെയും,
മുണ്ടക്കയം 35-ാം മൈലിലുള്ള ബ്രാഞ്ചിലും കിട്ടുന്നതാണു്.

ചെറുവള്ളി രാമകൃഷ്ണവിലാസം സർക്കാർ അംഗീകൃതവൈദ്യശാല,
ചിറക്കടവു് A. O. കാഞ്ഞിരപ്പള്ളി P. O.
തിരുവിതാംകൂർ.

## നേരമ്പോക്കുകൾ.

### ഉൽസവത്തിനുപോയയുവാവ്

**ഒരാണിയെടുക്കാൻ പത്തു രൂപാ ചെലവാക്കി.**

അടുക്കളക്കാരിയല്ല—പുതിയ അയൽക്കാർ—പാവം കോഴിക്കുഞ്ഞുങ്ങൾ—തൂക്കി വിററ നോവൽ—മജിസ്ത്രേട്ടിനു യാത്രാശംസ--വിദ്യാൎത്ഥി കണ്ട കഴുത--കൊച്ചമ്മയുടെ സഹനശക്തി-കവി-ഭാൎയ്യയോടുള്ള പേടി.

രണ്ടു് അയൽക്കാരികൾ, പുതുതായി പാർപ്പു തുടങ്ങിയ മൂന്നാമതൊരു അയൽക്കാരിയെപ്പററി പറയുകയായിരുന്നു:-

ഒന്നാമത്തവൾ—എന്തൊരു വൃത്തികെട്ട ശവമാണു് ആ സ്ത്രീ. മുടമ്പല്ലി. തലയൊക്കെ പപ്പുശൻ. ആ കുട്ടികളെ കണ്ടാൽ മതി പിശാചിന്റെ സന്താനങ്ങളാണെന്നു തോന്നും. ഇങ്ങനെയുള്ള പ്രേതങ്ങളും ദൈവസൃഷ്ടിയിലുണ്ടല്ലോ. നിങ്ങൾ അവരെ അറിയുമോ?

രണ്ടാമത്തവൾ—അവർ എന്റെ സഹോദരിയും കുട്ടികളുമാണു്.

*    *    *    *    *

ഭാൎയ്യ—ആരെങ്കിലും കണ്ടാൽ, ഞാൻ ഇവിടുത്തെ അടുക്കളക്കാരിയാണെന്നേ വിചാരിക്കയുള്ളു.

ഭൎത്താ—ഇവിടെ നിന്നു് ഒരിക്കലെങ്കിലും ഭക്ഷണം കഴിച്ചിട്ടുള്ളവർ അങ്ങനെ വിചാരിക്കയില്ല.

*    *    *    *    *

ഭാൎയ്യ—നമ്മുടെ വിവാഹം കഴിഞ്ഞിട്ടു് നാളെ പത്തു കൊല്ലം തികയുന്നു. രണ്ടു കോഴിയെ നാളെക്കൊല്ലണം.

ഭൎത്താവു്—എന്തിനു്? എനിക്കു നേരിട്ട ആപത്തിനു് ആ പാവം ജീവികൾ എന്തു പിഴച്ചു?

*    *    *    *    *

കഥാകൃത്ത്—ഞാൻ കഴിഞ്ഞ പ്രാവശ്യം എഴുതിത്തന്ന നോവലിന്റെ പ്രതിഫലത്തിനാണു വന്നതു്.

പബ്ളിഷിംഗു കമ്പനിയുടെ ഉടമസ്ഥൻ ഏഴു ചക്രം എടുത്തുകൊടുത്തു:- "ഇതാ, അതു രണ്ടു റാത്തലേ ഉണ്ടായിരുന്നുള്ളു.

കഥാകൃത്തു്—എന്തു്?

ഉട—അതെ, സമാനം പൊതിഞ്ഞുകെട്ടുവാൻ പോലും അതു കൊള്ളുകയില്ലെന്നു വാങ്ങിയയാൾ പറഞ്ഞു. മററു കടലാസ്സിന്റെ കൂടെ തൂക്കിയതുകൊണ്ടു് ഇത്രയുമെങ്കിലും കിട്ടി.

*    *    *    *    *

മജിസ്ത്രേട്ട്—കെട്ടിടത്തിനു തീ വച്ചതു് നിങ്ങളാണെന്നു തെളിവില്ലാത്തതുകൊണ്ടു നിങ്ങളെ വെറുതെ വിട്ടിരിക്കുന്നു.

പ്രതി-തെളിവുണ്ടാകാൻ ന്യായമില്ല. അതു് അൎദ്ധരാത്രിയ്ക്കായിരുന്നു.

*    *    *    *    *

മകൻ—അമ്മേ, നാം കുരങ്ങിന്റെ സന്തതികളാണെന്നാണല്ലോ പറയുന്നതു്.

അമ്മ—നിന്നെ സംബന്ധിച്ചിടത്തോളം അതു ശരിയാണു്.

*    *    *    *    *

നടൻ—കഴിഞ്ഞ ദിവസം ഞാൻ ഒരു മരണരംഗം അഭിനയിച്ചതുകണ്ടു് കാഴ്ചക്കാരിൽ ഒരാൾ ബോധം കെട്ടു വീണു. ഞാൻ മരിച്ചുപോയെന്നു അയാൾ വിചാരിച്ചു.

സ്നേഹിതൻ—അതുവ്വോ? ആരാണു ബോധരഹിതനായതു്?

നടൻ—എന്റെ ഇൻഷ്വറൻസ് ഏജൻറു്.

*    *    *    *    *

ഉദ്യോഗാൎത്ഥി—അങ്ങയുടെ ഔദാര്യത്തേയും ദീനാനുകമ്പയേയും പററി ആളുകൾ പറയുന്നതു കേട്ടതുകൊണ്ടാണു ഞാൻ ഇത്രയധികം ദൂരം നടന്നു് ഇവിടെ വന്നതു്?

പണക്കാരൻ—അങ്ങ്ഹാ. ആളുകൾ അങ്ങനെ പറയുന്നുണ്ടോ?

ഉദ്യോ—ഉവ്വു്.

പണ-നിങ്ങൾ വന്നവഴിയെതന്നെയാണോ പോകുന്നതു്.

ഉദ്യോ-ഉവ്വു്.

പണ— എന്നാൽ അങ്ങനെ പ... ...തവരോക്കണ്ടു്. അവൎക്കു തെററിപ്പോയെന്നു് ധരിപ്പിച്ചേക്കുക.

*    *    *    *    *

ഒരു മജിസ്ത്രേട്ടിനു സ്ഥലംമാററം കിട്ടി. അദ്ദേഹത്തെ യാത്രയയക്കുവാൻ കൂടിയ യോഗത്തിൽ അദ്ധ്യക്ഷൻ ഇപ്രകാരം പ്രസ്താവിച്ചു:—

"മാന്യരേ, ഇദ്ദേഹം ഇവിടെ ജനിച്ചു ഇവിടെ വച്ചു വിവാഹം കഴിച്ചു. ഇവിടെ വച്ചുതന്നെ മരിക്കുമെന്നും നാം വിചാരിച്ചിരുന്നു. പക്ഷെ വിധി അങ്ങനെയല്ലല്ലൊ"

*    *    *    *    *

ഭാൎയ്യ ടെലിഫോണിൽ കൂടി ഭൎത്താവിനെ വിളിച്ചു:—കുട്ടി ഒരു ഇരുമ്പാണി വിഴുങ്ങി. അതു് എടുത്തതിനു ഡാക്ടർ പത്തു രൂപായുടെ ബിൽ തന്നിരിക്കുന്നു.

ഭൎത്താ-നീ എന്നെ നശിപ്പിക്കുകയാണു്. ആണി പോയെങ്കിൽ പോകട്ടെയെന്നു വച്ചാൽ മതിയായിരുന്നു. ഒററയാണിയുടെ നഷ്ടം സഹിക്കാൻ ഇന്നെനിക്കു ശക്തിയുണ്ടു്.

*    *    *    *    *

ചെറുപ്പക്കാരൻ-ഞാനൊരു കവിയാണു്.

പത്രാധിപർ-വെറും കവിയല്ല, മഹാകവിയാണു്.

ചെറുപ്പക്കാരൻ (തന്നെപ്പററി പത്രാധിപർക്കുള്ള മതിപ്പിനെക്കുറിച്ചുള്ള സന്തോഷത്തോടെ) അങ്ങു് അതെങ്ങനെയറിഞ്ഞു? എന്റെ കവിതകൾ വായിച്ചിട്ടുണ്ടോ?

പത്ര-ഇല്ല. നിങ്ങളുടെ കീറിമുഷിഞ്ഞ മുണ്ടും, നിറംമാറി കാലൊടിഞ്ഞ കുടയും പപ്പുശൻ തലയും കണ്ടപ്പോൾ എനിക്കു സംശയം തോന്നി.

*    *    *    *    *

ഉത്സവത്തിനു വലിയ ആൾത്തിരക്കായിരുന്നു. ഒരു യുവാവു് തന്റെ സമീപത്തു നിന്നിരുന്ന യുവതിയുടെ തലയിൽ പതുക്കെത്തടവിക്കൊണ്ടു നിന്നു. അതുകൊണ്ടു് അവൾക്കു് അതൃപ്തിയില്ലെന്നു കണ്ടു് അയാൾ അവളുടെ തോളിൽ പതുക്കെ താളം പിടിക്കാൻ തുടങ്ങി. ഒടുവിൽ അയാൾ അവളുടെ താടിക്കു പിടിച്ചു തന്റെ നേരെ തിരിച്ചു. അതു തന്റെ ഭാൎയ്യയായിരുന്നുവെന്നു് അപ്പോഴാണു് അയാൾക്കു മനസ്സിലായതു്. ഉടനെ അയാൾ ഒരു കുററബോധത്തോടെ പറഞ്ഞു:—"ക്ഷമിക്കണേ. ഇതു വേറെ വല്ല പെണ്ണുങ്ങളുമാണെന്നാണു ഞാൻ വിചാരിച്ചതു്"

ഒരാൾ തല പൊട്ടി രക്തവുമൊലിപ്പിച്ചു കൊണ്ടു് വഴിയിൽ നില്ക്കുന്നതുകണ്ട സ്നേഹിതൻ:—"ഹേ, എന്താണിതു്? വരൂ, നിങ്ങളെ ഞാൻ നിങ്ങളുടെ വീട്ടിൽ കൊണ്ടുചെന്നാക്കാം."

അയാൾ—വീട്ടിലേക്കോ? ഞാനില്ല. അവളാണല്ലൊ ഇതു ചെയ്തതു്?

* * * * *

വാദ്ധ്യാർ— കഴുതയെക്കണ്ടിട്ടുള്ള വർ എഴുനേൽക്കട്ടെ.

ഒരു കൊച്ചു കുട്ടിമാത്രം എഴുനേററു.

വാദ്ധ്യാർ—താൻ കഴുതയെ എവിടെ വച്ചു കണ്ടു.

കുട്ടി—പള്ളിയിൽ വച്ചു്

വാദ്ധ്യാർ—പള്ളിയിൽ വച്ചോ? അതവിടെ എന്തിനു വന്നു?

കുട്ടി---പ്രസംഗിക്കാൻ.

വാദ്ധ്യാർ—പ്രസംഗിക്കാനോ? കഴുത പ്രസംഗിക്കുമോ?

കുട്ടി—അതെന്തോ? അയാൾഒരു കഴുതയാണെന്നു് അമ്മ പറയുന്നതു കേട്ടു.

* * * * *

ഒരു കച്ചവടക്കാരൻ തന്റെ മരണപത്രത്തിൽ, തന്റെ ഭാര്യയെ പുനർവിവാഹം ചെയ്യുന്നയാളിനു് ഇരുപതിനായിരം രൂപായിക്കു് അവകാശമുണ്ടായിരിക്കുന്നതാണെന്നു് എഴുതി. അതുകണ്ടു്, അയാളുടെ വക്കീൽ ചോദിച്ചു:—

എന്തുഭ്രാന്താണു് ഇക്കാണിക്കുന്നതു്"

കച്ച—അതു സാരമില്ല. എന്നാലും അവളെ വിവാഹം ചെയ്യാൻ ആളുണ്ടാകയില്ലെന്നെനിക്കറിയാം.

* * * * *

## ചെറുകഥ.

# ദരിദ്രന്റെ ഭാണ്ഡം.

(കെ. വി. കുര്യാക്കോസ്, പിറവം)

എല്ലാ ദരിദ്രന്മാരുടേയും സ്ഥിതി ഇതു തന്നെയാണു്. തന്റെ ജീവിതത്തിലേ ഏക സമ്പാദ്യമായ ഭാണ്ഡവും പേറിക്കൊണ്ടു് വഴിനീളെ അലഞ്ഞു നടക്കുക; എന്നാൽ ദരിദ്രാഗ്രേസരനായ ഈ "രുദ്ര"ന്റെ ഭാണ്ഡത്തിൽ എന്തായിരിക്കാം? അതും അവന്റെ ജീവിതത്തിലേ ഏക സമ്പാദ്യമായിരിക്കാം.

അവൻ നേരെ പോയതു് ഡാക്ടർ ചന്ദ്രശേഖരൻഎം. ബി. ബി. എസ്സ്. അവർകളുടെ ബംഗ്ലാവിലേക്കായിരുന്നു. അവൻ നിശ്ശബ്ദനായി പടി കടന്നു. അവിടെ അവനെ ആരും കണ്ടില്ല! അവൻ നിർബാധം ഡാക്ടരുടെ മുറിയിലെത്തി. ഡാക്ടർ അപ്പോൾ അവിടെ പത്രം വായിച്ചു കൊണ്ടിരിക്കയായിരുന്നു. ഡാക്ടരെ സന്ദർശിച്ചപ്പോൾ രുദ്രന്റെ മുഖം കോപംകൊണ്ടു ചുവന്നു. അവൻ മുറിയിൽ പ്രവേശിച്ചു് ഭാരമേറിയ തന്റെ ഭാണ്ഡം താഴെ വച്ചു. അനന്തരം അല്പനിമിഷംകൊണ്ടു് അവൻ ആ മുറിയുടെ വാതിലും, ജനാലകളും അടച്ചു ബലമായി ബന്ധിച്ചു കഴിഞ്ഞു! ഡാക്ടർ കാര്യമറിയാതെ കുഴങ്ങി.

ക്ഷണനേരം കൊണ്ടു് ആ മുറി മുഴുവൻ ഒരു അന്ധകാരം പരന്നു' ചലിതചിത്തനായി തീൎന്ന ഡാക്ടർ അക്ഷമനായി ചോദ്യം ചെയ്തു. എടാ, നീ എന്തിനിവിടെ വന്നു. ഈ വാതിലുകൾ ബന്ധിക്കുന്നതെന്തിനാണു്? വേഗം വെളിക്കു പൊയ്ക്കൊള്ളുക!"

ഇതിനു മറുപടിയായി അവൻ ഡാക്ടരേ രൂക്ഷമായി ഒന്നു നോക്കുക മാത്രം ചെയ്തു. തദനന്തരം അവൻ തന്റെ ഭാണ്ഡം അഴിക്കുവാൻ തുടങ്ങി. അവന്റെ ബാഹുക്കൾ ശക്തിയായി വിറച്ചുകൊണ്ടിരുന്നു. ഭാണ്ഡം അഴിച്ചു് ആദ്യമായി മിന്നുന്ന ഒരു കഠാരിയാണു് അവൻ പുറത്തെടുത്തതു്. ഇതുകൂടി കണ്ടപ്പോൾ ഡാക്ടരുടെ ശിഷ്ടധൈര്യം ശിഥിലമായി തീൎന്നു. അതു കഴിഞ്ഞു് രുദ്രൻ മററൊരു ചെറിയ ഭാണ്ഡവും കൂടി അഴിച്ചു. ഹാ! ആ ഭാണ്ഡത്തിൽ കുസുമകോമളനായ ഒരു ഓമനക്കുഞ്ഞിന്റെ ശവശരീരമാണു് കാണപ്പെട്ടതു് രുദ്രന്റെ നയനങ്ങളിൽ നിന്നു്, രണ്ടു് ബാഷ്പബിന്ദുക്കൾ ആ ശിശുവിന്റെ മ്ളാനവും, നിർജ്ജീവവുമായ വദനത്തിൽ പതിച്ചു. അശ്രുപ്രവാഹ

---

കപ്പിത്താന്റെശ്രദ്ധ മുഴുവൻ വല്ല ശത്രുക്കപ്പലും തന്നെ അഭിമുഖീകരിക്കുന്നോ എന്നുള്ളതിലായിരുന്നു. വായാടിയായ ഒരു യാത്രക്കാരി അദ്ദേഹത്തിന്റെ അടുത്തു ചെന്നു് എന്തെല്ലാമോ ചോദിച്ചു. അദ്ദേഹം മറുപടിയൊന്നും പറഞ്ഞില്ല. ഒടുവിൽ കപ്പലിന്റെ പുറകെ പറന്നു വരുന്ന ഒരുതരം വെള്ളപ്പക്ഷികളെ നോക്കിക്കൊണ്ടു് ആ സ്ത്രീ ചോദിച്ചു:—

"അവ എവിടെ നിന്നാണു വരുന്നതു്"

"മുട്ടയിൽ നിന്നു്"-എന്നായിരുന്നു മറുപടി.

* * * * *

"നിങ്ങളുടെ ആ വീടു വിററുവോ?"

"ഇല്ല. അതു വിൽക്കുവാൻ എന്റെ കാര്യസ്ഥൻ പത്രത്തിലിട്ട പരസ്യം കണ്ടപ്പോൾ, അങ്ങനെയൊരു വീടാണു ഞങ്ങൾക്കാവശ്യമെന്നു തോന്നി."

* * * * *

"തങ്കം, ഭവതി എന്നെ ഈ ലോകത്തിലേക്കും ഭാഗ്യവാനാക്കി"

"ഈ ലോകത്തിലേ മാത്രമോ? കഴിഞ്ഞ പ്രാവശ്യം എന്നെ വിവാഹം ചെയ്യാമെന്നു സമ്മതിച്ചയാൾ പറഞ്ഞതു്, അയാളെക്കാൾ ഭാഗ്യവാൻ സ്വർഗ്ഗത്തിലുമില്ലെന്നാണു്."

* * * * *

"തങ്കം, നമ്മുടെ വിവാഹകാര്യം രഹസ്യമായിരുന്നു കൊള്ളട്ടെ"

"നാഥാ, അതു പാടില്ല. അങ്ങേതിലെ ലക്ഷ്മിയോടു ഞാൻ പറയും"

"ഉം-അതെന്തിനു്"

"ഒരു കഴുതയും എന്നെ സംബന്ധം ചെയ്യുകയില്ലെന്നു് അവൾ വീരവാദം പറഞ്ഞിട്ടുണ്ടു്."

* * * * *

ഭൃത്യൻ-ഒരു മീശക്കാരൻ യജമാനനെക്കാണുവാൻ വന്നു നിൽക്കുന്നു.

യജ-എനിക്കു മീശ വേണ്ടെന്നു പറയൂ.

* * * * *

വേലക്കാരി-എന്നാലും കൊച്ചമ്മയെ സമ്മതിക്കണം.

കൊച്ചമ്മ-ഉം, എന്താ നീ പറയുന്നതു്.

വേല-യജമാനന്റെ മീശ; അതിന്റെ മുന സൂചിയെക്കാൾ കൂൎപ്പം.

ത്തോടുകൂടി രുദ്രൻ തന്റെ ഓമനകുഞ്ഞിനെ ചുംബിച്ചു?

രുദ്രൻ കഠാരിയുമായി എഴുനേററു. അവൻ ഡോക്ടരെ നോക്കിക്കൊണ്ടു് അലറി—"എടാ ദുഷ്ടാ ഇതാ രണ്ടു സമസ്യഷ്ടങ്ങളുടെ മരണത്തിനു നീ ഉത്തരവാദിയായിരിക്കുന്നു. അതിനു നിന്റെ ഹൃദയരക്തം കുടിച്ചല്ലാതെ ഞാൻ അടങ്ങുകയില്ല. പട്ടിണി മൂലം എന്റെ പ്രിയ ഭാൎയ്യ രോഗാധീനയായി തീൎന്നശേഷം ഞാൻ നിന്റെ അടുത്തുവന്നു്, അവളെ അതിൽനിന്നു രക്ഷിപ്പാൻ എത്ര താണപേക്ഷിച്ചു. എന്നാൽ, ദുഷ്ടാ, നിനക്കു കോഴ നൽകാഞ്ഞതിനാൽ ആ അപേക്ഷയേ നീ നിരസിക്കയും, ആ പുണ്യവതി ഇഹലോകവാസം വെടിയുകയും ചെയ്തു." അവന്റെ കണ്ണുകൾ ബാഷ്പപൂൎണ്ണങ്ങളായി. അവൻ കണ്ഠം ഇടറിക്കൊണ്ടു് തുടൎന്നു.— "അതുകഴിഞ്ഞു. എന്റെ ഏകപുത്രൻ രോഗാതുരനായി തീൎന്നു. അപ്പോഴും ഞാൻ നിങ്ങളുടെ പാദത്തിൽ വീണു് സഹായമഭ്യൎത്ഥിച്ചു. ഹാ! നിങ്ങൾക്കു് അവനേയും രക്ഷിക്കാമായിരുന്നു. എന്നാൽ പണം തരുവാൻ ഞാൻ അപ്രാപ്തനായിരുന്നതിനാൽ അതും നിങ്ങൾ നിരാകരിച്ചു. ഇതാ രണ്ടുമരണത്തിനും നിങ്ങൾ തന്നെയാണു് ഉത്തരവാദി. ഇനിയും നിനക്കീവിധം നിന്റെ കുചേഷ്ടിതങ്ങൾ തുടരുവാൻ സാധിക്കയില്ല.

ഭയചകിതനായ ഡാക്ടരുടെ ഹൃദയം ത്രസിച്ചു. അയാൾ പറഞ്ഞു.— "മരുന്നിനു വില-കൂടുതലാ-ണു്. മാത്രമല്ല ഇപ്പോൾ മരുന്നു കിട്ടുന്നുമില്ല"

ഇതു കേട്ടപ്പോൾ രുദ്രന്റെ കോപാഗ്നി കാളിക്കത്തി. അവൻ അട്ടഹസിച്ചു "എടാ ദുഷ്ടാ, നീ കള്ളം പറയുന്നുവോ? നിനക്കു പത്തുരൂപാ തരണമെന്നല്ലേ നീ ചോദിച്ചതു്?" രുദ്രൻ മുന്നോട്ടു കുതിച്ചു. അവന്റെ കയ്യിലിരുന്ന കഠാരി ഡാക്ടരുടെ ഹൃദയത്തിൽ പാഞ്ഞുകയറി. ഒരു വലിയ നിലവിളിയോടുകൂടി ഡാക്ടർ നിലം പതിച്ചു.

ഡാക്ടരുടെ നിലവിളി കേട്ടു് അനേകം ആളുകൾ അവിടെ കൂടി. അവർ വാതിൽ തുറക്കുവാൻ ബദ്ധപ്പെട്ടു രുദ്രൻ സധീരം വാതിൽ തുറന്നു. അവന്റെ മുഖത്തു് മനശ്ശാന്തിയുടെ ഛായ നിഴലിച്ചു. നിണമണിഞ്ഞ കഠാരിയോടുകൂടിയ രുദ്രനേ കണ്ടു് ആളുകൾ പിന്മാറി.

രുദ്രൻ സാവധാനം തന്റെ പുത്രന്റെ ശവശരീരത്തിനടുത്തിരുന്നു. അവന്റെ മുഖത്തു് അസ്വാസ്ഥ്യത്തിന്റെ ലാഞ്ഛനം പോലുമുണ്ടായിരുന്നില്ല. അവൻ തന്റെ മിന്നുന്ന കഠാരിയെ നോക്കി മന്ദഹസിച്ചു.

അപ്പോഴേക്കും പോലീസുകാരും, വലിയൊരു ജനക്കൂട്ടവും അവിടെ പ്രവേശിച്ചു! അവർ ആദ്യമായി ദർശിച്ചതു് കഠാരി മാറിൽ തറച്ചിരിക്കുന്ന രുദ്രനേയും അഴിഞ്ഞു വിരിഞ്ഞു കിടക്കുന്ന ആ ഭാണ്ഡവും, രുദ്രന്റെ ഓമനപ്പുത്രനേയുമാണു്. അവർ സകരുണം രുദ്രനേ പരിശോധിച്ചു! എന്നാൽ ഹാ! ആ ദരിദ്രൻ ഈ ലോകത്തിലേ തന്റെ ഏകാവലംബമായിരുന്ന അനൎഘഭാണ്ഡത്തേ ഉപേക്ഷിച്ചു് എന്നെന്നേക്കുമായി ഈ ലോകത്തിൽ നിന്നു് അന്തർദ്ധാനം ചെയ്തു കഴിഞ്ഞിരുന്നു.

---

## അറിയിപ്പ്.

ഭാഷാപോഷിണിയുടെ തെക്കൻ തിരുവിതാംകൂറിലെ ഓർഗനൈസർ ആയി മി: പി. വി. നാരായണപിള്ളയെ (രത്നമന്ദിരം, നെയ്യാററുങ്കര) നിയമിച്ചിരിക്കുന്നു.

മാനേജർ

## * അപേക്ഷ!

(എൻ. ജി. നായർ, ഇടപ്പള്ളി)

കാററു വീശുകയായി ഞാനെന്റെ,
ഗാനങ്ങളാൽ
ഓടുപാവിടത്തുകയാണു,നീയമരത്തിൽ
വാഴുകനിയന്താവേ!മാമകച്ചെറുതോണി
വാതവാരികൾ തന്റെ താളമൊത്താ
ടീടുവാൻ—
സ്വാതന്ത്ര്യ ലബ്ധിക്കായി ക്ലേശിക്കയാ,
ണിപ്പോഴോ
സായഹ്നമായിപ്പോയി, പകലും കഴി
ഞ്ഞുപോയ്!
തീരാത്തുനിന്നീടുമെൻ തോഴരും പിരി—
ഞ്ഞുപോയ്.
താരകപ്രദീപ്തിയിലാണുനാം ചരിപ്പതും,
നങ്കൂരമെടുത്തു,ാലു, മിപ്പൊഴുതെൻ വേർ
പാടിൽ,
സംഗീതാരമമായിട്ടിളകിയിളംകാററും.
മാമകനിയന്താവേ! തോണിതൻ തല
യ്ക്കലാ—
യമരം സൂക്ഷിച്ചും കൊണ്ടാവസിക്കുക
ഭവാൻ.

---

* ടാഗോർ

ശ്രീ. പൊൻകുന്നം വി. ഏ. വൎക്കി അവൎകളുടെ
രണ്ടു മനോഹരകൃതികൾ.

### വികാരസദനം

വികാരോത്തേജകങ്ങളായ ചെറുകഥകൾ, ജീവിതയാത്രയിലെ അസുലഭങ്ങളായ വിശ്രമമന്ദിരങ്ങൾ. അവതാരിക പി. ശങ്കരൻനമ്പ്യാർ അവർകൾ എം. എ., ഇംഗ്ലീഷ് മട്ടിൽ കവർ ചിത്രങ്ങളോടുകൂടിയതു്.

വില രൂപാ 1—0—0

### തിരുമുൽക്കാഴ്ച

ഹൃദയത്തെ വിളിച്ചുണൎത്തിച്ചിന്തിപ്പിക്കുന്ന സുന്ദരങ്ങളായ ഗദ്യകവിതകൾ. അവതാരിക മഹാകവി ഉള്ളൂർ.

വില രൂപാ 1—0—0

മേൽവിലാസം,

കെ. വി. ജോസഫ്, കട്ടപ്പുറത്തു്,

പൊൻകുന്നം A. O. കാഞ്ഞിരപ്പള്ളി P. O.

# 3-ാംഫാറം ഇംഗ്ലീഷ് പാഠസാഹ്യം

ഇക്കൊല്ലത്തെ തേഡ്ഫോറം പബ്ളിക്ക് പരീക്ഷയ്ക്കുള്ള ഇംഗ്ലീഷ് പാഠ്യപുസ്തകങ്ങളായ First lessons in English, Reader III· Stories for young folks, Somayaju എന്നിവയുടെ വിശദവും സുലളിതവുമായ വ്യാഖ്യാനങ്ങളും ചോദ്യോത്തരങ്ങളും, സാരവും മററും അടങ്ങിയിട്ടുള്ള സംപൂർണ്ണപാഠസാഹ്യം തയ്യാറായിരിക്കുന്നു.

വളരെക്കാലത്തെ അദ്ധ്യാപനപരിചയമുള്ള ദേഹവും S. A. T. കോളേജ് പ്രിൻസിപ്പാളുമായ മി. പി. എം. മാത്യു ബി. ഏ. എഴുതിയിട്ടുള്ള ഈ ഗ്രന്ഥത്തിനു വില 4 ണ. മാത്രം.

## സമ്മാനം – സൗജന്യം – പ്രോൽസാഹനം.

നിങ്ങളുടെ ക്ലാസ്സിലേക്കു 20 പുസ്തകം ഒരുമിച്ചെടുക്കുന്നപക്ഷം പത്തിനു രണ്ടു വച്ചുള്ള കമ്മീഷൻ കൂടാതെ ഒരു രൂപാ വിലയുള്ളതും ഇംഗ്ലീഷ് മട്ടിൽ കട്ടിബയൻറു ചെയ്തിട്ടുള്ളതുമായ "ഭാരതീയകഥകൾ" എന്ന പുസ്തകവും 10 പുസ്തകമെടുക്കുകയാണെങ്കിൽ കമ്മീഷനു പുറമെ 8 ണ വിലയുള്ള "അൽഭുതദ്വീപിലെ ഐന്ദ്രജാലികൻ" എന്ന നോവലും സമ്മാനമായി അയച്ചുതരുന്നതാണ്.

ഒററപ്രതി ആവശ്യമുള്ളവർ 4 ണയ്ക്ക് സ്റ്റാമ്പയക്കുക. മുൻകൂർ പണമടച്ച് ആവശ്യപ്പെട്ടാൽ അഞ്ചൽചെലവ് ഞങ്ങൾ വഹിക്കുന്നതാണ് നിങ്ങളുടെ ക്ലാസ്സിലേക്ക് എത്ര പുസ്തകം വേണമെന്ന് ഇന്നുതന്നെ എഴുതുക.

മാനേജർ, കേരളപബ്ളിഷിംഗ് കമ്പനി, പുളിക്കീഴ്—തിരുവല്ലാ.


മലയാളം ഫ

ഇനി

ഫൻറം—

NEW MET

# THE BHASHAPOSHINI, TIRUVALLA.

THE OLDEST AND THE MOST WIDELY CIRCULATED

ILLUSTRATED MONTHLY ON THE WEST COAST.

# തയ്യാർ.

ഒരിഞ്ചു വലിപ്പമുള്ള വിസിററിംഗ്കാർഡ് മുതൽ വലിയ വത്തമാനപ്പത്രങ്ങൾ വരെയുള്ള
ഏതുതരം അച്ചടിവേലകളും ചെയ്‌വാൻ തയ്യാർ. വാൾപോസ്റ്റേഴ്സ് അഥവാ
വലിയ ഭിത്തിപ്പരസ്യങ്ങൾ ഏററവും കുറഞ്ഞ ചാർജിൽ ചെയ്തുകൊടുക്കുന്നു.

# ഭാഗ്യോദയം